കേരളാ ടൈംസ്

ഫൊക്കാനാ കേരളാ കൺവെൻഷൻ സപ്ലിമെന്റ്

AUGUST 2025 | WWW.KERALATIMES.COM | news@keralatimes.com

ഫൊക്കാന കേരള കൺവൻഷൻ 2025: കോട്ടയത്ത് പ്രൗഢഗംഭീര തുടക്കം, ലോകമലയാളികളുടെ സംഗമമാകുന്നു.

കോട്ടയം: ലോകമലയാളികളുടെ ഏറ്റവും വലിയ സംഗമമായ ഫൊക്കാനയുടെ കേരള കൺവൻഷൻ 2025 ന് കോട്ടയത്തെ കുമരകത്ത് പ്രൗഢഗംഭീര തുടക്കം. ഗോകുലം ഗ്രാൻഡ് ഫൈവ് സ്റ്റാർ റിസോർട്ടിൽ ഡോ. എം. അനിരുദ്ധൻ നഗറിൽ സംഘടിപ്പിച്ച കൺവൻഷൻ ശിങ്കാരിമേളത്തോടുകൂടിയ ഘോഷയാത്രയോടെയാണ് ആരംഭിച്ചത്. ഫൊക്കാനയുടെ സ്ഥാപക പ്രസിഡന്റ് ഡോ. എം. അനിരുദ്ധനും മുതിർന്ന രാഷ്ട്രീയ നേതാവ് വി.എസ്. അച്യുതാനന്ദനും അനുസ്മരിച്ചുകൊണ്ട് ലഹരിക്കെതിരെയുള്ള സന്ദേശവുമായാണ് കൺവൻഷൻ ആരംഭിച്ചത്.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുടെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന ചടങ്ങ് സംസ്ഥാന മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. നേതാക്കന്മാരായ വി.ഡി. സതീശൻ, കെ.എൻ. ബാലഗോപാൽ, കെ. രാജൻ, റോഷി അഗസ്റ്റിൻ, എംപിമാരായ കെ.സി. വേണുഗോപാൽ, ജോസ് കെ. മാണി, ഫ്രാൻസിസ് ജോർജ്, എം.എൽ.എമാരായ രമേശ് ചെന്നിത്തല, റോജി ജോൺ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അടൂർ ഗോപാലകൃഷ്ണൻ, മജീഷ്യൻ ഗോപിനാഥ് മുതുകാട്, മജീഷ്യൻ സാമ്രാജ്, കേരള മനോരമയുടെ ജോസ് പനച്ചിപ്പുറം, ഫാ. ഡേവിസ് ചിറമ്മൽ തുടങ്ങിയ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു. യു.കെ.എം.എ. ദേശീയ പ്രസിഡന്റ് അഡ്വ. എബി സെബാസ്റ്റ്യനും ചടങ്ങിൽ അണിനിരന്നു.



ചടങ്ങിൽ ഫൊക്കാനയുടെ ഭാരത ശ്രേഷ്ഠ പുരസ്കാരം പ്രശസ്ത സംവിധായകൻ അടൂർ ഗോപാലകൃഷ്ണന് സമ്മാനിച്ചു. കൺവൻഷൻ നടക്കുന്ന സ്ഥലത്തിന് ഫൊക്കാനയുടെ സ്ഥാപക നേതാവായ ഡോ. എം. അനിരുദ്ധന്റെ സ്മരണയ്ക്ക് 'ഡോ. എം. അനിരുദ്ധൻ നഗർ' എന്ന പേര് നൽകിയിട്ടുണ്ട്. ഡെലിഗേറ്റ്സ് രജിസ്ട്രേഷനോടെയാണ് കൺവൻഷൻ ഔപചാരികമായി ആരംഭിച്ചത്. മൂന്ന് ദിവസം നീളുന്ന കൺവൻഷൻ ശാസ്ത്രം, സാഹിത്യം, സംസ്കാരം, ബിസിനസ് മേഖലകളിൽ മികച്ച സംഭാവന നൽകിയവരെ ആദരിക്കും.

വ്യത്യസ്ത സെമിനാറുകളും ചർച്ചകളുമാണ് കൺവൻഷന്റെ പ്രധാന ആകർഷണങ്ങൾ. ഭാഷയ്ക്കൊരു ഡോളർ പദ്ധതിയും വിമൻസ് ഫോറം സെമിനാറുകളും സ്കോളർഷിപ്പ് വിതരണവും മാധ്യമ സംവാദങ്ങളും പരിപാടിയുടെ ഭാഗമാണ്. ശബരി ഹാളിൽ നടക്കുന്ന സാഹിത്യ സെമിനാറും ബിസിനസ് സെമിനാറും നിരവധി ചിന്തകരെ ഉൾക്കൊള്ളുന്നു.
സാംസ്കാരിക പരിപാടികൾക്ക് നടിയും നർത്തകിയുമായ സരയൂ മോഹൻ നേതൃത്വം നൽകുന്നു. ഡാൻസറും അവതാരികയുമായ അമല റോസ് കുര്യൻ, ഗായകരായ ജോബി, അഭിജിത് കൊല്ലം, ബേബി മിയ തുടങ്ങിയവരുടെ സംഗീത പരിപാടികൾ അരങ്ങേറുന്നു. കേരളത്തിലെ പ്രമുഖ കാർട്ടൂണിസ്റ്റുകൾ ലൈവ് കാരിക്കേച്ചറുമായി പരിപാടിയിൽ നിറഞ്ഞു നിൽക്കുന്നു.

സമാപന ദിനമായ ഓഗസ്റ്റ് 3ന് ഹൗസ്ബോട്ട് യാത്രയും വിഭവസമൃദ്ധമായ ഭക്ഷണവുമായ അനുഭവം കാത്തിരിക്കുന്നു. 400ലധികം പേരെ ഒരേ സമയം ഉൾക്കൊള്ളാവുന്ന സുരക്ഷിതമായ യാത്രയാണ് ഒരുക്കിയിരിക്കുന്നത്. പ്രമുഖ മിമിക്രി കലാകാരനും ഗായകനുമായ രാജേഷ് അടിമാലി ബോട്ടിൽ പ്രത്യേക കലാപരിപാടിയുമായി പങ്കെടുക്കും.

ഫൊക്കാനയുടെ പ്രധാന നേതൃത്വം ഉൾപ്പെടെ നിരവധി നേതാക്കന്മാർ കൺവൻഷനെ അണിനിരന്നു നയിക്കുന്നു. സജിമോൻ ആന്റണി (പ്രസിഡന്റ്), ശ്രീകുമാർ ഉണ്ണിത്താൻ (സെക്രട്ടറി), ജോയി ചാക്കപ്പൻ (ട്രഷറർ), പ്രവീൺ തോമസ്, വിപിൻ രാജു, മനോജ് ഇടമന, ജോൺ കല്ലോലിക്കൽ, മില്ലി ഫിലിപ്പ്, രേവതി പിള്ള, ജോജി തോമസ്, ജോയി ഇട്ടൻ, ഡോ. ലൂക്കോസ് മണ്ണയോട്ട്, തോമസ് തോമസ് തുടങ്ങിയവരാണ് കൺവൻഷന്റെ വിവിധ ഘടകങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ഈ കൺവൻഷൻ കേരളത്തിലേക്കും ലോകമലയാളികളുടെ കൂട്ടായ്മയിലേക്കും പുതിയ ശക്തിയും ആത്മവിശ്വാസവും പകർന്നുകൊടുക്കുന്നുവെന്ന് എല്ലാവരും വിശ്വസിക്കുന്നു.









FOKANA 2025

FOKANA CONVENTION 2025

ടൂറിസം സെമിനാർ 13-ന് നടത്തപ്പെടും കടമക്കുടിക്കാർ കാത്തിരിക്കുന്നു...


- **ടൂറിസത്തിനൊപ്പം ദ്വീപുകളുടെ സമഗ്രവികസനവും**
- **ടൂറിസം രംഗത്തെ വിദഗ്ധരും സംരംഭകരും പങ്കെടുക്കും**
- **മാസ്റ്റർപ്ലാൻ സെമിനാറിൽ രൂപപ്പെടുത്തും**

കടമക്കുടി : കടമക്കുടിയുടെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള അന്താരാഷ്ട സെമിനാർ കടമക്കുടിയുടെ സമഗ്രവികസനത്തിനു കൂടി വഴിതുറക്കുമെന്ന പ്രതീക്ഷയിൽ ദ്വീപുനിവാസികൾ. ദ്വീപുകളുടെ ടൂറിസം സാധ്യതകൾ പരി പോഷിപ്പിക്കുന്നതിനൊപ്പംതന്നെ, പശ്ചാത്തലസൗകര്യ വികസനമുൾപ്പെടെയുള്ള കാര്യങ്ങളിൽ നേട്ട മുണ്ടാകുമെന്നും അവർ പ്രതീക്ഷിക്കുന്നുണ്ട്. ദ്വീപുകളുടെ സ്വാഭാവികമായുള്ള സൗന്ദര്യത്തിന് ക്ഷത മേൽക്കാതെയുള്ള വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ കൂടുതൽ സഞ്ചാരികളെ യും സംരഭകരെയും ആകർഷിക്കാനാകും. കൂടുതൽ തൊഴിലവസരങ്ങൾ തങ്ങൾക്കായി സൃഷ്ടിക്ക പ്പെടുമെന്ന പ്രതീക്ഷയും ദ്വീപുനിവാസികൾ പങ്കുവയ്ക്കുന്നുണ്ട്.

കൂടുതൽ സഞ്ചാരികളും പുതിയ സംരഭകരും എത്തുന്നതോടെ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള ദ്വീപുകളുടെ അടിസ്ഥാന വികസനത്തി ന് വഴിയൊരുക്കപ്പെടുമെന്ന പ്രതീക്ഷയുമുണ്ടവർ ക്ക്. 'കടമക്കുടി- വാലി ഓഫ് ഹെവൻ' എന്ന് പേ രിട്ടിരിക്കുന്ന സെമിനാർ 13-ന് കോതാട് നിഹാര റി സോർട്ടിൽവച്ചാണ് നടക്കുന്നത്.

രാവിലെ 9 മുതൽ വൈകീട്ട് 6 വരെ നടക്കുന്ന സെമിനാറിൽ ടൂറിസം രംഗത്തെ വിദഗ്ധരും സംരംഭകരും പങ്കെടുക്കുന്നുണ്ട്. ടൂറിസം രംഗത്തുള്ള വിവിധ ഏജൻസികളെ പ്രതിനിധാനം ചെയ്യുന്നവരും സെമിനാറിനെത്തുന്നുണ്ട്.

പഞ്ചായത്തല സൗകര്യവികസനമൊരുക്കി കടമക്കുടിയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായുള്ള മാസ്റ്റർ പ്ലാൻ സെമിനാറിൽ രൂപപ്പെടുത്തും.















കടമക്കുടിയെ ചുറ്റിയുള്ള യാത്ര

പുറമേ നിന്നുമെത്തുന്ന വിനോദസഞ്ചാരികൾ ക്കും സംരംഭകർക്കും ദ്വീപുകളുടെ മനോഹാരിതയെ പരിചയപ്പെടുത്തുന്നതിനായി കടമക്കുടിയെ ചുറ്റിയുള്ള യാത്രയും 12-ന് ഒരുക്കിയിട്ടുണ്ട്. കടമക്കുടി കാഴ്ചകൾക്ക് തുടക്കംകുറിച്ചുകൊണ്ട് ബോൾഗാട്ടി റോറോ ജെട്ടിയിൽ രാവിലെ 10-ന് വ്യവസായവകുപ്പു മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു . തുഴച്ചിലുകാർക്കു പങ്കായം നൽകുകയും ഫ്ലാഗ് ഓഫ് നൽകി ബോട്ട് യാത്രയ്ക്ക് തുടക്കമിടും ചെയ്തു. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കെ.എൻ. ഉണ്ണികൃഷ്ണൻ എംഎൽഎ മുഖ്യാതിഥിയായി, .തുടർന്ന് ഫൊക്കാനയുടെ മുൻ പ്രസിഡന്റും കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറുമായ ശ്രീ പോൾ കറുകപ്പിള്ളിൽ അമേരിക്കയിലുള്ള മലയാളികൾക്ക് കടമക്കുടിയെ പരിചയപ്പെടുത്താൻ കേരളടൈംസ് പാത്രത്തിൽ ഒരു പേജ് അടങ്ങുന്ന വാർത്തയും നൽകുമെന്ന് ഉറപ്പുനൽകി . അതിനുശേഷം കടമകുടിയിലെ വിവിധ ദ്വീപുകളിലേക്കുള്ള ജലയാത്ര നടന്നു .

കടമക്കുടിയുടെ തനതുവിഭവങ്ങൾ രുചിച്ചറിയുന്നതിനായുള്ള സൗകര്യവും ഇതോടൊപ്പം ഒരുക്കിയിട്ടുണ്ട്.വൈപ്പിൻ മണ്ഡലത്തിന്റെ പൊതുവായ ടൂറിസം സാധ്യതകൾ കൂടി പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള തീരുമാനങ്ങൾ കടമക്കുടിസംഗമത്തിലുണ്ടാകുമെന്നും ദ്വീപുകളുടെ പ്രകൃതിരമണീയതയ്ക്ക് കോട്ടം തട്ടാതെയുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുകയെന്നും സംഗമത്തിന് നേതൃത്വം നൽകുന്ന കെ.എൻ. ഉണ്ണികൃഷ്ണൻ എംഎൽഎ പറഞ്ഞു. ഓരോ ദ്വീപുകളുടെയും പ്രത്യേകതകളും സാധ്യതകളും പ്രയോജനപ്പെടുത്തുന്നതോടൊപ്പം കടമക്കുടിയുടെ പ്രത്യേക വിഭവങ്ങളും കാർഷിക പെരുമയുമൊക്കെ ഇവിടെയെത്തുന്നവരെ പരിചയപ്പെടുത്തും. ദ്വീപുനിവാസികൾക്ക് വരുമാനമാർഗം ലക്ഷ്യമിട്ടുള്ള പദ്ധതികളും രൂപപ്പെടുത്തും.

കടമക്കുടി ബ്രാൻഡിൽ ദ്വീപുകളിലെ തനത് ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള ശ്രമങ്ങളും ഇതിന്റെ ഭാഗമായിട്ടുണ്ടാകും. കടമക്കുടിയിലെ എല്ലാ ദ്വീപുകളിലും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള സാധ്യതകളാണുള്ളത്. നിലവിൽ മൂന്നോ നാലോ ദ്വീപുകളിൽ മാത്രമാണ് ആ നിലയിൽ സഞ്ചാരികൾ എത്തു ന്നുള്ളൂ. മറ്റു ദ്വീപുകളിലേക്കുകൂടി സഞ്ചാരികളെ ആകർഷിക്കുന്നതിനായുള്ള പ്രത്യേക പദ്ധതികളെകുറിച്ചും സെമിനാറിൽ ചർച്ചചെയ്ത് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനാണ് ലക്ഷ്യമിടുന്നത്.

FOKANA CONVENTION 2025









മാർ ക്രിസോസ്റ്റം സ്മാരക ചിത്ര പ്രദർശനം ഫോകാനാ കൺവെൻഷനിൽ അടൂർ ഗോപാലകൃഷ്ണൻ ഉത്ഘാടനം ചെയ്തു.

കോട്ടയം: മാർ ക്രിസോസ്റ്റത്തിന്റെ ദർശനങ്ങൾ കാലത്തിനു അതീതമായിരുന്നു എന്നു ചലച്ചിത്ര സംവിധായകൻ പത്മ വിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ അഭിപ്രായപ്പെട്ടു. കുമരകം ഗ്രാൻഡ് റിസോട്ടിൽ ഫൊക്കാനയുടെ കേരളാ കൺവൻ ഷനിൽ, തിരുവല്ല വൈ എം സി ഐ വികാസ് സ്കൂൾ നടത്തിയ മാർ ക്രിസോസ്റ്റം മെമ്മോറിയൽ ചിത്ര പ്രദർശനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ ഫോകാനാ മുൻ പ്രസിഡന്റ് ജോർജി വർഗീസ് അദ്ധ്യക്ഷത വഹിച്ചു . ഫൊക്കാന പ്രസിഡന്റ് ഡോ.സജിമോൻ ആന്റണി മുഖ്യ പ്രഭാഷണം നടത്തി. ഡോ. മാമൻ സി ജേക്കബ് , ദിനേശ് പണിക്കർ, ജോസ് പനച്ചിപ്പുറം, തിരുവല്ല വൈ എം സി എ സെക്രട്ടറി ജോയി ജോൺ, അഡ്വ. വർഗീസ് മാമൻ എന്നിവർ ആശംസകൾ നേർന്നു. ഫോകാനാ മുൻ പ്രസിഡന്റ് പോൾ കറുകപ്പിള്ളിൽ ആദ്യ ചിത്രം ഏറ്റു വാങ്ങി.



FOKANA CONVENTION 2025

സ്മരണകളിൽ എം.കെ. സാനു മാസ്റ്റർ: ഫൊക്കാന മുൻ പ്രസിഡന്റ് പോൾ കറുകപ്പിള്ളിൽ ആദരാഞ്ജലികൾ അർപ്പിച്ചു.



കൊച്ചി • പ്രശസ്ത സാഹിത്യകാരനും അധ്യാപകനുമായ എം.കെ. സാനു മാസ്റ്റ റുടെ വിയോഗത്തിൽ അമേരിക്കൻ മലയാളികളുടെ പ്രതിനിധിയായി ഫൊക്കാനയുടെ മുൻ പ്രസിഡന്റും കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറുമായ ശ്രീ പോൾ കറുകപ്പിള്ളിൽ കൊച്ചിയിൽ എത്തി ആദരാ ഞ്ജലികൾ അർപ്പിച്ചു.

കൊച്ചി ടൗൺഹാളിൽ നടന്ന പൊതുദർശനത്തിൽ ആയിരക്കണക്കിന് ആളു കൾ പങ്കെടുത്തു. സാഹിത്യലോകത്തും വിദ്യാഭ്യാസരംഗത്തും സാനു മാസ്റ്റർ നൽകിയ അമൂല്യമായ സംഭാവനകൾ ഓർത്തു പലരും നിസ്സംഗതരായി .
പുസ്തക ങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും തലമുറകളെ പ്രചോദിപ്പിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹം. മനുഷ്യസ്നേഹവും വിനയവും നിറഞ്ഞ ജീവിതം നയിച്ച സാനു മാസ്റ്റർ, മലയാള ഭാഷക്കും സാഹിത്യത്തിനും നൽകിയ സംഭാവനകൾ എന്നും അനശ്വരമായി നിലനിൽക്കും.

സാഹിത്യപ്രേമികളും ഭാഷാരംഗത്തെ പ്രവർത്തകരും പൊതുജനങ്ങളും ചേർന്ന് അദ്ദേഹത്തിന് അവസാന യാത്രയയപ്പ് നൽകി. നിരവധി പ്രമുഖർ അദ്ദേഹ ത്തിന്റെ കൃതികളുടെയും വ്യക്തിത്വത്തിന്റെയും മഹത്വം അനുസ്മരിച്ചു.
കാലാതീതമായ ആശയങ്ങളും ഉയർന്ന മൂല്യങ്ങളും തലമുറകൾക്ക് കൈമാറിയ മഹാനായ ഗുരുവിനെ നഷ്ടപ്പെട്ടതിൽ കേരളം ദുഃഖത്തിലാഴ്ന്നിരിക്കുകയാണ്. അദ്ദേഹത്തിന്റെ വിദ്യാർത്ഥികളും സഹപ്രവർത്തകരും 'ജീവിതത്തിൽ മാതൃക യായ ഗുരുവിനെ നഷ്ടപ്പെട്ടുവെന്നു' കണ്ണീരോടെ പ്രതികരിച്ചു.

പൊതുദർശനം കഴിഞ്ഞ്, അദ്ദേഹത്തിന്റെ ശുശ്രൂഷകൾ ഭക്തിപൂർവ്വം നടന്നു. ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും അദ്ദേഹം പാലിച്ച ലാളിത്യവും സത്യനി ഷ്ഠയും ഇന്നും എല്ലാവർക്കും പ്രചോദനമാണ്.

ദ്വീപുകളുടെ സമഗ്ര ടൂറിസം വികസനം: അന്താരാഷ്ട്ര സെമിനാർ കടമക്കുടിയിൽ; ബോൾഗാട്ടി പാലസിൽ നടന്ന ആലോചന യോഗം കെ.എൻ. ഉണ്ണികൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു



കടമക്കുടി: വൈപ്പിന് നിയോജക മണ്ഡലത്തിലെ ടൂറിസം സാധ്യതകള് പരമാവധി പ്രയോജനപ്പെടുത്താന് ലക്ഷ്യമിട്ട് അന്താരാഷ്ട്ര സെമിനാര് സംഘടിപ്പിക്കും. കടമക്കുടി, വാലി ഓഫ് ഹെവന് എന്നു പേരിട്ടിരിക്കുന്ന സെമിനാര് ഈ മാസം 13-നു കോതാട് നിഹാര റിസോര്ട്ടില് വച്ചു നടക്കും. ടൂറിസം മേഖലയി നിന്നുള്ള സംരഭകരും വിദ്ഗദരും സെമിനാറില് പങ്കെടുക്കും.

പതിനാലു ദ്വീപുകളുടെ സമൂഹമായ കടമക്കുടിയുടെയും വൈപ്പിന്കരയുടെയും വിനോദ സഞ്ചാര സാധ്യതകളെയും നടപ്പിലാക്കേണ്ട പദ്ധതികളെയും കുറിച്ചുള്ള സമഗ്രമായ മാസ്റ്റര് പ്ലാനിനു സെമിനാറില് രൂപകല്പന ചെയ്യും. ദ്വീപുകളുടെ സാധ്യതകളും പ്രത്യേകതകളും പുറംലോകത്തേക്ക് എത്തിക്കുന്നതിനായുള്ള വൈവിധ്യമാര്ന്ന പദ്ധതികളും ആവിഷ്ക്കരിക്കും. ബോള്ഗാട്ടി പാലസില് നടന്ന ആലോചന യോഗം കെ.എന്. ഉണ്ണികൃഷ്ണന് എംഎല്എ ഉദ്ഘാടനം ചെയ്തു.





കടമക്കുടി പഞ്ചായത്ത് പ്രസിഡന്റ് മേരി വിന്സന്റ് അധ്യക്ഷത വഹിച്ചു. ടൂറിസം ജോയിന്റ് ഡയറക്ടര് ഗിരീഷ്, ഡപ്യൂട്ടി ഡയറക്ടര് ജി. ശ്രീകുമാര്, ഡിടിപിസി സെക്രട്ടറി ലിജു ജോസഫ്, ജസ്റ്റീസ് ദിനേശന്, കെ.എസ്. പ്രസാദ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമന്, പഞ്ചായത്തു പ്രസിഡന്റുമാരായ നീതു ബിനോദ്, മിനി രാജു, രസികല പ്രിയരാജ്, മാതൃഭൂമി ലേഖകന് കെ.വി. രാജശേഖരന്, ഫൊക്കാനയുടെ മുൻ പ്രസിഡന്റും , കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറുമായ ശ്രീ പോള് കറുകപ്പിള്ളില് തുടങ്ങിയവര് പ്രസംഗിച്ചു.ദ്വീപുകളുടെ നൈസര്ഗികമായ സൗന്ദര്യവും അനന്ത സാധ്യകളും അനുയോജ്യമായ രീതിയില് വിനിയോഗിക്കപ്പെടാന് ലക്ഷ്യമിട്ടാണ് ഇന്റര്നാഷ്ണല് സെമിനാര് സംഘടിപ്പിച്ചിട്ടുള്ളതെന്നു കെ.എന്. ഉണ്ണികൃഷ്ണന് എംഎല്എ പറഞ്ഞു.

താരിഫ് യുദ്ധം: ഇന്ത്യ–യുഎസ് ബന്ധം തളരുന്നു; മോദി മറുപടി പറയണമെന്ന് കോൺഗ്രസ്.



ന്യൂഡൽഹി : അമേരിക്കയുടെ തീരുവ (ടാരിഫ്) പോളിസിക്കു പിന്നാ ലെ ഇന്ത്യയുമായുള്ള ബന്ധം വഷളായിട്ടുണ്ടെന്നു കോൺഗ്രസ് നേതാവ് ജയറാം രമേശ് ആരോപിച്ചു. വിദേശകാര്യ മന്ത്രാലയം പുറത്തുവിട്ട പ്രസ്താവന തന്നെ ഇക്കാര്യം വ്യക്തമാക്കുന്ന താണെന്നും അദ്ദേഹം പറഞ്ഞു.

അമേരിക്കയുമായുള്ള ബന്ധത്തിന് ഇന്ത്യ വലിയ വില നല്കേണ്ടിവരുമെന്ന രാഷ്ട്രപതി ഡോണള്ഡ് ട്രംപിന്റെ പരാമര് ശങ്ങള്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി മറുപടി പറയണമെന്നും കോൺഗ്രസ് ആവശ്യപ്പെട്ടു.

ഇന്ത്യക്ക് ഏറ്റവും വലിയ വെല്ലുവിളികളായി ചൈന, അമേരിക്ക, പാക്കിസ്ഥാന് തുടങ്ങിയ രാജ്യങ്ങള് മാറിയിരിക്കുന്നതായും ഇന്ത്യ–പാക്കിസ്ഥാന് സംഘര്ഷത്തില് മധ്യസ്ഥത വഹിച്ചെന്ന് ട്രംപ് ആവര്ത്തിച്ച് പറഞ്ഞതായും ജയറാം രമേശ് ഓര്മിപ്പിച്ചു.

"ട്രംപ് ഇതുവരെ 30ലധികം തവണ മധ്യസ്ഥത പ്രയോഗത്തെ കുറിച്ച് പറയുകയും ചെയ്തു. എന്നാല് പ്രധാനമന്ത്രി മോദി ഇതുവരെ മറുപടി നല്കിയിട്ടില്ല," എന്നും അദ്ദേഹം വിമര്ശിച്ചു.



Our service areas:

1. Periodic visit
2. Regular House/flat check
3. Damage reporting with photos/ videos
4.General maintenance
5.Weekly/Monthly cleaning
6. Weed clearing
7. Pest Control
8. Paying utility bills (Tax, broadband, electricity, water,DTH,gas,cctv)
9. Renovation works
10. Plot clearing and facility management
11. Rental/ sale assistance

Our services are provided in and around Cochin, Kottayam, Alapuzha, Pathanamthitta and Trivandrum.

For more details contact us on +919778349100

നിങ്ങളുടെ അടഞ്ഞുകിടക്കുന്ന വീടോ പ്ലാറ്റോ സ്ഥലമോ നോക്കാൻ ആളില്ലാതെ വിഷമിക്കുകയാണോ?
എങ്കിൽ പ്രോപ്പർട്ടി മാനേജ്മെന്റ് ടീമിനെ ഏൽപ്പിക്കൂ
നിങ്ങൾക്ക് ആവശ്യമായിട്ടുള്ള എല്ലാ സേവനങ്ങളും ചെയ്തുതരും
ഫോൺ- 9778349100

ടെക്സസ് ക്രിസ്ത്യൻ യൂണിവേഴ്സിറ്റി സൗജന്യ ട്യൂഷൻ പ്രഖ്യാപിച്ചു

ടെക്സാസ് :ടെക്സസ് ക്രിസ്ത്യൻ യൂണിവേഴ്സിറ്റി (ടിസിയു) ടെക്സാസിലെ അർഹരായ വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ പ്രഖ്യാപിച്ചു. 2026 അധ്യയന വർഷം മുതൽ, 'ടിസിയു ഫോർ ടെക്സൻസ്' എന്ന പുതിയ പദ്ധതിയിലൂടെ യോഗ്യരായ ബിരുദ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് പൂർണ്ണമായും സൗജന്യമായിരിക്കും. ഇതിനുപുറമെ, ഭക്ഷണം, താമസം എന്നിവയ്ക്കുള്ള സാമ്പത്തിക സഹായവും ലഭിക്കും.

വാർഷിക വരുമാനം 70,000 ഡോളറിൽ താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ള, pell grants-ന് അർഹതയുള്ള ടെക്സസ് നിവാസികളായ ആദ്യവർഷ ബിരുദ വിദ്യാർത്ഥികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്കായി ടിസിയുവിന്റെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

FOKANA CONVENTION 2025

ലിംഗസമത്വം വാക്കിൽ മാത്രമല്ല പ്രവൃത്തിയിലുമുണ്ടെന്ന് തെളിയിച്ച് ഫൊക്കാന കേരളാ കൺവൻഷൻ



ലിംഗസമത്വം വാക്കിൽ മാത്രമല്ല പ്രവൃത്തിയിലുമുണ്ടെന്ന് തെളിയിച്ചിരിക്കുകയാണ് ഫൊക്കാന കേരള കൺവൻഷൻ. ഫൊക്കാനയുടെ ശക്തമായ ഫോറങ്ങളിൽ ഒന്നാണു ഫൊക്കാനയുടെ വനിതാ ഫോറം എന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി വിശേഷിപ്പിച്ചത്.അതുകൊണ്ടുതന്നെ വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ളയെ പ്രസിദ്ധ സിനിമാതാരം ദിനേശ് പണിക്കർ ആദരിക്കുകയും ചെയ്തു.


. 250 വനിതാ അംഗങ്ങളാണ് 10 റീജിയനുകളിലായി ഫൊക്കാനയുടെ വിമൻസ് ഫോറത്തിലുള്ളത്.വിദ്യാർത്ഥികളുടെ ജീവിതത്തിന് അടിത്തറ നൽകുന്ന സ്കോളർഷിപ്പ് വിതരണത്തെ വിമൻസ് ഫോറം സെമിനാര് ഉദ്ഘാടനം ചെയ്ത ചലച്ചിത്രതാരം ദിനേശ് പണിക്കർ അഭിനന്ദിച്ചു.അടുത്ത തലമുറയിലും ഇത്തരം താല്പര്യങ്ങൾ വളർത്തിയെടുക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

നിലവിലെ പ്രസിഡന്റ് സജിമോൻ ആന്റണിയുടെ പത്നി ഷീന സജിമോനെ ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ അഭിനന്ദിച്ചു . ഭർത്താക്കന്മാർ സംഘടനാ പ്രവർത്തനം നടത്തുമ്പോൾ ഭാര്യമാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ മന്ത്രി എടുത്ത് പറയുക ഉണ്ടായി .മുൻ പ്രസിഡന്റ് ജോജി വർഗീസിന്റെ പത്നി ഷീല വർഗീസിനേയും മന്ത്രി കെ എൻ ബാലഗോപാൽ പൊന്നാട അണിയിച്ചു. ട്രഷർ തോമസ് തോമസിന്റെ പത്നി ഡെയ്സി തോമസിനെ ആദരിച്ചതും വേറിട്ട കാഴ്ചയായി. മുഴുവൻ സമയ സംഘടനാപ്രവർത്തനത്തിൽ അവർ വ്യാപൃതരാകുമ്പോൾ,ഭാര്യമാർ സഹിക്കുന്ന ത്യാഗങ്ങൾ കൂടി സംഘടന കണക്കിലെടുത്തു എന്നതും വനിതകൾക്ക് നൽകുന്ന പ്രാധാന്യവുമാണ് ഇതിലൂടെ വ്യക്തമാകുന്നത്. ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ 50 സെന്റ് സ്ഥലംപത്തനംതിട്ട ചിറ്റാറിൽ ഫൊക്കാന വില്ലേജ് പദ്ധതിക്കായി നൽകിയിരിക്കുന്നത് അദ്ദേഹത്തിന്റെ പരേതയായ ഭാര്യ ഉഷ ഉണ്ണിത്താന്റെ സ്മരണാർത്ഥമാണ്. ജീവിച്ചിരിക്കുന്നതും മരണപ്പെട്ടതുമായ എല്ലാ സ്ത്രീകളെയും ഓർമ്മിക്കുകയും ആദരിക്കുകയും ചെയ്യുന്ന സംസ്കാരം അഭിനന്ദനാർഹമാണ്. സൊലസ് ഫൗണ്ടർ ഷീബാ ആമിറിനെയും ആദരിക്കുകയുണ്ടായി .

ഫൊക്കാനയുടെ ചരിത്രത്തിലെ ഏക വനിതാ പ്രസിഡന്റ് എന്ന നിലയിൽ മൂന്ന് വർഷം മുൻപ് മണ്മറഞ്ഞ മറിയാമ്മപിള്ളയെയും കൺവൻഷൻ വേദിയിൽ ഓർമ്മിച്ചു.മറിയാമ്മ പിള്ളയുടെ പ്രവർത്തനങ്ങൾക്ക് മുൻപിൽ ഒരുനിമിഷത്തെ മൗനപ്രാർത്ഥനയും നടത്തി.

സ്ത്രികൾ കുടുംബത്തിൽ മാത്രമല്ല സംഘടനകളിലും സമൂഹത്തിലും അവരുടെ മാതൃകാപരമായ പ്രവർത്തനങ്ങൾ അഭിനന്ദാർഹമാണ് .

ഐ. ഒ. സി. യു. എസ്. എ കേരള ചാപ്റ്റർ, ട്രൈ സ്റ്റേറ്റ് സ്വാതന്ത്ര്യ ദിനാഘോഷം ; രാജ്മോഹൻ ഉണ്ണിത്താൻ എം പി മുഖ്യാതിഥി



ഐ. ഒ. സി. യു. എസ്. എ കേരള ചാപ്റ്റർ – ട്രൈസ്റ്റേറ്റ് ഘടകം നടത്തുന്ന 78-മത് ഇന്ത്യൻ സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ കോൺഗ്രസ് നേതാവും കാസർകോട് എം.പിയുമായ രാജ്മോഹൻ ഉണ്ണിത്താൻ മുഖ്യാതിഥിയാകും. ഓഗസ്റ്റ് 15 വെള്ളിയാഴ്ച രാത്രി 7.00 മണി(est)ക്ക് ന്യൂയോർക്കിലെ കോൺഗേഴ്സിൽ (331 route 9w)) വച്ചാണ് ആഘോഷങ്ങൾ. ഫൊക്കാന യുടെ മുൻ പ്രസിഡന്റും കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറുമായ ശ്രീ പോൾ കറുകപ്പള്ളിൽ ;ഓണർ ആൻഡ് സിഇഒ അറ്റ് ഗ്ലോബൽ കൊളിഷൻ ആൻഡ് ബോഡി വർക്സ് LLC ശ്രീ നോഹ ജോർജ് തുടങ്ങിയവരുടെ നേതൃത്വത്തിൽ നടക്കും. .

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് നേതാക്കൾക്ക് പുറമെ വിവിധ സംഘടനകളുടെ നേതാക്കളും പങ്കെടുക്കും

കേരള രാഷ്ട്രീയത്തിൽ ഏറെക്കാലമായി സജീവമായ രാജ്മോഹൻ ഉണ്ണിത്താൻ 2019 മുതൽ കാസർഗോഡ് എംപിയാണ്. കെപിസിസി സെക്രട്ടറിയായും കെപി സിസി വക്താവായും പ്രവർത്തിച്ചിട്ടുണ്ട്. 2019-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ സി.പി.എം നേതാവായ മുൻ ജില്ലാ സെക്രട്ടറി കെ.പി. സതീശ് ചന്ദ്രനെ 40438 വോട്ടിന് പരാജയപ്പെടുത്തി കാസർഗോഡ് നിന്ന് ലോക്സഭയിലേക്ക് തെര ഞ്ഞെടുക്കപ്പെട്ടു.

2024-ലാകട്ടെ സി.പി.എം. ജില്ലാ സെക്രട്ടറി എം.വി. ബാലകൃഷ്ണന് മാസ്റ്ററെ 1,01,523 വോട്ടുകളുടെ ഭൂരിപക്ഷത്തില് പരാജയപ്പെടുത്തി.പൊതുസംവാദങ്ങളിലും ടെലിവിഷൻ സംവാദങ്ങളിലും കുറിക്ക് കൊള്ളുന്ന മറുപടിയും മൂർച്ചയുള്ള പ്രതികര ണങ്ങളുമായി ശ്രദ്ധിക്കപ്പെടുന്ന നേതാ വാണ് ഇദ്ദേഹം.

പ്രവാസി ഇന്ത്യൻ സമൂഹം എന്ന നിലയിൽ മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ, സുഭാഷ് ചന്ദ്ര ബോസ്, മൗലാന ആസാദ്, ബി ആർ അംബേദ്കർ തുടങ്ങി ഇന്ന് നമ്മൾ ആസ്വദിക്കുന്ന ഇന്ത്യൻ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വഴിയൊരുക്കിയ ധീരരായ നേതാക്കളുടെയും മറ്റ് പ്രമുഖ വ്യക്തിത്വങ്ങളുടെയും ത്യാഗത്തെ ഓർമ്മിക്കാനും ആഘോഷിക്കാനുമുള്ള സമയമാണിത്. ഈ ആഘോഷങ്ങളിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നതായി ഐ. ഒ. സി. യു. എസ്. എ ട്രൈ സ്റ്റേറ്റ് ഭാരവാഹികൾ അറിയിച്ചു.

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ഓഫിസ് കൊച്ചിയിൽ ഹൈബി ഈഡൻ എം പി ഉദ്ഘാടനം ചെയ്തു



കൊച്ചി: വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ഓഫീസ് കൊച്ചിയിൽ ഹൈബി ഈഡൻ എംപി ഉത്ഘാടനം ചെയ്തു. ഗ്ലോബൽ പ്രഡിഡന്റ് ഡോ ബാബു സ്റ്റീഫൻ, സെക്രട്ടറി ജനറൽ ഷാജി മാത്യു, ട്രഷറർ സണ്ണി വെളിയത്ത്, ഗ്ലോബൽ വൈസ് പ്രസിഡന്റ് തങ്കം അരവിന്ദ്, തങ്കമണി ദിവാകരൻ, വുമൺസ് ഫോറം പ്രസിഡന്റ് ഷീല റെജി, ഗ്ലോബൽ ഗുഡ് വിൽ അംബാസിഡർ ജോസ് കൊലത്ത്, അലക്സ് വിളനിലം, ഇന്ത്യ റീജിൻ പ്രസിഡന്റ് പദ്മകുമാർ നായർ , സുജിത്ത് ശ്രീനിവാസൻ,യൂത്ത് ഫോറം പ്രസിഡന്റ് രേഷ്മ റെജി , വുമൺസ് ഫോറം ചെയർ സലീന മോഹൻ അടക്കം ലോകമെമ്പാടുമുള്ള 100-ലധികം അംഗങ്ങൾ ഉദ്ഘാടനത്തിൽ പങ്കെടുത്തു.

ബാങ്കോക്കിൽ നടന്ന ഗ്ലോബൽ കൺവെൻഷന്റെ വിജയത്തിനായി പ്രവർത്തിച്ച സംഘാടക സമിതിയെ ചടങ്ങിൽ അഭിനന്ദിച്ചു. ഡോ. ബാബു സ്റ്റീഫൻ പ്രസിഡന്റായി, തോമസ് മൊട്ടക്കൽ ചെയർമാനായി നേതൃത്വം ഏറ്റെടുത്ത പുതിയ കമ്മിറ്റി ഒരു ആഴ്ചക്കുള്ളിൽ അധികാരമേൽക്കും. കേരളത്തിൽ ആദ്യമായി wmc ഓഫീസ് തുടങ്ങുവാനായത് ചരിത്രപരമായ നേട്ടമാണെന്ന് ഗ്ലോബൽ വൈസ് പ്രസിഡന്റ് അഡ്മിനിസ്ട്രേഷൻ ജെയിംസ് കൂടൽ പറഞ്ഞു ഈ ഓഫീസ്, സംഘടനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കേന്ദ്ര മാക്കും. wmc അംഗങ്ങൾക്ക് എത്തിച്ചേ രാവുന്ന ഒരു ഹബ്ബായി ഇവിടം മാറുമെന്നും ജെയിംസ് കുടൽ പറഞ്ഞു.

കൺവെൻഷനിന് ശേഷം പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫനും, ജനറൽ സെക്രട്ടറി ഷാജി മാത്യുവും, സുരേന്ദ്രൻ കണ്ണാട്ടും നേപ്പാളിൽ സന്ദർശനം നടത്തിയിരുന്നു. അവിടെ എംബസി ഉദ്യോഗസ്ഥരുമായും, പ്രദേശത്തെ പ്രധാനപ്പെട്ട മലയാളികളുമായി, വ്യവസായ വകുപ്പ് മന്ത്രിയുമായും കൂടിക്കാഴ്ച നടത്തി. നേപ്പാളിൽ ഒരു പുതിയ പ്രൊവിൻസ് ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

അതുപോലെ അവിടെയുള്ള മലയാളികളുടെ പ്രശ്നങ്ങളും, നിക്ഷേപ സാധ്യതകളും ചർച്ച ചെയ്തു. സർക്കാര് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തിട്ടുണ്ട്. ലോകമാകെയുള്ള എല്ലാ രാജ്യങ്ങളിലും wmc-യുടെ പ്രൊവിൻസുകൾ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ശക്തമാക്കാൻ തീരുമാനമായിട്ടുണ്ട്.അതിനോടൊപ്പം, കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം നഗരത്തിൽ ഭൂമി വാങ്ങി ഒരു ഗ്ലോബൽ സെന്റർ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചു. വിദേശത്ത് നഴ്സിംഗ് പഠനം ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി ഒരു കോടി സ്കോളർഷിപ്പ് പദ്ധതി പ്രഖ്യാപിച്ചു. ആദ്യഘട്ടത്തിൽ 100 പേർക്ക് ഓരോ രുത്തരിലും ഒരു ലക്ഷം വീതം നൽകും. ഒരു സെലക്ഷൻ കമ്മിറ്റി ഇതിനായി രൂപീകരിക്കും. ആറുമാസത്തിനുള്ളിൽ തുക വിതരണം ചെയ്യാനാണ് ലക്ഷ്യം.

അടുത്ത ദ്വൈവാർഷിക കൺവെൻഷൻ അമേരിക്കയിൽ വച്ച് വിപുലമായി നടത്താനും, വേൾഡ് മലയാളി കൗൺസിലിന്റെ പ്രതിച്ഛായ ലോകവ്യാപകമായി ഉയർത്തിക്കാണിക്കാനുമാണ് wmcയുടെ ലക്ഷ്യം.“നമുക്ക് ശക്തമായ കൂട്ടായ്മയും, ദൃഢനിശ്ചയവുമുണ്ട്. മലയാളി യെയും മലയാള ഭാഷയെയും ഉയർത്തിപ്പിടി ക്കുന്നതിനായി അടുത്ത രണ്ടുവർഷം കൂടുതൽ സജീവമായി പ്രവർത്തിക്കണമെന്നും അതുവഴി wmcയുടെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കണമെന്നും പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ പറഞ്ഞു

12 വയസ്സുകാരിയായ വയലിൻ സംഗീത പ്രതിഭ ഗംഗ ശശിധരൻ ഇപ്പോൾ കേരളത്തിന്റെ അഭിമാനമായി മാറുന്നു.



മലപ്പുറം :12 വയസ്സുകാരിയായ സംഗീത പ്രതിഭ ഗംഗ ശശിധരൻ ഇപ്പോൾ കേരളത്തിന്റെ അഭിമാനമായി മാറുന്നു. ശബ്ദത്തിന്റെ സൗമ്യതയും മനസ്സിനൊതുങ്ങുന്ന ഭാവങ്ങളുമുള്ള വയലിനിലൂടെ ഗംഗ ആസ്വാദകരുടെ ഹൃദയം കീഴടക്കുകയാണ്. ഇന്ത്യയുടെ മികച്ച ബാലസംഗീത പ്രതിഭകളിൽ ഒരാളായി ഇന്നത് ഗംഗയുടെ പേര് ഉയരുകയാണ്.

പുതിയ തലമുറയ്ക്ക് ഒരുദാഹരണമായി മാറിയ ഗംഗയ്ക്ക് ലഭിച്ച മികച്ച അംഗീകാരമാണ് ശൻമുഖാനന്ദ ഭാരതരത്ന ഡോ. എം.എസ്. സുബ്ബുലക്ഷ്മി ഫെലോഷിപ്പ് ഫോർ മ്യൂസിക് (2024–2026). ഈ പുരസ്കാരം മുംബൈയിൽ വെച്ച് ഗംഗയ്ക്ക് കൈമാറിയത് ലജണ്ടറി ഫ്ളൂട്ടിസ്റ്റ് പത്മവിഭൂഷൺ ഹരിപ്രസാദ് ചൗരസിയയായിരുന്നു. കേരളത്തിൽ നിന്ന് ഈ പുരസ്കാരം ലഭിച്ച ഏക വിദ്യാർത്ഥിനിയും, ഏക വിണവാദകയും, ഏറ്റവും പ്രായം കുറഞ്ഞ കലാകാരിയുമാണ് ഗംഗ.

വയലിന്റെ അവിസ്മരണീയമായ സംഗീതയാത്ര നാലര വയസ്സിൽ തന്നെ ആരംഭിച്ചു. അമ്മ കൃഷ്ണവേണിയുടെ വിണവാദനമാണ് ആകർഷണമായത്. ബാലഭാസ്കറിന്റെ വാദ്യങ്ങൾ കേട്ട് വളർന്ന ഗംഗക്ക് വിണയുടെ ശബ്ദം കേട്ടതു പോലെ തന്നെ അതിനെ പഠിക്കണമാണ് താൽപര്യം തോന്നിയത്. “ഞാൻ തന്നെയാണ് അമ്മയോടും അച്ചനോടും വിണ പഠിക്കണമെന്നു പറഞ്ഞത്. അവർ അതിന് പിന്തുണ നൽകി,” എന്നും ഗംഗ പറയുന്നു.

FOKANA CONVENTION 2025

ശ്രീ തോമസ് വർഗീസുമായി നടത്തിയ അഭിമുഖം (നിഹാര റിസോർട്ട് & സ്പാ, കൊച്ചി മാനേജിംഗ് ഡയറക്ടർ) ശ്രീ പോൾ കറുകപ്പള്ളിൽ (ഫൊക്കാനയുടെ മുൻ പ്രസിഡന്റും , കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടർ) നടത്തിയ അഭിമുഖം



പോൾ കറുകപ്പള്ളിൽ : ഇന്ന് നമുക്ക് സംസാരിക്കാന് അവസരമുണ്ടായിരിക്കുന്നത് കേരളത്തിലെ അതിഥി സേവനരംഗത്ത് വളരെ ചുരുങ്ങിയ സമയത്തിനുള്ളില് വലിയ പേരുകേട്ട ഒരു സ്ഥാപനമായ നിഹാര റിസോര്ട്ട് & സ്പായുടെ മാനേജിംഗ് ഡയറക്ടര് ശ്രീ തോമസ് വര്ഗീസിനോടാണ്. തോമസ്, നിങ്ങളുമായി ഈ അഭിമുഖം നടത്തുന്നത് വലിയ സന്തോഷമാണ്. നിഹാരയെ വ്യത്യസ്തമാക്കുന്നത് എന്താണ്?

തോമസ് വര്ഗീസ്: നന്ദി പോള്. ഞങ്ങളുടെ ദര്ശനം അതാണ് ആദ്യമായി പറയേണ്ടത് – "ജീവിതം സമ്മതവേഗത്തില് മുന്നേറണം". ഇതാണ് നിഹാരയുടെ ആന്തരിക ഊര്ജം. കൊച്ചിയില് നിന്ന് വെറും 20 മിനിറ്റ് ദൂരെയായിരുന്നാലും ഇവിടെ എത്തിയാല് നമ്മള് മറ്റൊരു ലോകത്തിലേക്ക് കടക്കുന്നതുപോലെയാണ് അനുഭവം. സമാധാനപരമായ അന്തരീക്ഷം, ഇളം പച്ച നിറങ്ങള്, പ്രകൃതിയുമായി വീണ്ടും ബന്ധപ്പെടാനുള്ള അനവധി അവസരങ്ങള്...

അതേസമയം, കേരളത്തിന്റെ സംസ്കാരവേരുകളില് ഊര്ജ്ജം നിറച്ച് ഇന്ന് നമ്മളെ ആകർഷിക്കുന്ന സുഖസൗകര്യങ്ങളെയും ഒന്നിച്ച് അവതരിപ്പിക്കുകയാണ് ഞങ്ങള് ശ്രമിച്ചത്. ബാക്ക്വാട്ടറുകളില് ബോട്ടിങ് ചെയ്യാനും, കലരിപ്പയറ്റ്, കഥകളി പ്രകടനങ്ങളായുള്ള ആവിഷ്കാരങ്ങളും ഒരുക്കിയിട്ടുണ്ട്.

പോള് കറുകപ്പള്ളി: അതെ, അതൊരു നല്ല സമന്വയമാണ്. ഈ സ്ഥലത്തിന്റെ നിര്മിതികലാഭവും വളരെ മനോഹരമാണ്. എന്താണ് അതിന് പിന്നിലുള്ള പ്രചോദനം?

തോമസ്: കേരളത്തിലെ പാരമ്പര്യത്തെ ഞങ്ങള് പ്രതിനിധാനം ചെയ്യുക മാത്രമല്ല, അതിനോട് ചേര്ന്നാണ് ഈ സ്ഥലം നിര്മിച്ചത്. കോവിലുകള്, ഓപ്പണ് വറാന്റാസ് എന്നിവയൊക്കെ നമ്മുടെ വീട്ടുമുറ്റത്തെ ഓര്മ്മപ്പെടുത്തുന്ന ഘടകങ്ങളാണ്. ഓരോ അതിഥിയും ഇവിടെ കയറുമ്പോള് കേരളത്തിന്റെ മനസ്സിലുള്ള കാഴ്ചയുടെ ഭാഗമാകണം എന്ന ലക്ഷ്യത്തോടെ ആണ് നിര്മ്മാണം.

അതോടൊപ്പം, ഇന്നത്തെ കാലത്തെ പ്രാധാന്യവും മുന്നിര്ത്തിയാണ് പ്രവര്ത്തിക്കുന്നത് – പരിസ്ഥിതി സൗഹൃദ നിര്മാണസാധനങ്ങള്, ഊര്ജം, ജലം, മാലിന്യ നിയന്ത്രണം തുടങ്ങി എല്ലാ മേഖലകളിലും സ്ഥിരതയുള്ള സമീപനം സ്വീകരിച്ചിരിക്കുന്നു.









പോൾ കറുകപ്പള്ളിൽ : അതെ, അതൊരു പുരോഗമനചിന്തയാണല്ലോ. അതിഥി വാസസൗകര്യങ്ങളെ കുറിച്ച് പറയാമോ?

തോമസ്: ഞങ്ങളുടെയിടത്ത് മൂന്ന് തരം റൂമുകളായി 32 മുറികളുണ്ട്.

Superior Rooms: ചെറിയ ദൈർഘ്യത്തിലുള്ള, മുഴുവന് സൗകര്യങ്ങളോടു കൂടിയ മുറികള്; ബാല്ക്കണിയും മൊഡേണ് സൗകര്യങ്ങളുമുണ്ട്.


Duplex Garden Cottages: ഈ മുറികള് ചേർന്നിരിക്കുന്നു, കുടുംബങ്ങള്ക്കും ദീർഘകാല താമസത്തിനും അനുയോജ്യം.

Meandering Pool Cottages: ഏറ്റവും ജനപ്രിയമാണ് ഇവ. മുറിയില് നിന്ന് നേരെ പൂളിലേക്ക് ഇറങ്ങാവുന്നതാണ് ഇവയുടെ പ്രത്യേകത. മറ്റെല്ലാ മുറികളിലും എസി, വൈഫൈ, സാറ്റലൈറ്റ് ടിവി, മിനിബാർ, ടീസെറ്റ്, 24 മണിക്കൂറുള്ള റൂം സർവീസ് എന്നിങ്ങനെ എല്ലാ ആവശ്യങ്ങളും ഒരുക്കിയിട്ടുണ്ട്.

പോൾ കറുകപ്പള്ളിൽ : ഭക്ഷണം കേരളീയരുടെ സംസ്കാരത്തിന്റെ ഭാഗമാണ്. ഭക്ഷണ പരിചരണം എങ്ങനെ നടക്കുന്നു?

തോമസ്: തീർച്ചയായും. ഭക്ഷണം അതിഥി അനുഭവത്തിന്റെ പ്രധാന ഭാഗമാണ്.

Amaara Restaurant: മുഴുവന് ദിവസവും പ്രവർത്തിക്കുന്ന മള്ട്ടിക്യൂസിന് റസ്റ്റോറന്റാണ്. കേരളം മുതല് അന്താരാഷ്ട്ര വിഭവങ്ങള് വരെ. ജൈന, ഹലാല്, വീഗന് തുടങ്ങിയ വ്യത്യസ്ത ഭക്ഷണചൈതന്യങ്ങള് മാനിച്ചാണ് ഒരുക്കങ്ങള്. Riverside Grill: പെരിയാർ നദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന മത്സ്യവിഭവ സ്പെഷ്യല് റസ്റ്റോറന്റാണ്. ചൈനീസ് മത്സ്യവലകളും മനോഹരമായ ദൃശ്യമല്ലേ! Rain Café: മഴയുടെ സുന്ദരമായ ഭാവം കൈവരിക്കാന് സൗമ്യമായി ഒരുക്കിയ തോട്ടത്തിലെ കഫെ.



FOKANA CONVENTION 2025



പോൾ കറുകപ്പള്ളിൽ : വെക്കേഷനുകള്ക്കപ്പുറം മറ്റെന്തിനും അനുയോജ്യമായ സ്ഥലമാണ് ഇതെന്ന് തോന്നുന്നു. വിവാഹങ്ങള്ക്കും ചടങ്ങുകള്ക്കും ജനപ്രിയമാണോ?
തോമസ്: തീർച്ചയായും. ചെറിയ മീറ്റിംഗുകളില് നിന്ന് 750 പേരടങ്ങുന്ന വലിയ ചടങ്ങുകള് വരെ സംഘടിപ്പിക്കാന് കഴിയുന്ന ഇന്ഡോര്, ഔട്ട്ഡോര് വേദികള് ഉണ്ട്. ഡെസ്റ്റിനേഷന് വെഡ്ഡിങ്ങുകള് ഒരു പ്രധാന മേഖലയാണ്. അതിഥിയുടെ ആഗ്രഹപ്രകാരം ഒരുക്കിയ പേഴ്സണലൈസ്ഡ് അനുഭവമാണ് ഓരോ വിവാഹവും.

Nihara Catering എന്ന catering വിഭാഗം വഴി, ഔട്ട്സൈഡ് പരിപാടികളിലും ഞങ്ങളുടെ ഒരേ നിലവാരം പുലർത്തുകയും ചെയ്യുന്നു ചെയ്യുന്നു. കൊച്ചി വിപണിയില് വേഗത്തിലായാണ് ഈ വിഭാഗം വളരുന്നത്.





പോൾ കറുകപ്പള്ളിൽ : ദിവസം താമസിക്കുന്നവർക്കായി എന്തൊക്കെയാണ് ഓഫറുകൾ?
തോമസ്: ഓരോ തരം യാത്രികർക്കും അനുയോജ്യമായ അനുഭവങ്ങളുണ്ട്.

Dhara Wellness: ആയുര്വേദ ചികിത്സകളും മാസാജുകളും. ആക്ടീവ് ട്രാവലേഴ്സിനായി: ബോട്ടിംഗ്, കായാക്കിംഗ്, ഫിഷിംഗ്, യോഗ, കുട്ടികൾക്കായുള്ള ആക്ടിവിറ്റികൾ.
Kadamakudy Islands സന്ദര്ശനം: 14 ഐലന്ഡുകള്, സമ്പന്നമായ കൃഷി സംസ്കാരം, പക്ഷികള്, ഗ്രാമീണ ജീവിതം. ഞങ്ങള് ഒരുക്കിയിട്ടുള്ള ടൂറുകള്, കര്ഷകസന്ദര്ശനം, കലരിപ്പയറ്റ് വര്ക്ക്ഷോപ്പുകള് തുടങ്ങി പലതുമുണ്ട്.

പോൾ കറുകപ്പള്ളിൽ : നിങ്ങള് ഇതിനെ പോലെ തന്നെ ഭാവിയിലേക്ക് പദ്ധതികളൊന്നുണ്ടോ?
തോമസ്: ഉണ്ട്. നിഹാരയില് 70 പുതിയ മുറികള് കൂടി ചേര്ക്കുന്ന പദ്ധതി പുരോഗമിക്കുകയാണ് – ആകെ 100 മുറികളാകും. കോര്പ്പറേറ്റ് യാത്രികരും വലിയ ഗ്രൂപ്പുകളും കൂടുതൽ ആവശ്യമുന്നയിക്കുകയാണ്. അതിനായാണ് ഈ വികസനം.
അതിനൊപ്പം, ബീച്ച്സൈഡ് റിസോര്ട്ട് ഒരുക്കുന്ന പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. പശ്ചാത്തലം മാറിയാലും, നിഹാരയുടെ ആത്മാവും നിലവാരവും നിലനിര്ത്തുമെന്നും ഞങ്ങള് ഉറപ്പ് നല്കുന്നു.

പോൾ കറുകപ്പള്ളിൽ : അവസാനമായി, വായനക്കാര്ക്കായി പറയാനുണ്ടോ?
തോമസ്: വിശ്രമിക്കാനായി, സ്വയം കണ്ടെത്താനായി, അല്ലെങ്കില് കേരളത്തെ ഏറ്റവും നന്നായി അനുഭവപ്പെടാനായി നിങ്ങള് അന്വേഷിക്കുന്നിടത്ത് നിഹാര ഒരുക്കിയിട്ടുണ്ട്. ഹണിമൂണർ, കുടുംബങ്ങള്, കോര്പ്പറേറ്റ് ടീമംഗങ്ങൾ , വിവാഹസംഘങ്ങള് – എല്ലാ വിഭാഗത്തിനും അനുരൂപമായ അനുഭവം.
നിങ്ങള് എവിടെ താമസിക്കുന്നു എന്നതിലുമേല് അതൊരു അനുഭവം ആകണം – അതാണ് ഞങ്ങളുടെ ദർശനം. ഹൃദയസ്പർശിയായും ഉത്തരവാദിത്വമുള്ളതുമായ അതിഥി സേവനം – അതാണ് ഞങ്ങളുടെ പ്രതിജ്ഞ. നിഹാരത്തിലേക്കുള്ള സ്വാഗതം നാം കാത്തിരിക്കുന്നു – പിറകെ കേരളത്തിന്റെ തീരത്തേക്കും!

📍 Nihara Resort & Spa, Kadamakudy, Kochi
🌐 www.nihararesort.com
📞 +91 97463 33842
📧 info@nihararesort.com

FOKANA CONVENTION 2025



















FOKANA CONVENTION 2025





FOKANA CONVENTION 2025

In Loving Memory Of














FOKANA CONVENTION 2025

ഫൊക്കാന കൺവൻഷനിൽ കാർട്ടൂൺ മേള; കാരിക്കേച്ചർ വരയ്ക്കാൻ ആളുകളുടെ നീണ്ട നിര.



കോട്ടയം: അമേരിക്കൻ മലയാളികളുടെ സംഘടനയായ ഫൊക്കാന സംഘടിപ്പിച്ച കേരള കണ്‌വന്‌ഷനില് ആദ്യമായാണ് ലൈവ് കാരിക്കേച്ചര് പരിപാടി ഒരുക്കിയത്.

പ്രമുഖ കാര്ട്ടൂണിസ്റ്റുകളുടെ വരക്കളി നേരില്ക്കണ്ടിട്ടുള്ള കാരിക്കേച്ചറുകള് കാണാനും തന്റെ ചിത്രം മറ്റൊരു രസകരമായ രൂപത്തില് കാണാം എന്ന ആവേശത്തിലാണ് കണ്‌വന്‌ഷനില് എത്തിയിരുന്ന നിരവധി ആളുകള്. കാരിക്കേച്ചര് വരപ്പിക്കാനായി പ്രത്യേകം ഒരുക്കിയ സ്ഥലത്ത് രാവിലെ മുതലേ നീണ്ട നിരയായിരുന്നു.

വ്യത്യസ്തമായ പരിപാടികളിലൂടെ അംഗങ്ങളെ ആകര്ഷിക്കുകയാണ് ഈ വര്ഷത്തെ ഫൊക്കാന കണ്‌വന്‌ഷന്. കാരിക്കേച്ചര്-കാര്ട്ടൂണ് കലയില് കഴിവുള്ളവര്ക്ക് പ്രോത്സാഹനം നല്കാനും ഈ രംഗം കൂടുതല് ആളുകളിലേക്കെത്തിക്കാനുമാണ് ഈ ശ്രമം. കാരിക്കേച്ചര് വരയ്ക്കുന്നവര്ക്ക് ഒരു പ്രോത്സാഹന വേദിയാകും കണ്‌വന്‌ഷനെന്ന് പ്രസിഡന്റ് പറഞ്ഞു.

കേരളത്തിലെ പ്രമുഖ കാര്ട്ടൂണിസ്റ്റുകളായ അനൂപ് രാധാകൃഷ്ണന്, മധൂസ്, വിനു, എസ്. ഗിരീഷ്, ജയരാജ്, രതീഷ് രവി എന്നിവരാണ് കാരിക്കേച്ചര് പ്രവര്ത്തനം നയിച്ചത്. ഏതെങ്കിലും ഒരു വ്യക്തിയുടെ മുഖഭാവം ലളിതമായി അല്ലെങ്കില് അതിശയോക്തിയുള്ള രീതിയില് എടുത്തു കാണിച്ച് രസകരമായ ഒരു രൂപത്തിലാക്കുന്നകലയാണ് കാരിക്കേച്ചര്. കൂടെ എത്തിയവരെ ചിരിക്കുവാനുള്ള പ്രവൃത്തികളായിരുന്നു ഇവ.
ഫൊക്കാനയുടെ ഈ പരീക്ഷണം കണ്‌വന്‌ഷനിലെ കുടുംബാംഗങ്ങളില് വലിയ ആവേശവുമാണ് സൃഷ്ടിച്ചതെന്ന് സംഘാടകര് പറഞ്ഞു.

അനധികൃത കുടിയേറ്റക്കാരെ ഒഴിവാക്കി പുതിയ സെൻസസ് നടത്താൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഉത്തരവിട്ടു



വാഷിംഗ്ടൺ – അനധികൃത കുടിയേറ്റക്കാരെ ഒഴിവാക്കി പുതിയ സെൻസസ് നടത്താൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഉത്തരവിട്ടു. 2020-ലെ സെൻസസിലെ പിഴവുകൾ തിരുത്താനാണ് ഈ നീക്കം. ട്രംപിന്റെ ഈ തീരുമാനം ജനസംഖ്യാ കണക്കെടുപ്പിൽ വലിയ മാറ്റങ്ങൾക്ക് വഴിവെക്കും.

"അനധികൃതമായി രാജ്യത്ത് താമസിക്കുന്നവരെ സെൻസസിൽ ഉൾപ്പെടുത്തില്ല," ട്രംപ് ട്രൂത്ത് സോഷ്യലിൽ കുറിച്ചു. ഇതിലൂടെ, യുഎസ് കോൺഗ്രസിലെ പ്രാതിനിധ്യം കൂടുതൽ കൃത്യമാക്കാനും അനധികൃത കുടിയേറ്റക്കാരെ പിന്തുണയ്ക്കുന്ന സംസ്ഥാനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ കുറയ്ക്കാനും സാധിക്കുമെന്നാണ് ട്രംപ് ഭരണകൂടത്തിന്റെ വിലയിരുത്തൽ.

2020-ലെ സെൻസസിൽ നിരവധി പിഴവുകൾ ഉണ്ടായിരുന്നതായി സെൻസസ് ബ്യൂറോ തന്നെ സമ്മതിച്ചിരുന്നു. 14 സംസ്ഥാനങ്ങളിൽ കണക്കെടുപ്പ് തെറ്റായിരുന്നെന്നും ചില സംസ്ഥാനങ്ങളിൽ ജനസംഖ്യ കൂടിയും കുറഞ്ഞും കണക്കാക്കപ്പെട്ടിട്ടുണ്ടെന്നും ബ്യൂറോ വ്യക്തമാക്കിയിരുന്നു. എന്നാൽ, ഈ പിഴവുകൾ എവിടെയാണ് സംഭവിച്ചതെന്ന് കൃത്യമായി പറയാൻ അവർക്ക് കഴിഞ്ഞിരുന്നില്ല.

ട്രംപിന്റെ ഈ നീക്കം പരമ്പരാഗത സെൻസസ് രീതികളിൽ നിന്നുള്ള വലിയൊരു മാറ്റമാണെന്ന് സിഎൻഎൻ റിപ്പോർട്ട് ചെയ്തു. ചരിത്രപരമായി, സെൻസസിൽ എല്ലാവരെയും അവരുടെ പൗരത്വ പദവി പരിഗണിക്കാതെ ഉൾപ്പെടുത്തിയിരുന്നതായും സിഎൻഎൻ ചൂണ്ടിക്കാട്ടി.


മറൈൻ ഡ്രൈവിലേക്ക് തെരുവ് കച്ചവടക്കാരുടെ പുനരധിവാസ നീക്കത്തിന് എതിർപ്പ്



കൊച്ചി : അംബേദ്കർ സ്റ്റേഡിയം പരിസരത്ത് നിന്ന് തെരുവ് കച്ചവടക്കാരെ മറൈൻ ഡ്രൈവിലേക്ക് മാറ്റാനുള്ള ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയും കൊച്ചി കോർപ്പറേഷനും നടത്തുന്ന നീക്കത്തിനെതിരെ മറൈൻ ഡ്രൈവ് അസോസിയേഷൻ ഓഫ് സ്റ്റേക്ക്ഹോൾഡേഴ്സ് (MDASH) കടുത്ത എതിർപ്പ് അറിയിച്ചു. നഗരത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ മറൈൻ ഡ്രൈവിന്റെ ഭാവി സാധ്യതകൾക്ക് ഇത് ഗുരുതരമായ ഭീഷണിയാണെന്ന് അസോസിയേഷൻ മുന്നറിയിപ്പ് നൽകി.
എഴുത്തുകാരും എംഎൽഎമാരും ഉൾപ്പെടെ നിരവധി പേർ പുനരധിവാസം നിർത്തണമെന്ന് ആവശ്യപ്പെട്ട് പ്രചാരണത്തിൽ പങ്കെടുത്തു. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 300-ലധികം തെരുവ് കച്ചവടക്കാരെ നിയന്ത്രണങ്ങളില്ലാതെ മറൈൻ ഡ്രൈവിൽ സ്ഥാപിക്കുന്നത് പാർക്കിംഗ് സൗകര്യങ്ങൾ നഷ്ടപ്പെടുത്തുകയും വിനോദസഞ്ചാരികൾക്ക് തടസ്സമാകുകയും ചെയ്യും എന്ന് MDASH പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

അംബേദ്കർ സ്റ്റേഡിയം പരിസരത്ത് നിന്ന് തെരുവ് കച്ചവടക്കാരെ മറൈൻ ഡ്രൈവിലേക്ക് മാറ്റാനുള്ള ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയും കൊച്ചി കോർപ്പറേഷനും നടത്തുന്ന നീക്കത്തിനെതിരെ മറൈൻ ഡ്രൈവ് അസോസിയേഷൻ ഓഫ് സ്റ്റേക്ക്ഹോൾഡേഴ്സ് (MDASH) ന്റെ നേതൃത്യത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ഫൊക്കാനയുടെ മുൻ പ്രസിഡന്റും കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്റ്ററുമായ ശ്രീ പോൾ കറുകപ്പിള്ളിൽ പൂർണ പിന്തുണ അറിയിക്കുന്നു
"മറൈൻ ഡ്രൈവ് താമസ-വാണിജ്യ ആവശ്യങ്ങൾക്ക് ചതുരശ്ര അടിക്ക് കുറഞ്ഞത് 10,000 രൂപ വിലയുള്ള പ്രദേശമാണ്. ഓരോ തെരുവ് കച്ചവടക്കാരനും അനുവദിക്കുന്ന 100 ചതുരശ്ര അടിയുടെ മൂല്യം കുറഞ്ഞത് 10 ലക്ഷം രൂപയായിരിക്കും. ഇതോടെ ഏകദേശം 31 കോടി രൂപ മൂല്യമുള്ള സ്വത്തുകൾ സൗജന്യമായി അനുവദിക്കുന്ന അവസ്ഥയാണ്," പ്രസ്താവനയിൽ പറഞ്ഞു.
മറൈൻ ഡ്രൈവിന്റെ ഭംഗിയും ശാന്തതയും തകർക്കുന്ന നീക്കമാണിതെന്ന് അസോസിയേഷൻ ആരോപിച്ചു. "ഷൺമുഖം റോഡും മറൈൻ ഡ്രൈവും നഗരത്തിലെ ഏറ്റവും മനോഹരമായ സ്ഥലങ്ങളാണ്. അവിടെ തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നത് അപലപനീയമാണ്," എംഎൽഎ ടി.ജെ. വിനോദ് പ്രസ്താവിച്ചു.

മയക്കുമരുന്ന് വിൽപ്പന, ആരോഗ്യ പ്രശ്നങ്ങൾ, വൃത്തിഹീനമായ രീതികൾ, അനധികൃതമായി നടപ്പാത കൈവശപ്പെടുത്തൽ, അനുചിതമായ മാലിന്യ നിർമ്മാർജനം എന്നിവയ്ക്കെല്ലാം ഇത്തരം നീക്കങ്ങൾ കാരണമാകുമെന്ന് അസോസിയേഷനിലെ രാജേഷ് നായർ മുന്നറിയിപ്പ് നൽകി.



FOKANA CONVENTION 2025

“വിദ്യാഭ്യാസം ഒരു കിണർ നിറയ്ക്കലല്ല, തീക്കനൽ തെളിയിക്കൽ ആണ്”

Cochin International School-ന്റെ ഹെഡ് ഓഫ് സ്കൂൾ ശ്രീമതി ഷീല ചാക്കോ മാഡം ഓപ്പറേഷൻസ് ഹെഡ് ശ്രീ ദിപു ബി സാറുമായുള്ള അഭിമുഖം പരിചയപ്പെടുത്തുന്നത്: ശ്രീ പോൾ കറുകപ്പള്ളി സാർ(ഫൊക്കാനയുടെ മുൻ പ്രസിഡന്റും , കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടർ)



ശ്രീ പോൾ കറുകപ്പള്ളി സാർ: ശ്രീമതി ഷീല ചാക്കോ മാഡം, Cochin International School-ന്റെ വളർച്ചയും ദൗത്യം സംബന്ധിച്ച ആശയങ്ങൾ കേൾക്കാൻ വളരെ സന്തോഷമാണ്. ആദ്യം സ്കൂളിന്റെ ദൗത്യം എന്താണെന്ന് വിശദീകരിക്കാമോ?


ശ്രീമതി ഷീല ചാക്കോ മാഡം: നന്ദി ശ്രീ പോൾ കറുകപ്പള്ളി സാർ. Cochin International School-ൽ കുട്ടികളിൽ പഠനോത്സാഹവും ആത്മവിശ്വാസവും വളർത്തിയാണ് ഞങ്ങൾ ശ്രമിക്കുന്നത്. Cambridge International Education ഉം International Baccalaureate ഉം ഉൾപ്പെടുന്ന ആഗോള നിലവാരമുള്ള പാഠ്യപദ്ധതികൾ വഴി കുട്ടികളെ സർഗാത്മകമായി വളർത്തുകയാണ് ലക്ഷ്യം.

ശ്രീ പോൾ കറുകപ്പള്ളി സാർ: ഇന്ത്യയിൽ ഇന്റർനാഷണൽ വിദ്യാഭ്യാസം വർധിച്ചുവരുമ്പോൾ Cochin International School എങ്ങനെ വേറിട്ടു നിൽക്കുന്നു?

ശ്രീമതി ഷീല ചാക്കോ മാഡം: നമ്മുടെ 12 ഏക്കർ പ്രകൃതി സമൃദ്ധമായ ക്യാമ്പസിൽ കുട്ടികളുടെ സുരക്ഷയും മാനസിക-ശാരീരിക വളർച്ചയും മുൻനിരയിലാണ്. വിദ്യാർത്ഥികളുടെ പ്രായവും പഠന ആവശ്യവും അനുസരിച്ച് രൂപകൽപ്പന ചെയ്ത ക്ലാസ്സ്റൂമുകളും സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് സ്വതന്ത്രമായി പഠിക്കാനും സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ പങ്കെടുത്തും വളരാനുള്ള അവസരങ്ങൾ കൂടുതലാണ്.

ശ്രീ പോൾ കറുകപ്പള്ളി സാർ: ഇവിടെ ഓപ്പറേഷൻസ് ഹെഡ് ശ്രീ ദിപു ബി സാറും സന്നിധിയിലുണ്ട്. ദിപു സാർ, സ്കൂളിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അഭിപ്രായം പങ്കുവെക്കാമോ?

ശ്രീ ദിപു ബി സാർ, ഓപ്പറേഷൻസ് ഹെഡ്: നന്ദി സാർ. Cochin International School-ന്റെ എല്ലാ പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ സുരക്ഷ, സൗകര്യം എന്നിവ മുൻനിർത്തിയാണ്. ഗതാഗതം, ഭക്ഷണം, ആരോഗ്യസംരക്ഷണം, പരിപാടികൾ എന്നിവയുടെ ഏകോപനം നന്നായി നടക്കുന്നതിനായി കഠിനാധ്വാനം ചെയ്യുന്നു. കുട്ടികൾക്കും അധ്യാപകർക്കും സുരക്ഷിതവും സൗകര്യമുള്ളവുമായ അനുഭവം ഉറപ്പാക്കാൻ സാങ്കേതികവും മാനവശേഷിയും ചേർത്ത് പ്രവർത്തിക്കുന്നു.



ശ്രീ പോൾ കറുകപ്പള്ളി സാർ: മാഡം, മാതാപിതാക്കളും സമൂഹവും സ്കൂളിന്റെ വിജയത്തിൽ എത്രമാത്രം പങ്ക് വഹിക്കുന്നു?


ശ്രീമതി ഷീല ചാക്കോ മാഡം: വിദ്യാഭ്യാസം കൂട്ടായ്മയാണ്. മാതാപിതാക്കളുടെ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. അവരുടെ ആശങ്കകളും നിർദേശങ്ങളും ഞങ്ങൾ ശ്രദ്ധയിൽ വച്ചുകൊണ്ടാണ് മുന്നേറുന്നത്. കുട്ടികളുടെ വളർച്ചയ്ക്ക് വേണ്ട പിന്തുണ ഉറപ്പാക്കുന്നതിൽ അവർ പ്രധാന പങ്ക് വഹിക്കുന്നു.

ശ്രീ പോൾ കറുകപ്പള്ളി സാർ: അവസാനമായി, Cochin International School-ൽ ചേർന്നാലോ? ആഗ്രഹിക്കുന്നവർക്ക് ഒരു സന്ദേശം നൽകാമോ?

ശ്രീമതി ഷീല ചാക്കോ മാഡം: നിങ്ങളുടെ കുട്ടിയുടെ കഴിവുകൾ തിരിച്ചറിയുകയും വളർത്തുകയും ചെയ്യാനായി Cochin International School ഒരു മികച്ച വേദിയാണ്. പഠനവും മാനവികവികാസവും ഒത്തു ചേർന്ന അനുഭവമാണ് ഇവിടെ. എല്ലാവരെയും ഞങ്ങൾ ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു.

ശ്രീ പോൾ കറുകപ്പള്ളി സാർ: നന്ദി മാഡം, നന്ദി ദിപു സാർ. Cochin International School-ന്റെ ഭാവിയിലേക്കുള്ള എല്ലാ ആശംസകളും.

“വിദ്യാഭ്യാസം ഒരു കിണർ നിറയ്ക്കലല്ല, തീക്കണൽ തെളിയിക്കൽ ആണ്.” – ആൽബർട്ട് ഐൻസ്റ്റൈൻ










FOKANA CONVENTION 2025



Vincenté Jewelers
"where trust and service counts"
25 ATLANTIC AVENUE, FREEPORT, NY 11520,
TEL: (516) 868 - 7818, FAX: (516) 868 - 8245, www.vincentjewelers.com

For additional details regarding enrollment, jobs, or general inquiries, please get in touch with Abylash J. George at 201-707-7895.

Eastwick College
RANKED AMONG
Top 100
Colleges in the U.S.[1]
Best Value (ROI)

[1] Based on a study by Georgetown University using data from two-ye-year colleges across the nation

- NO REGISTRATION FEE
- HYBRID BSN CLASSES
- FINANCIAL AID AVAILABLE[2]
- FREE BOOKS AND LAPTOP[3]
- FREE TEAS TESTING[3]
- ACCELERATED DEGREES

[1] Financial aid is available to those who quality
[3] Applicants to the TEAS hursing class must complete nd an entrance examination
[2] Associate and Technical Track programs are exclusively offered at Eastwick College

Eastwick College PRIMDO ROMAGE eastwick.edu 1-866-EASTWICK

Physical therapy
WEST NYACK SPORTS MEDICINE
PHYSIATRIST AVAILABLE

WE BELIEVE IN TREATMENT THROUGH A COMPREHENSIVE APPROACH
by using the least amount of medication to get you better

SAJAN AUGUSTINE P.T.

TYPES OF THERAPY WE PROVIDE

NO MORE PAIN
- Pain Management
- Knee Pain
- Back Pain
- Neck Pain
- Shoulder Pain
- Orthopedic
- Rehabilitation
- Physiatry
- Sports Injuries




SPORTS INJURIES



WE ACCEPT
MEDICARE, MEDICAID & ALL OTHER MAJOR INSURANCES

CALL FOR APPOINTMENT
(845) 358-0019
369 SOUTH MAIN ST, NEWCITY, NY 10956, US

SELLING YOUR HOUSE? or BUYING A NEW HOME?





Serving New York Specialized in Queens & Nassau Counties



Mathew Thomas
ബാബു ചക്കുങ്കൽ
(Licensed Real Estate Broker)
Notary Public

Cell : 917.539.1652
Office : 718.831.0100
Fax : 718.831.0170

"For a Better Lifestyle"

CROSS ISLAND REALTY ONE, INC.
250-14A, Hillside Avenue, Bellerose, New York 11426
Email: crossislandrealtymathew@yahoo.com

• RESIDENTIAL • RENTALS • COMMERCIAL SALES

FOKANA CONVENTION 2025



ഇന്ത്യയുടെ രണ്ടാം സ്വാതന്ത്ര്യത്തിലേക്കുള്ള യാത്ര; കൊളോണിയൽ അവശിഷ്ടങ്ങളിൽ നിന്ന് ആഗോള സാമ്പത്തിക ശക്തിയിലേക്ക്

1947 ഓഗസ്റ്റ് 15-ന്, അർദ്ധരാത്രി കടന്നുപോയപ്പോൾ, ജവഹർലാൽ നെഹ്റുവിന്റെ ശബ്ദം ഇന്ത്യൻ പാർലമെന്റിൽ മുഴങ്ങി, "Long years ago we made a tryst with destiny". അത് ഒരു അതിബൃഹത്തായ വിജയാഘോഷത്തിൻറെ മുഹൂർത്തം ആയിരുന്നു, പക്ഷേ ആ ആഹ്ലാദത്തിന് പിന്നിൽ ഒരു വലിയ വില നാം നൽകിയിരുന്നു: ഇന്ത്യയുടെ ആദ്യ സ്വാതന്ത്ര്യം—രാഷ്ട്രീയ സ്വാതന്ത്ര്യം—വലിയ വില നൽകിയാണ് ലഭിച്ചത്. വിഭജിക്കപ്പെട്ടതും കൊള്ളയടിക്കപ്പെട്ടതും സാമ്പത്തികമായി ശൂന്യമായതുമായ രാജ്യമാണ് ബ്രിട്ടീഷുകാർ ബാക്കി വെച്ചത്. 1700-കളിൽ ആഗോള ജിഡിപിയുടെ 24% വരെ വിഹിതമുണ്ടായിരുന്ന "സ്വർണ്ണ പക്ഷി" എന്നറിയപ്പെട്ടിരുന്ന ഇന്ത്യ, 1947-ഓടെ 4%-ൽ താഴെ മാത്രമായി ചുരുങ്ങി. ക്ഷാമങ്ങൾ രാജ്യത്തെ തളർത്തി, റെയിൽവേകൾ കൊളോണിയൽ ചൂഷണത്തിന് മാത്രം ഉപയോഗിച്ചു, സമ്പദ്‌വ്യവസ്ഥ ശോഷിച്ചു. ശരാശരി ഇന്ത്യാക്കാരന്റെ ആയുർദൈർഘ്യം 32 വർഷമായിരുന്നു, 12% മാത്രമായിരുന്നു ഇന്ത്യയുടെ സാക്ഷരത. സാമ്പത്തികവും സാമൂഹികവുമായ സമൃദ്ധി—നേടിയെടുക്കുവാൻ അതെ ഒരു രണ്ടാം സ്വാതന്ത്ര്യത്തിലേക്ക് എത്തപ്പെടുവാൻ ഇന്ത്യക്ക് കടുത്ത പോരാട്ടം ആവശ്യമായിരുന്നു. ഇത്, ആ അവശിഷ്ടങ്ങളിൽ നിന്ന് ഇന്ത്യ ഒരു ഫീനിക്സ് പക്ഷിയെ പോലെ എങ്ങനെ ഉയർന്നു പറന്നു രണ്ടാം സ്വാതന്ത്ര്യത്തിലേക്കുള്ള പാത വെട്ടിത്തുറന്നു വന്ന കഥയാണ്.

ഭൂതകാലത്തിന്റെ ഭാരം: തകർന്ന ഒരു രാഷ്ട്രം

1950-കളിലും 60-കളിലും, പട്ടിണിയും ക്ഷാമവും ഇന്ത്യയുടെ സ്ഥിരം അവസ്ഥയായിരുന്നു. ശാസ്ത്രവും ആദർശവാദവും സമന്വയിപ്പിച്ച നെഹ്റു, സർക്കാർ നിയന്ത്രിത പൊതു വ്യവസായവൽക്കരണത്തിന് തുടക്കമിട്ടു. സ്റ്റീൽ പ്ലാന്റുകൾ, അണക്കെട്ടുകൾ, ബാങ്കുകൾ എന്നിവ ഉയർന്നു. സോവിയറ്റ് യൂണിയനിൽ നിന്ന് കടമെടുത്ത ആശയങ്ങളായ പഞ്ചവത്സര പദ്ധതികൾ, എന്ത്, എത്ര, ആര് ഉൽപ്പാദിപ്പിക്കണമെന്ന് നിയന്ത്രണം കൊണ്ടുവന്നു. ലൈസൻസ് രാജ് എന്ന നിയമത്തിന്റെ കേടുപാടുകളും ഒപ്പം വന്നു. ഒരു പിൻ നിർമ്മിക്കാൻ അനുമതി വേണം; ഒരു യന്ത്രം ഇറക്കുമതി ചെയ്യാൻ അനുവാദം ലഭിക്കണം; ഒരു ഫാക്ടറി തുടങ്ങാൻ ആയിരക്കണക്കിന് അനുമതികൾ. എന്തിനേറെ പറയുന്നു, ഒരു ഫോൺ കണക്ഷൻ ലഭിക്കാൻ ഏഴ് വർഷം വേണമായിരുന്നു, ഒരു സ്കൂട്ടർ സ്വന്തമാക്കണമെങ്കിൽ പത്ത് വർഷത്തെ കാത്തിരിപ്പ്. അന്നൊക്കെ വിദേശ ഉൽപ്പന്നങ്ങൾ സ്വപ്നം മാത്രമായിരുന്നു. 1950 മുതൽ 1980 വരെ, ഇന്ത്യയുടെ ജിഡിപി വർഷം 3.5% മാത്രം വളർന്നു, "ഹിന്ദു വളർച്ചാ നിരക്ക്" എന്ന് സാമ്പത്തിക ശാസ്ത്രജ്ഞർ അതിനെ പരിഹസിച്ചു. ദാരിദ്ര്യം വ്യാപകമായിരുന്നു, 1980-ഓടെ ഇന്ത്യയുടെ പ്രതിശീർഷ വരുമാനം ആഫ്രിക്കയിലെ സുഡാന്റേതിനേക്കാൾ താഴെയായി.

ഈ കെടുപാടുകളുടെ കാലത്ത്, രണ്ടാം സ്വാതന്ത്ര്യത്തിന്റെ ദാഹം പ്രകടമായിത്തുടങ്ങി. 1960-കളിലെ ഹരിത വിപ്ലവം,പതിയെ ക്ഷാമ ഭീഷണിയിൽ നിന്ന് ഇന്ത്യയെ ഭക്ഷ്യ സുരക്ഷയിലേക്ക് നയിച്ചു. 1970-ഓടെ, അമേരിക്കയിൽ നിന്ന് ഗോതമ്പ് ഇറക്കുമതി ചെയ്തിരുന്ന ഇന്ത്യ സ്വയം പര്യാപ്തമായി. ഭക്ഷ്യ സുരക്ഷ, ഇന്ത്യയുടെ പ്രതിരോധശേഷിയുടെ മൂലക്കല്ലായി.

മാറ്റത്തിന്റെ മന്ത്രണങ്ങൾ: പരിഷ്കരണത്തിന്റെ തുടക്കം

1980-കളിൽ, രാജീവ് ഗാന്ധിയുടെ നേതൃത്വത്തിൽ മാറ്റത്തിന്റെ മന്ത്രണങ്ങൾ ഉയർന്നു. യുവത്വവും സാങ്കേതികവിദ്യയോടുള്ള താൽപര്യവും ഉള്ള അദ്ദേഹം, ലൈസൻസ് രാജിന്റെ പിടി ഒരല്പം അയച്ചു തുടങ്ങി. തുണി മില്ലുകൾ നിയന്ത്രണമുക്തമായി, ആ കാലങ്ങളിൽ കമ്പ്യൂട്ടറുകൾ പതിയെ ഓഫീസുകളിൽ പ്രവേശിച്ചു, ടെലികോം മുൻഗണനയായി. അങ്ങനെ ഇന്ത്യയുടെ വളർച്ച 5-6%-ലേക്ക് ഉയർന്നു, നഗര ഇന്ത്യയിൽ സമൃദ്ധിയുടെ തിളക്കം പ്രത്യക്ഷപ്പെട്ടു. മധ്യവർഗ കുടുംബങ്ങൾ മാരുതി സുസുക്കി കാറുകൾ വാങ്ങിത്തുടങ്ങി, അവരുടെ വീടുകളിൽ കളർ ടിവികൾ എത്തി, ദൂർദർശനിലെ ക്രിക്കറ്റ് രാജ്യത്തെ ഒന്നിപ്പിച്ചു. എന്നാൽ, ഈ പുരോഗതിക്കിടയിൽ മറ്റൊരു പ്രതിസന്ധി തലപൊക്കി. 1991-ഓടെ, ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം ഏറ്റവും താഴ്ന്ന നിലയിലെത്തി. പണപ്പെരുപ്പം ഉയർന്നു. ഇന്ത്യ കടത്തിൽ മുങ്ങി. രണ്ടാഴ്ചത്തേക്ക് കഴിയുവാൻ മാത്രമുള്ള കരുതൽ ശേഖരം മാത്രമേ ഇന്ത്യയ്ക്ക് ഉണ്ടായിരുന്നുള്ളൂ. സ്വർണ്ണ ശേഖരം ലണ്ടനിലേക്ക് വായ്പക്ക് ഈടായി അയച്ചു, ഐഎംഎഫിൽ നിന്ന് 2.2 ബില്യൺ ഡോളറിന്റെ വായ്പ തേടി.
ഒരു നാണക്കേടിന്റെ അധ്യായം അങ്ങനെ.

വഴിത്തിരിവ്: രണ്ടാം സ്വാതന്ത്ര്യം

ഈ താഴ്ചയിൽ നിന്നാണ് ഇന്ത്യയുടെ രണ്ടാം സ്വാതന്ത്ര്യം രൂപപ്പെട്ടത്. പ്രധാനമന്ത്രി പി.വി. നരസിംഹ റാവുവിന്റെയും ധനമന്ത്രി ഡോ. മന്മോഹന് സിംഗിന്റെയും നേതൃത്വത്തിൽ, ലൈസൻസ് രാജ് പൊളിച്ചെഴുതപ്പെട്ടു, രൂപയുടെ മൂല്യം കുറച്ചു, വ്യാപാര തടസ്സങ്ങൾ നീക്കി, വിദേശ നിക്ഷേപത്തെ സ്വാഗതം ചെയ്തു. ഈ സാമ്പത്തിക വിപ്ലവം ഇന്ത്യയുടെ സാധ്യതകൾക്ക് ചിറക് നൽകി. ആദ്യ വർഷം, ജിഡിപി വളർച്ച 5.5%-ലേക്ക് കുതിച്ചു, കയറ്റുമതി വർദ്ധിച്ചു, സംരംഭകർ ചിറകടിച്ചുയർന്നു. 2000-കളുടെ തുടക്കത്തോടെ, ഇന്ത്യ ലോകത്തിന്റെ ഐടി ശക്തിയായി മാറി. ബെംഗളൂരു, പൂനെ, ഹൈദരാബാദ് തുടങ്ങിയ നഗരങ്ങൾ ആഗോള ടെക് ഭീമന്മാർക്ക് കേന്ദ്രങ്ങളായി. ഇൻഫോസിസ്, ടിസിഎസ്, വിപ്രോ എന്നിവ ആഗോള ബ്രാൻഡുകളായി. 2003-2008 കാലത്ത്, ജിഡിപി വളർച്ച ശരാശരി 8.8% ആയിരുന്നു.

ഇത് വെറും വളർച്ചയല്ല—സാമ്പത്തിക പരമാധികാരത്തിന്റെ പ്രഖ്യാപനമായിരുന്നു. മധ്യവർഗം വളർന്നു, മാളുകളിൽ ഷോപ്പിംഗ് നടത്തി, വിദേശ യാത്രകൾ നടത്തി, ഐഫോണുകൾക്കായി ക്യൂ നിന്നു. 2008-ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയിൽ പോലും ഇന്ത്യ തളർന്നില്ല. 2010-ഓടെ 9% വളർച്ചയിലേക്ക് തിരിച്ചെത്തി, ചില ഘട്ടങ്ങളിൽ ചൈനയെ മറികടന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കീഴിൽ, സാമ്പത്തിക അഭിലാഷം മുൻനിരയിൽ തുടർന്നു. ഉപഭോഗം, വിലകുറഞ്ഞ വായ്പ, സേവന മേഖലയുടെ വളർച്ച എന്നിവയാൽ 7-8% വളർച്ച നിലനിന്നു. സ്മാർട്ട്ഫോണുകൾ വിപണിയിൽ നിറഞ്ഞു, വിമാന യാത്ര സാധാരണമായി, യുപിഐ വഴിയുള്ള ഡിജിറ്റൽ ഇടപാടുകൾ വിപ്ലവം സൃഷ്ടിച്ചു.

പ്രതിരോധശേഷിയുടെ പരീക്ഷ: മഹാമാരിയിൽ നിന്നുള്ള ഉയർത്തെഴുന്നേൽപ്പ്

2020-ൽ, കോവിഡ്-19 മഹാമാരി ഒരു പാളം തെറ്റിയ തീവണ്ടിയെപ്പോലെ ഇന്ത്യയെ തകർത്തു. ലോക്ഡൗണുകൾ നഗരങ്ങളെ സ്തംഭിപ്പിച്ചു, ഉൽപ്പന്നങ്ങൾക്ക് ഡിമാൻഡ് ഇല്ലാതായി, ജിഡിപി 7.3% ചുരുങ്ങി—നാല് പതിറ്റാണ്ടിനിടയിലെ ഏറ്റവും മോശം പ്രകടനം. എന്നിട്ടും, ഈ പ്രതിസന്ധി ഇന്ത്യയുടെ രണ്ടാം സ്വാതന്ത്ര്യത്തിന്റെ ശക്തിയിൽ പരമാവധി കുറച്ചു. 2021-ൽ, വാക്സിനേഷൻ, റെക്കോർഡ് കയറ്റുമതി, സാങ്കേതികവിദ്യയുടെ അഭൂതപൂർവമായ സ്വീകരണം എന്നിവയാൽ 9% വളർച്ചയോടെ ഇന്ത്യ തിരിച്ചുവന്നു. യുപിഐ ഇടപാടുകൾ കുതിച്ചുയർന്നു, ഡിജിറ്റൽ ക്ലാസ്റൂമുകൾ സർവസാധാരണമായി, ഗ്രാമീണ ഉപഭോഗം വർദ്ധിച്ചു. 2022-2023 വർഷങ്ങളിൽ ഈ ആക്കം നിലനിന്നു, 2025-ൽ ഇന്ത്യ ഒരു ചരിത്ര നാഴികക്കല്ല് ആഘോഷിച്ചു: 4 ട്രില്യൺ ഡോളറിന്റെ സമ്പദ്‌വ്യവസ്ഥ, ജപ്പാനെ മറികടന്ന് ലോകത്തിലെ നാലാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി,

രണ്ടാം സ്വാതന്ത്ര്യത്തിന്റെ തൂണുകൾ

ഇന്ന്, 1947-ലെ ഇന്ത്യയെ തിരിച്ചറിയാനാവില്ല. ജിഡിപിയുടെ 50%-ലധികം സേവന മേഖല, 28% നിർമ്മാണം, 13% കൃഷി. 1947-ൽ 250 രൂപയായിരുന്ന പ്രതിശീർഷ വരുമാനം 2025-ൽ ഏകദേശം 2 ലക്ഷം രൂപയായി. ഭൂട്ടാനിൽ നിന്ന് വൈദ്യുതി ഇറക്കുമതി ചെയ്തിരുന്ന ഇന്ത്യ, ഇപ്പോൾ നേപ്പാളിനും ബംഗ്ലാദേശിനും വൈദ്യുതി കയറ്റുമതി ചെയ്യുന്നു. പെനിസിലിൻ ഇറക്കുമതി ചെയ്തിരുന്ന ഇന്ത്യ, ഇന്ന് ലോകത്തിന്റെ ഫാർമസി, 70% വാക്സിനുകൾ ഉൽപ്പാദിപ്പിക്കുന്നു, 30 ബില്യൺ ഡോളറിന്റെ ഫാർമ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നു. ക്ഷാമത്തിന്റെ നാടായിരുന്ന ഇന്ത്യ, ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ അരി കയറ്റുമതിചെയ്യുന്നു. ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്നു , ഗോതമ്പ്, പയർവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പഞ്ചസാര എന്നിവയുടെ ലോകത്തിലെ തന്നെ പ്രധാന വിതരണവും നടത്തുന്നു.

താഴെയുള്ള സംഖ്യകൾ ഇന്ത്യയുടെ പരിവർത്തനത്തിന്റെ കഥ നമ്മോടു പറയുന്നു:

യുപിഐ: 2024-ൽ 172 ബില്യൺ ഇടപാടുകൾ, വിസയുടെ ആഗോള വോളിയത്തിന്റെ അഞ്ചിരട്ടി.

കാറുകൾ: 1990-ൽ 1000 പേർക്ക് 5 കാറുകൾ, 2025-ൽ 30-ലധികം, ലോകത്തിലെ മൂന്നാമത്തെ വലിയ കാർ വിപണി.

സ്മാർട്ട്ഫോണുകൾ: 2004-ൽ പൂജ്യം, ഇന്ന് ലോകത്തിലെ രണ്ടാമത്തെ വലിയ വിപണി.

വ്യോമയാനം: 2001-ൽ 14 മില്യൺ യാത്രക്കാർ, 2024-ൽ 174 മില്യൺ, മൂന്നാമത്തെ വലിയ വ്യോമയാന വിപണി.

വിദേശ യാത്ര: 2000-ത്തിൽ 4.4 മില്യൺ, 2024-ൽ 30 മില്യൺ.

മുന്നോട്ടുള്ള പാത: വെല്ലുവിളികളും യുവത്വത്തിന്റെ ശക്തിയും

ഇന്ത്യയുടെ രണ്ടാം സ്വാതന്ത്ര്യം ഇന്നും പൂർണ്ണമായിട്ടില്ല. ഇപ്പോഴും പല നിലകളിലും അസമത്വം തുടരുന്നു, കോടീശ്വരന്മാർ വർദ്ധിക്കുമ്പോൾ ഗ്രാമീണ ദുരിതം നിലനിൽക്കുന്നു. തൊഴിലില്ലായ്മ ഇപ്പോഴും ഒരു നിശ്ശബ്ദ പ്രതിസന്ധിയാണ്, കാലാവസ്ഥാ വ്യതിയാനം വിളകൾ മുതൽ തീരദേശ നഗരങ്ങൾക്കു വരെ ഭീഷണിയാകുന്നു. എന്നാൽ, ഇന്ത്യയുടെ കൈയിൽ ഒരു തുറുപ്പുചീട്ടുണ്ട്: അതാണ് നമ്മുടെ യുവജനത. ജനസംഖ്യയുടെ 50% 30 വയസ്സിന് താഴെയാണ്. ഈ യുവതലമുറയെ വിദ്യാഭ്യാസം, തൊഴിൽ, ശാക്തീകരണം എന്നിവയിലൂടെ ശക്തിപ്പെടുത്തിയാൽ, രണ്ടാം സ്വാതന്ത്ര്യത്തിന്റെ അടുത്ത അധ്യായം എഴുതപ്പെടും.

ഒരു പുതിയ ലക്ഷ്യത്തിലേക്കുള്ള പ്രയാണം

1947 ൽ പൊരുതി നേടിയ സ്വാതന്ത്ര്യം ഇന്ന് ഈ സ്വാതന്ത്ര്യ ദിനത്തിൽ, നാം ആഘോഷിക്കുമ്പോൾ, സാമ്പത്തികവും സാമൂഹികവുമായ സമൃദ്ധിക്ക് വേണ്ടിയുള്ള ഇന്ത്യയുടെ കഴിഞ്ഞകാല പോരാട്ടത്തെ നാം ആദരിക്കുന്നു. ക്ഷാമത്തിൽ നിന്ന് ഭക്ഷ്യ സമൃദ്ധിയിലേക്ക്, ടെലിഗ്രാമിൽ നിന്ന് ടെറാബൈറ്റുകളിലേക്ക്, കൊളോണിയൽ ദാരിദ്ര്യത്തിൽ നിന്ന് മഹാമാരിക്ക് ശേഷമുള്ള പുതുയുഗത്തിലേക്ക് —ഇന്ത്യയുടെ രണ്ടാം സ്വാതന്ത്ര്യം പ്രതീക്ഷകളുടെ പൊൻകിരണങ്ങൾ നൽകുന്നു. സ്വർണ്ണ പക്ഷി വീണ്ടും ആകാശത്തേക്ക് പറന്നുയരുന്നു, അതിന്റെ പറക്കൽ അവസാനിച്ചിട്ടില്ല. ഒരു പൂർണ സ്വതന്ത്രത്തിലേക്കും ഒപ്പം സമൃദ്ധവും നീതിയുക്തവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിലേക്കുള്ള ഇന്ത്യയുടെ യാത്ര ഇപ്പോഴും തുടരുന്നു—എപ്പോഴും പാലിക്കപ്പെടേണ്ട വാഗ്ദാനത്തിലേക്കുള്ള പ്രയാണം.

കന്യാസ്ത്രീകളുടെ അറസ്റ്റിൽ ഐഒസി പെൻസിൽവാനിയ ചാപ്റ്റർ പ്രതിഷേധം രേഖപ്പെടുത്തി.

ഫിലാഡൽഫിയ: ചത്തീസ്ഗഢിലെ കന്യാസ്ത്രീകളുടെ അറസ്റ്റിൽ ഐഒസി പെൻസിൽവാനിയ ചാപ്റ്റർ പ്രതിഷേധം രേഖപ്പെടുത്തി. ഭരണഘടന അനുശാസിക്കുന്ന സ്വാതന്ത്ര്യം കാറ്റിൽ പറത്തിക്കൊണ്ട് ന്യൂനപക്ഷ പീഡനം നടത്തുന്ന ബിജെപിയുടെ ഹീനമായ നടപടിക്കെതിരെ ഇന്ത്യ ഒട്ടാകെ വ്യാപക പ്രതിഷേധങ്ങൾ നടക്കുന്നുണ്ട്. പൗര സംഘടനകൾ, വിദ്യാർത്ഥികളും സ്ത്രീകളുമടങ്ങുന്ന വിവിധ സംഘടനകളും പ്രതിഷേധത്തിൽ പങ്കെടുത്തു വമ്പിച്ച പ്രതിഷേധ റാലികളാണ് നടക്കുന്നത്





ജൂലൈ 25 ന് ചത്തീസ്ഗഢിലെ അംബികാപൂരിൽ നിന്ന് അസ്സിസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാകുലേറ്റ് സഭയിലേക്കുള്ള സിസ്റ്റർ പ്രീതിമേരിയും വന്ദന ഫ്രാൻസിസും അറസ്റ്റിലായ നടപടിക്കെതിരെയാണ് ഐഒസി പെൻസിൽവാനിയ ചാപ്റ്റർ പ്രതിഷേധ പ്രേമേയം അവതരിപ്പിച്ചത്. ഇവർക്കെതിരെ മതപരിവർത്തന നിയമവും മനുഷ്യക്കടത്ത് തടയുന്ന നിയമങ്ങളും പ്രകാരം കള്ളക്കേസ് കേസ് ചമച്ചാണ് അറസ്റ്റ് രേഖപ്പെടുത്തിയത് എന്ന് സംഘടനാ നേതാക്കൾ സംയുക്ത പ്രസ്താവനയിലൂടെ അഭിപ്രായപ്പെട്ടു. .
ഐഒസി പെൻസിൽവാനിയ ചാപ്റ്റർ പ്രസിഡൻറ്റ് ഡോ ഈപ്പൻ ഡാനിയേൽ, ചെയർമാൻ സാബു സ്കറിയ, സെക്രട്ടറി സുമോദ് നെല്ലിക്കാല, ട്രെഷറർ ഫീലിപ്പോസ് ചെറിയാൻ, വൈസ് ചെയർമാൻ ജീമോൻ ജോർജ്, വൈസ് പ്രസിഡൻറ്റ് മാരായ അലക്സ് തോമസ്, കുര്യൻ രാജൻ, ഫണ്ട് റെയിസിഗ് ചെയർമാൻ ജെയിംസ് പീറ്റർ, ജോയ്ന്റ്റ് ട്രെഷറർ ഷാജി സുകുമാരൻ, തോമസ്കുട്ടി വർഗീസ്, കമ്മറ്റി മെംബേർസ് ആയ ജിജോമോൻ ജോസഫ്, ജോബി ജോൺ എന്നിവർ അഭിപ്രായങ്ങൾ രേഖപ്പെടുത്തി പ്രതിഷേധത്തിൽ പങ്കുചേർന്നു.

FOKANA CONVENTION 2025

ഇന്ത്യ – ഓരോ മാസവും പുതുമയാർന്നൊരു യാത്രാ സ്വപ്നം









വിസ്മയങ്ങളുടെയും വൈവിധ്യത്തിന്റെയും നാട് ഇന്ത്യ. വർഷത്തിലെ ഓരോ മാസവും ഇവിടെ കാണാൻ പുതിയ ഭംഗിയും അനുഭവങ്ങളും കാത്തിരിക്കുന്നു. ഒരു സീസണിൽ മാത്രമല്ല, വർഷം മുഴുവനും സഞ്ചാരികൾക്ക് പുതിയ സ്ഥലങ്ങളും കാഴ്ചകളും തുറന്നു കൊടുക്കുന്ന രാജ്യമാണ് ഇത്. കേരളം എല്ലാസീസണിലും മനോഹരമാണെങ്കിലും, മഴക്കാലത്ത് അതിന് ഒരു പ്രത്യേക സൗന്ദര്യം ലഭിക്കുന്നു.

വർഷത്തിന്റെ തുടക്കത്തിൽ തന്നെ യാത്ര തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക്

ജനുവരി മാസത്തിൽ ഗോവ, രാജസ്ഥാൻ, ഉത്തരാഖണ്ഡിലെ ഒലി എന്നിവ നല്ല തെരഞ്ഞെടുപ്പുകളാണ്. ഗോവയിലെ ബീച്ചുകളും രാജസ്ഥാനിലെ ചരിത്രനഗരങ്ങളായ ജയ്പുർ, ഉദയ്പുർ, ജയിസാൽമിർ, ജോധ്പുർ എന്നിവയും ഒലിയുടെ മഞ്ഞുപൊത്തിയ മലനിരകളും മനസിനെ കവർന്നു പിടിക്കും.

ഫെബ്രുവരിയിൽ കൊണാർക്കിലെ സൂര്യക്ഷേത്രവും ചന്ദ്രഭാഗ ബീച്ചും, പോണ്ടിച്ചേരിയിലെ ബീച്ചുകളും ഓറോവിലും അരവിന്ദോ ആശ്രമവും സഞ്ചാരികളെ കാത്തിരിക്കുന്നു.

മാർച്ചിൽ വാരണാസിയിലെ ഗംഗാ ഘാട്ടുകളും വിശ്വനാഥ ക്ഷേത്രവും, ഋഷികേശിലെ ആത്മീയവും സാഹസികവുമായ അനുഭവങ്ങളും, കശ്മീരിലെ പൂന്തോട്ടങ്ങളും യാത്രയെ മനോഹരമാക്കും.

ഏപ്രിൽ മാസത്തിൽ കശ്മീരിലെ ടുലിപ് ഗാർഡൻ, അരുണാചൽ പ്രദേശിലെ മലനിരകളും സാംസ്കാരിക ഉത്സവങ്ങളും, ഡാർജിലിങ്, ഊട്ടി, കൂർഗ് എന്നിവിടങ്ങളിലെ ശാന്തമായ പ്രകൃതി മനസ്സ് നിറക്കും.

മേയിൽ കൊടൈക്കനാൽ, മണാലി, ഷിംല, ധരംഷാല, സ്പിതി വാലി തുടങ്ങി നിരവധി ഹിൽസ്റ്റേഷനുകൾ തണുത്ത കാലാവസ്ഥയോടെ വിനോദസഞ്ചാരികളെ വരവേൽക്കും.

ജൂൺ മാസത്തിൽ മേഘാലയയിലെ മഴവെള്ളച്ചാട്ടങ്ങളും റൂട്ട് ബ്രിജുകളും, ഷില്ലോങ്ങിന്റെ സാംസ്കാരിക ഭംഗിയും, ലഡാക്കിന്റെ തെളിഞ്ഞ പകലും തണുത്ത രാത്രിയും യാത്രികരെ ആകർഷിക്കും.

ജൂലൈയിൽ മഴയുടെ സുഖം ആസ്വദിക്കാൻ കേരളം തന്നെ മികച്ച തെരഞ്ഞെടുപ്പാണ്. അരുവികളും വെള്ളച്ചാട്ടങ്ങളും നിറഞ്ഞൊഴുകുന്ന കാഴ്ചകൾ പ്രകൃതിപ്രേമികളുടെ മനസ്സിനെ കീഴടക്കും.

ഓഗസ്റ്റിൽ തമിഴ്നാട്ടിലെ ഊട്ടി, കൊടൈക്കനാൽ, യേർക്കാട്, മഹാരാഷ്ട്രയിലെ ലോണാവാല, ഖണ്ഡള പോലെയുള്ള ഹിൽസ്റ്റേഷനുകൾ പച്ചപ്പിന്റെ നിറപ്പകിട്ട് വിളങ്ങും.

സെപ്തംബറിൽ ഉത്തരാഖണ്ഡിലെ നൈനിറ്റാൾ, മസൂറി, ജിം കോർബറ്റ് പാർക്ക് എന്നിവയും ആൻഡമാനിലെ തീരങ്ങളും സഞ്ചാരികളെ ആകർഷിക്കും.

ഒക്ടോബറിൽ വിജയനഗര സാമ്രാജ്യത്തിന്റെ പൈതൃകസ്മാരകങ്ങൾ നിറഞ്ഞ ഹംപിയിലെ യാത്ര അതുല്യമായൊരു അനുഭവമാകും. വിരുപാക്ഷ ക്ഷേത്രവും വിട്ടല ക്ഷേത്രവും, കൊറക്കിൾ ബോട്ടുയാത്രയും ചരിത്രത്തിന്റെ കഥകൾ പറയുന്ന കാഴ്ചകളാണ്.

വർഷാവസാനമായ നവംബറും ഡിസംബറും കേരളത്തിലെ കായൽ വിനോദയാത്രകൾക്കും മൂന്നാർ, വയനാട് പോലെയുള്ള ഹിൽസ്റ്റേഷനുകൾക്കും ഏറ്റവും അനുയോജ്യമായ സമയമാണ്. കൂടാതെ രാജസ്ഥാൻ, ഷിംല, മണാലി, ഗോവ എന്നിവിടങ്ങളും ഈ കാലത്ത് യാത്രയ്ക്കു നിറഞ്ഞ അനുഭവങ്ങൾ സമ്മാനിക്കും.

ഇങ്ങനെ, വർഷത്തിലെ ഓരോ മാസവും ഇന്ത്യയിലെ മറ്റൊരു മുഖം തുറന്നു കാട്ടുന്നു. കാലാവസ്ഥയ്ക്കും സീസണിനും അനുയോജ്യമായ സ്ഥലങ്ങൾ തിരഞ്ഞെടുത്താൽ, ഓരോ യാത്രയും ഒരിക്കലും മറക്കാനാകാത്ത ഓർമ്മയായി മാറും.

സ്ഥലം വില്പനയ്ക്ക്

4 Acres Land for sale

Near Govt. HS vennala

Contact

PAUL KARUKAPPILLIL - +91 8547730600

VARGHESE OLAHANNAN - (914) 673-7327

Land for sale

Kadayirupp - pattimattom road (synthete / padapparambu road - 10bel front road (driver shivanpillai - ponnachan opp plot)

Location: https://maps.google.com/?q=10.004673,76.446640

Contact

PAUL KARUKAPPILLIL -

+91 8547730600

+91 8921180055

BHARAT REALTY INC.

4 Massachusetts Ave.Congers, NY 10920

Tel: (845) 268-6782

SERVING ROCKLAND & ORANGE COUNTY

First Time Home Buyers ,New Construction ,Property Management

Real Estate Development

VARGHESE OLAHANNAN: (914) 673-7327

THOMAS NINAN: (845) 608-1934

WWW.BHARATREALTY.COM



FOKANA CONVENTION 2025

മഞ്ഞപ്രയിലെ പ്രകൃതി സൗന്ദര്യത്തിനിടയിൽ സ്ഥിതി ചെയ്യുന്ന സഞ്ജീവിനി ലൈഫ് കെയർ വില്ലേജ്.

മലയാളികൾക്കേറെ അഭിമാനം നൽകുന്ന ഒരു വെൽനെസ്സ് സെന്റർ കൊച്ചിൻ എയർപോർട്ടിനടുത്തു പ്രകൃതി രമണീയമായ മഞ്ഞപ്ര എന്ന ഗ്രാമത്തിൽ പ്രവർത്തനം തുടങ്ങി.

ഡോ രഘുനാഥ് നായർ നേതൃത്വം നൽകുന്ന സഞ്ജീവിനിയുടെ പ്രവർത്തനം ഏതൊരു മലയാളികളുടെയും അഭിമാനമാണെന്നതിൽ തെല്ലും സംശയത്തിന് വകയില്ല. യാതൊരുവിധ പാർശ്വഫലങ്ങളും ഇല്ലാത്ത ഒരു ചികിത്സാ രീതിയാണിവിടെ അവലംബിച്ചുവരുന്നത്. മരുന്നുകളോ ഇൻജക്ഷനുകളോ നൽകാതെ യാതൊരുവിധ പാർശ്വപാലങ്ങളും ഇല്ലാത്ത ഒരു ചികിത്സാ രീതിയാണ് ഇവിടെ നടപ്പിലാക്കിയിരിക്കുന്നത്.

ലോകനിലവാരം പുലർത്തുന്ന, അമേരിക്കൻ FDA അംഗീകരിച്ചിട്ടുള്ള ഉപകരണങ്ങളുടെ ശൃംഖല തന്നേ ഇവിടെയുണ്ട്. എല്ലാത്തരത്തിലുമുള്ള ഡോക്ടർമാരും, (അലോപ്പതി, ആയുർവേദ, സിദ്ധ, നാച്ചുറോപ്പതി മുതലായവരും, സ്പോർട്സ് സയന്റിസ്റ്, മൂവേമെന്റ് അനാലിസ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, സ്ട്രങ്ത് ആൻഡ് കണ്ടിഷനിംഗ് കോച്ചസ്, ഹൈഡ്രോ തെറാപ്പിസ്റ്റ്,) എന്ന് വേണ്ട എല്ലാവിധലുമുള്ള എക്സ്പേർട്ടുകളും ഇവിടെയുണ്ട്.

ഏതു തരത്തിലുള്ള വേദനകളും, മൈഗ്രൈൻ, ഡിപ്രഷൻ, പാർക്കിൻസൺസ്, ഓട്ടിസം, സ്ട്രോക്ക് റീഹാബിലിറ്റേഷൻ പോലുള്ള ബുദ്ധിമുട്ടുകൾ ഇവിടെ വളരെ അനായാസമായി ഭേദപ്പെടുത്തുന്നു. വിദേശരാജ്യങ്ങളിൽ പോലും ഇത്തരത്തിലുള്ള ഒരു ശാസ്ത്രീയ സംവിധാനം നിലവിലുണ്ടോ എന്നത് സംശയമാണ്. എന്നാൽ നമുക്കേറെ അഭിമാനം തോന്നുന്ന തരത്തിൽ നമ്മുടെ നാട്ടിൽ ലോകനിലവാരത്തിലുള്ള ഇത്തരമൊരു സ്ഥാപനം തികച്ചും അഭിമാനം തന്നെയാണ്



SANJEEVINI
LIFE CARE VILLAGE
Wholeness in Wellness

REALISE YOUR TRUE POTENTIAL

സഞ്ജീവിനി ലൈഫ് കെയർ വില്ലേജ് സന്ദർശനം

പ്രിയപ്പെട്ട ഡോ. രഘുനാഥ് നായർ,
ഇന്ന് സഞ്ജീവിനി ലൈഫ് കെയർ വില്ലേജ് – ഹോള്നസ് ആൻഡ് വെൽനസ് സന്ദർശിക്കാൻ കഴിഞ്ഞത് ഏറെ സന്തോഷം നൽകി. പരമ്പരാഗത ചികിത്സയും ആധുനിക വെൽനസ് രീതികളും ഏകീകരിക്കുന്നതിലുള്ള നിങ്ങളുടെ സമർപ്പിത പ്രവർത്തനം ഏറെ പ്രചോദനകരമാണെന്ന് അനുഭവപ്പെട്ടു.
മഞ്ഞപ്രയിലെ പ്രകൃതി സാന്നിധ്യവും, നിങ്ങളുടെ ദർശനപരമായ നേതൃത്വവും ചേർന്ന്, സഞ്ജീവിനിയെ ആരോഗ്യത്തിനും ജീവിതമാറ്റത്തിനും ആഗ്രഹിക്കുന്നവർക്ക് അപൂർവ്വമായ ഒരു കേന്ദ്രമാക്കി മാറ്റിയിരിക്കുന്നു.
ഇന്ന് നടന്ന സന്ദർശനത്തിൽ ഫൊക്കാനയുടെ മുൻ പ്രസിഡന്റും കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറുമായ ശ്രീ പോൾ കറുകപ്പിള്ളിൽ കൂടാതെ മുൻ പ്രസിഡന്റായ ശ്രീ മാധവൻ നായർ പങ്കെടുത്തത് പ്രത്യേക സന്തോഷം നൽകി.

നിങ്ങളുടെ നേതൃത്യത്തിൽ നടക്കുന്ന മഹത്തായ പ്രവർത്തനങ്ങൾക്ക് ആശംസകളും പിന്തുണയും അറിയിക്കുന്നു.
സ്നേഹത്തോടെ

ശ്രീ പോൾ കറുകപ്പിള്ളിൽ
ഫൊക്കാന മുൻ പ്രസിഡന്റ്, കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടർ













Experience the Unmatched Journey and
Return with a Revitalized Body,
Mind & Soul

FOKANA CONVENTION 2025

SANJEEVINI LIFE CARE VILLAGE

God's Own Country's Trailblazing Gift to the World — A Sanctuary of Science-Driven, Drug-Free Healing and Holistic Longevity

In the quiet, verdant village of Manjapra, near Kochi, a revolution in healthcare is quietly unfolding — and it's something every Malayali can be proud of. Sanjeevini Life Care Village, a world-class wellness destination, has begun operations in Kerala, redefining what healing truly means.

Unlike traditional medical centers, this is an institution with no pills, no injections, and absolutely no pharmaceutical dependency. Here, healing is gentle, scientific, and deeply personal — aimed not at managing symptoms, but at eliminating the root cause of disease.

No Medicines. No Injections. Just Results.

It might sound surprising in today's world of high-tech medicine, but Sanjeevini's approach is entirely non-invasive and drug-free. The results, however, speak louder than words. Individuals battling long-standing conditions such as:

· Nicotine addiction (smoking cessation)
· Chronic migraines
· Stress and anxiety-related illnesses
· Parkinson's disease
· Psoriasis
· Neurological and movement disorders

...are finding new hope and lasting relief through tailored wellness programs that combine clinical diagnostics with traditional healing wisdom.



What Makes Sanjeevini Unique?

At its core, Sanjeevini believes that the human body has an incredible ability to heal itself — if given the right tools and environment.

Using advanced tools like VO_2 max testing, isokinetic muscle analysis, and biomechanical movement labs,Transcraniel Magnetic Stimulation (TMS), Pelvic strengthening, Fat Burning, Strength and Conditioning, Hydro Therapy, the team of specialists develops fully customized therapies. These are then delivered through a range of drug-free modalities:

· Ayurvedic and naturopathic therapies
· Physiotherapy and mobility correction
· Mental health support through mindfulness, breathwork, and guided relaxation with TMS therapy.
· Nutrition and functional fitness programs using cutting-edge training tools

The result? Not just symptom relief, but a transformation in how guests feel, move, sleep, and think.

Healing Begins with Environment

The Sanjeevini campus isn't just a health center — it's a serene village designed to heal body and mind alike. With yoga studios, meditation decks, walking paths, and spacious luxury rooms that overlook nature, the entire space invites calmness.

It's a far cry from the sterile hospital environment. Here, wellness feels natural, personal, and empowering.

Proudly Rooted in Kerala, Made for the World


That such an institution exists in Kerala — and is entirely led by Indian expertise — is something we can all be proud of. Sanjeevini is a beacon of what the future of medicine looks like: prevention-first, personalized, and deeply holistic.


This is not alternative medicine — it is progressive, science-backed, and results-oriented care without the risks of drugs or surgery.

A Call to All Who Seek Real Change


Whether you're looking to quit smoking, manage a neurological condition, or simply escape the loop of stress and fatigue, Sanjeevini Life Care Village offers a new path — one rooted in self-awareness, natural healing, and lasting transformation.


Location: Manjapra, near Cochin International Airport, +919778634600, Website: sanjeevinilifecarevillage.com Packages: Tailored programs from 1week retreats to 4-week deep healing residencies Specialties: Chronic disease reversal, migrain and stress management, addiction recovery, mobility and movement therapy, skin & neurological care











SANJEEVINI
LIFE CARE VILLAGE
Wholeness in Wellness

P 0484-2736001 M +91 9349342366
W www.sanjeevinilifecarevillage.com
E ceo@sanjeeviniwellness.com
A Sanjeevini Life Care Village, Manjapra, Ernakulam,683581

FOKANA CONVENTION 2025

ഐ. ഒ. സി. പെൻസിൽവാനിയ ചാപ്റ്റർ - ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷം; കലാപരിപാടികൾ സുനീഷ് വാരനാട് നേതൃത്വം നൽകും

ഫിലാഡൽഫിയ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ചാപ്റ്റർ പെൻസിൽവാനിയ ഘടകം നടത്തുന്ന 78-മത് ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പ്രശസ്ത സിനിമ, ടി വി പിന്നണി പ്രവർത്തകനും, സ്ക്രിപ്റ്റ് റൈറ്ററും സ്റ്റാൻഡ് അപ് കൊമേഡിയനുമായ സുനീഷ് വാരനാട് നേതൃത്വം നൽകും. കേരളാ സാഹിത്യ അക്കാദമി അവാർഡ് ജേതാവാണ് സുനീഷ് വാരനാട്. ഗോഡ് ഫാദർ, റാംജി റാവ് സ്പീകിംഗ് പോലെ നിരവധി സിനിമകളിലും, ബഡായി ബംഗ്ലാവ്, പൊളിട്രിക്സ് ഉൾപ്പെടെയുള്ള നിരവധി ടെലിവിഷൻ ഷോകളിൽ സ്ക്രിപ്റ്റ് റൈറ്റർ ആയും ശോഭിച്ചിട്ടുള്ള അദ്ദേഹം മികച്ച സ്റ്റാൻഡ് അപ്പ് കോമേഡിയനായി ജനപ്രീതി നേടിയിട്ടുണ്ട്.

സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ചു പ്രശസ്ത സിനിമ പിന്നണി ഗായകർ അവതരിപ്പിക്കുന്ന ഗാനമേള ഉൾപ്പെടെ മികച്ച കലാപ്രകടങ്ങളാണ് ഐ. ഒ. സി. പെൻസിൽവാനിയ ചാപ്റ്റർ ഇത്തവണ ഒരുക്കിയിരിക്കുന്നത്.

ഓഗസ്റ്റ് 16 ശനിയാഴ്ച വൈകിട്ട് 4 .00 മണി (EST)ക്ക് ഫിലാഡൽഫിയയിലെ ക്രിസ്റ്റോസ് ചർച്ച് ഓഡിറ്റോറിയത്തിൽ വച്ചാണ് (9999 Gantry Rd, Philadelphia, PA 19115) ആഘോഷ പരിപാടികൾ അരങ്ങേറുക. കോൺഗ്രസ് നേതാവും കാസർകോട് എം.പിയുമായ രാജ്മോഹൻ ഉണ്ണിത്താൻ മുഖ്യാതിഥിയാകും. കേരള രാഷ്ട്രീയത്തിൽ ഏറെക്കാലമായി സജീവമായ രാജ്മോഹൻ ഉണ്ണിത്താൻ 2019 മുതൽ കാസർഗോഡ് എംപിയാണ്. കെപിസിസി സെക്രട്ടറിയായും കെപിസിസി വക്താവായും പ്രവർത്തിച്ചിട്ടുണ്ട്. പൊതുസംവാദങ്ങളിലും ടെലിവിഷൻ സംവാദങ്ങളിലും കുറിക്ക് കൊള്ളുന്ന മറുപടിയും മൂർച്ചയുള്ള പ്രതികരണങ്ങളുമായി ശ്രദ്ധിക്കപ്പെടുന്ന നേതാവാണ് ബഹുമാന്യനായ രാജ്മോഹൻ ഉണ്ണിത്താൻ.


ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് നേതാക്കൾക്ക് പുറമെ, സാമൂഹിക സാംസ്കാരിക നേതാക്കളും അമേരിക്കൻ പൊളിറ്റിക്സ് പ്രതിനിധികളും പങ്കെടുക്കും. പ്രവാസി ഇന്ത്യൻ സമൂഹം എന്ന നിലയിൽ മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ, സുഭാഷ് ചന്ദ്രബോസ്, മൗലാന ആസാദ്, ബി ആർ അംബേദ്കർ തുടങ്ങി ഇന്ന് നമ്മൾ ആസ്വദിക്കുന്ന ഇന്ത്യൻ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വഴിയൊരുക്കിയ ധീരരായ നേതാക്കളുടെയും




മറ്റ് പ്രമുഖ വ്യക്തിത്വങ്ങളുടെയും ത്യാഗത്തെ ഓർമ്മിക്കാനും ആഘോഷിക്കാനുമുള്ള സമയമാണിതെന്നും ഈ ആഘോഷങ്ങളിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നതായും ഐ. ഒ. സി. കേരള ചാപ്റ്റർ പെൻസിൽവാനിയ ഘടകം ഭാരവാഹികൾ അറിയിച്ചു. അത്താഴ വിരുന്നോടു കൂടിയായിരിക്കും പരിപാടികൾ സമാപിക്കുക. പ്രവേശനം തികച്ചും സൈജന്യമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്: പ്രെസിഡൻറ്റ് ഡോ. ഈപ്പൻ ഡാനിയേൽ 215 262 0709 . ചെയർമാൻ സാബു സ്കറിയ 267 980 7923 , ജനറൽ സെക്രട്ടറി- സുമോദ് റ്റി നെല്ലിക്കാല 267 322 8527 . ട്രെഷറർ- ഫിലിപ്പോസ് ചെറിയാൻ- 215 605 7310









FOKANA CONVENTION 2025

സക്കറിയ മാർ നിക്കോളോവോസ് തിരുമേനിയുടെ ഇളയ സഹോദരനും ഹൈക്കോടതിയിലെ പ്രമുഖ അഭിഭാഷകനുമായ അന്തരിച്ച അഡ്വ. ജോർജ്ജ് ജി. പൂതിക്കോട്ടിനു , ഫൊക്കാനയുടെ മുൻ പ്രസിഡന്റും കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറുമായ ശ്രീ പോൾ കറുകപ്പള്ളിൽ അനുശോചനം രേഖപ്പെടുത്തി .



കൊച്ചി: സക്കറിയ മാർ നിക്കോളോവോസ് തിരുമേനിയുടെ ഇളയ സഹോദരനും ഹൈക്കോടതിയിലെ പ്രമുഖ അഭിഭാഷകനുമായ ജോർജ്ജ് ജി. പൂതിക്കോട്ട് (കൊച്ചുമോൻ) ജൂലൈ 31-ന് നിര്യാതനായി. നിയമരംഗത്തെ സേവനത്തിൽ പ്രാവീണ്യവും മനുഷ്യസ്നേഹവും കൊണ്ട് സഹപ്രവർത്തകരുടെയും സുഹൃത്തുക്കളുടെയും ഹൃദയം കീഴടക്കിയ വ്യക്തിത്വമായിരുന്നു അദ്ദേഹം. ഫൊക്കാനയുടെ മുൻ പ്രസിഡന്റും കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറുമായ പോൾ കറുകപ്പള്ളിൽ അനുശോചനം രേഖപ്പെടുത്തി.

പൂതിക്കോട്ട് പുത്തൻപുര വീട്ടിൽ പരേതരായ പി.ജി. ജോർജിന്റെയും സൂസി ജോർജിന്റെയും മകനാണ്. മഞ്ചേരിയിൽ അഭിഭാഷകനായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം, 1993-ൽ ഹൈക്കോടതിയിലേക്ക് പ്രാക്ടീസ് മാറ്റി. സത്യസന്ധതയും ആത്മാർത്ഥതയും കൊണ്ട് തന്റെ വാദങ്ങളിൽ ഉറച്ചുനിന്ന അഭിഭാഷകനായിരുന്നു അദ്ദേഹം. സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായി പങ്കെടുത്തിരുന്നു.

ഭാര്യ: നിഷ. മക്കൾ: സൂസി, ജോസഫ്, കുര്യൻ. സഹോദരങ്ങൾ: സക്കറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത, അഡ്വ. പി.ജി. മാത്യു (മാത്തച്ചൻ), അഡ്വ. ജോർജ് പോത്തൻ, സഹോദരി രഞ്ജിനി.

അവസാന ദർശനം ആഗസ്റ്റ് 3-ന് ഞായറാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ 4.30 വരെ തേവര ചക്കോളാസ് ഹാബിറ്റാറ്റിലെ ക്ലബ്ഹൗസിൽ നടന്നു. സംസ്കാര ശുശ്രൂഷയും സംസ്കാരവും ആഗസ്റ്റ് 4-ന് തിങ്കളാഴ്ച ഉച്ചയ്ക്ക് 2.00 മുതൽ മേപ്രാലിലെ കുടുംബവീട്ടിൽ ആരംഭിച്ചു. തുടർന്ന് 3.00 മണിക്ക് മേപ്രാൽ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ സംസ്കാരം നടത്തി.
ജീവിതത്തിന്റെ അവസാനവരെ സേവനനിരയിൽ നിന്ന, മാതൃകാപരമായ വ്യക്തിത്വത്തിന്റെ നഷ്ടത്തിൽ കുടുംബാംഗങ്ങളും സുഹൃത്തുക്കളും നിയമരംഗവും ആഴത്തിലുള്ള ദുഃഖത്തിലാണ്.









FOKANA CONVENTION 2025

ഫൊക്കാന നേതാക്കളും കലാപ്രതിഭകളും കേരള ടൈംസ് ഓഫീസിൽ സന്ദർശനം നടത്തി



ഫ്ലോറിഡ, യു.എസ്.എ – മലയാളി സമൂഹത്തിന് പ്രതിനിധ്യം വഹിക്കുന്ന പ്രമുഖ മാധ്യമസ്ഥാപനമായ കേരള ടൈംസ് ഓഫീസിൽ ഔദ്യോഗിക സന്ദർശനം നടത്തി .

പ്രമുഖ വ്യക്തികൾ അടങ്ങിയ പ്രതിനിധി സംഘം. ഫൊക്കാന (ഫ്ലോറിഡാ റീജിയൺ) റീജിയണൽ വൈസ് പ്രസിഡണ്ട് ലിന്ഡോ ജോളി, പ്രശസ്ത പിന്നണി ഗായകൻ റമേഷ് ബാബു, ഫ്ലോറിഡയിലെ സാമൂഹിക പ്രവർത്തകനും സംസ്കാരിക തലത്തിലെ സാന്നിധ്യവുമായ ഹാവില് സെർജിയോ എന്നിവരാണ് സന്ദർശനം നടത്തിയവർ.

ഇവരെ കേരള ടൈംസ് മാനേജിംഗ് ഡയറക്ടറും മുന് ഫൊക്കാന പ്രസിഡന്റുമായ ശ്രീ. പോൾ കറുകപ്പള്ളിൽ സ്വാഗതം ചെയ്തു. യുഎസിലെ മലയാളി സമൂഹത്തിനായി ഇവർ നടത്തുന്ന സേവനങ്ങളെ അദ്ദേഹം ഏറെ പ്രശംസിച്ചു.

സൗഹാർദ്ദം, സാംസ്കാരിക ബഹുമതി, പരസ്പര സഹകരണ മനോഭാവം എന്നിവയുടെ അടയാളമായ ഈ സന്ദർശനം, കേരള ടൈംസിന്റെ ആഗോള മലയാളി സമൂഹവുമായി പുലർത്തുന്ന ബന്ധത്തെ ശക്തിപ്പെടുത്തുന്നതായി ചടങ്ങിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. ഫൊക്കാന പോലുള്ള സംഘടനകളുടെ ശ്രമങ്ങൾക്ക് പിന്തുണ നൽകുന്നതിനുള്ള മാധ്യമ ഉത്തരവാദിത്തം കേരള ടൈംസ് തുടരുമെന്നു പോൾ കറുകപ്പള്ളിൽ വ്യക്തമാക്കി.




മനുഷ്യാ ശാന്തമാക്കൂ.

കവി
നോബി പോൾ

മനുഷ്യ ശാന്തമാക്കൂ, ചോരതൻ കുനിഞ്ഞ മണ്ണിൽ,
അവിടെയും ഉണ്ടൊരു സ്നേഹത്തിന്റെ കനിവ് വരണം.
കഠിനമാം പാറക്കല്ലുകൾ പൊട്ടിച്ചെറിഞ്ഞ നിലത്ത്,
വിരൽചിഹ്നമായ് തഴുകിക്കുളിർന്നു കാത്തിരിപ്പിന്.
നിറഞ്ഞു കരയുമ്പോൾ മണ്ണിൽ മധുരമാടുന്നു,
വിറെച്ചതാം കരകളിൽ പൊന്നും കരുണയും പൂത്തു.
ഉരുട്ടും കാലഘട്ടങ്ങൾ സാക്ഷിയായ് നിൽക്കുമ്പോൾ,
തിളങ്ങുന്നു പുതുവേളകളുടെ സ്വപ്നങ്ങൾ താളം.
കാടുകളിലേക്കുയർന്ന് കാറ്റ് പെരുകും പോലെ,
ചെറുവിരലുകളിൽ മനുഷ്യൻ പാടി എഴുന്നേതാം .
രക്തപ്പാടുകളിൽ നിന്ന് മങ്ങാതെ ഉയർന്ന മുരളി,
പടർന്നു വീണു പൊടുന്ന പഴയ യുദ്ധഗാഥകൾ.
വിരൽ തട്ടും മിഴിവോടെ നിന്നപ്പോൾ കേട്ടു മനുഷ്യൻ,
സ്നേഹ പാടുകൾ തഴുകി മുളപ്പിക്കട്ടെ മനസിൽ.
കടലിനും നിലത്തിനും ഒരുപാട് കഥകൾ പറഞ്ഞു,
ആകാശത്തിന്റെ മിന്നലിൽ തെളിഞ്ഞു പുതിയ നാൾ.
പുകഞ്ഞുപോന്ന കൈകൾ പുണ്യം തേടി ഒന്നായി ചേരും,
യുദ്ധത്തിന്റെ തീവ്രത മങ്ങിയൊരു ലോകം പണിയാം.
നീ വിരൽ കുത്താതെ മുന്നോട്ട് നടക്കണം മനുഷ്യാ,
ആശയങ്ങൾക്കു വഴിയൊരുക്കി മുന്നോട്ട് പോവുക.
നിറഞ്ഞു നിൽക്കുന്നു കരുണയുടെയും മാനവികതയുടെ,
വിറെച്ചതാം ഒറ്റപ്പെടലിൽ നിന്നൊരു കാവലൻ.
പൊട്ടിപ്പൊടിയാതെ നില്ക്കുമ്പോൾ ആത്മാവ് ജ്വലിക്കും,
തിളങ്ങും പുതുവൈഭവം പകലിലാകുമ്പോൾ മനസ്സ്.
മനുഷ്യ ശാന്തമാക്കൂ, പാടുക ജയം നമ്മുടെ നാടിന്,
ഉടൻ വരും സമാധാനത്തിന്റെ പുതുവേളയായ്.

നോബി പോൾ
സബ് എഡിറ്റർ ,കേരളാ ടൈംസ്

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ 'ബി നിലവറ' – തുറക്കാത്ത വാതിലിന്റെ രഹസ്യം വീണ്ടും ചർച്ചയിൽ



തിരുവനന്തപുരം • ലോകത്തിലെ ഏറ്റവും സമ്പന്നമായ ക്ഷേത്രങ്ങളിൽ ഒന്നായ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ 'ബി നിലവറ' വീണ്ടും ചർച്ചയാകുന്നു. അനവധി സ്വർണ്ണാഭരണങ്ങളും വിലമതിക്കാനാവാത്ത രത്നങ്ങളും സൂക്ഷിച്ചിരിക്കുന്നതായി കരുതുന്ന ഈ നിലവറ വർഷങ്ങളായി തുറന്നിട്ടില്ല.

ക്ഷേത്ര ഉപദേശക സമിതി യോഗത്തിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധി എം. വേലപ്പൻ നായർ 'ബി നിലവറ' തുറക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ, കേന്ദ്ര സർക്കാരിന്റെ പ്രതിനിധിയും ബിജെപി നേതാവുമായ കരമന ജയൻ ഇതിനെതിരെ വാദിച്ചു. ബി നിലവറ തുറക്കുന്നത് ആചാരവിരുദ്ധമാണെന്നും ഇപ്പോൾ അതിന് സാഹചര്യമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

2011-ലെ ദേവപ്രശ്നത്തിൽ തന്നെ ബി നിലവറ ദേവചൈതന്യം നിറഞ്ഞ സ്ഥലമാണെന്ന് പറഞ്ഞിരുന്നു. അതിനാൽ, ഇത് തുറക്കുന്നത് ക്ഷേത്ര രീതി-രിവാജങ്ങൾക്ക് വിരുദ്ധമാകും എന്ന താണ് ഭരണസമിതിയുടെ നിലപാട്.

ക്ഷേത്രത്തിൽ ആകെ ആറു നിലവറകളാണ് ഉള്ളത്. ഭരതക്കോണിലായുള്ള ബി നിലവറ ഇരട്ട കരിങ്കൽ വാതിലുകളാൽ പൂട്ടിയിരിക്കുന്നു. ഇവയ്ക്ക് സാധാരണ തുറക്കാനുള്ള സംവിധാനമില്ല; തുറക്കണമെങ്കിൽ വാതിലുകൾ പൊളിക്കേണ്ടി വരും. വാതിലിന് മുകളിൽ കൊത്തിവെച്ചിരിക്കുന്ന നാഗചിത്രം നിരവധി കഥകൾക്കും അന്ധവിശ്വാസങ്ങൾക്കും വഴിവെച്ചിട്ടുണ്ട്. ചിലർ സർപ്പങ്ങൾ തന്നെ ഇതിനെ കാവലിരിക്കുന്നു എന്ന് വിശ്വസിക്കുന്നു.

ബി നിലവറയുടെ രണ്ടാമത്തെ അറ ശ്രീകോവിലിന്റെ അടിഭാഗം വരെ പോകുന്നുണ്ടെന്നാണ് വിശ്വാസം. ചരിവുള്ള പ്രതലത്തിലൂടെ മാത്രമേ അവിടേക്ക് കടക്കാനാകൂ. മുൻകാലങ്ങളിൽ തുറക്കാൻ ശ്രമിച്ചിട്ടും, അപകടങ്ങൾ സംഭവിച്ചതിനാൽ അത് ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്.

മറ്റ് നിലവറകളിൽ ചിലത് ക്ഷേത്രോത്സവത്തിനും ദിവസേനാ വശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നു. എ നിലവറയിൽ മുൻപ് നടത്തിയ കണക്കെടുപ്പിൽ ഏകദേശം ഒന്നര ലക്ഷം കോടി രൂപ വിലമതിക്കുന്ന സ്വർണ്ണാഭരണങ്ങളും രത്നങ്ങളും കണ്ടെത്തിയിരുന്നു. അതിനാൽ, ബിയിലും അതിലും വലിയ ധന സമ്പത്ത് ഉണ്ടാകാമെന്ന് പലരും കരുതുന്നു.

തിരുവിതാംകൂർ രാജകുടുംബാംഗം അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ബായി പറയുന്നു: "ബി നിലവറയുടെ ആദ്യ അറ മാത്രമാണ് തുറന്നിട്ടുള്ളത്. അതിനു അപ്പുറം കിഴക്കോട്ട് തുറക്കേ ണ്ടൊരു വാതിൽ ഉണ്ടെങ്കിലും അത് ഇന്നുവരെ ആരും തുറന്നിട്ടില്ല. അതിനപ്പുറം എന്താണെന്ന് ഞങ്ങൾക്കും അറിയില്ല. ഒരുപക്ഷേ അത് ക്ഷേത്രത്തിന്റെ ദൈവീക ശക്തിയുമായി ബന്ധപ്പെട്ട രഹസ്യം ആയിരിക്കാം. ലോകത്ത് നമ്മുക്ക് അറിയാത്ത നിരവധി രഹസ്യങ്ങൾ ഇനിയും നിലനിൽക്കുന്നു."





FOKANA CONVENTION 2025

PARK FUNERAL CHAPELS

Generations of Dignified Personal Service



SINCE 1907 FAMILIES HAVE COUNTED ON US TO HELP THEM THROUGH DIFFICULT TIMES, AND WE HAVE ALWAYS BEEN THERE BY PROVIDING DIGNIFIED PERSONAL SERVICE.

WWW.PARKFUNERALCHAPELS.COM
GARDEN CITY PARK, NY 11040
T: (516) 747-4300

MALABAR PALACE RESTAURANT

Malabar Palace

A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love



Authentic Indian Cuisine







Our chefs bring generations–
old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 44 Route 303, Valley Cottage, NY 10989
Tel:1-914-688-9000 | www.malabarpalace.us
malabarpalaceny@gmail.com

MALABAR PALACE RESTAURANT DINE IN RESTAURANT






സ്വർണ്ണാഭരണങ്ങൾ വിൽക്കുമ്പോൾ
ഏറ്റവും ഉയർന്ന വില ലഭിക്കുവാൻ, വിളിക്കൂ...
9605620077



KOYIKKARAS
GOLD & DIAMONDS
PIONEER TOWER, MARINE DRIVE, ERNAKULAM



Shanmugham Road, Pioneer Tower, Marine Drive, Ernakulam
6238148686, 94471 56894 9605620077
www.koyikkarasgold.com



FOKANA CONVENTION 2025

















FOKANA CONVENTION 2025



കായികം



ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയിൽ ശുഭ്മാൻ ഗില്ലിന്റെ ചരിത്രനേട്ടം

ഇംഗ്ലണ്ടിനെതിരായ 2025 ആന്ഡേഴ്സൺ–ടെണ്ടുല്ക്കര് ട്രോഫിയില് ഇന്ത്യയെ നയിച്ച ആദ്യ ടെസ്റ്റ് പരമ്പരയില് തന്നെ ശുഭ്മാന് ഗില് ചരിത്രമെഴുതി. നാലു ടെസ്റ്റുകള് ഉള്പ്പെട്ട പരമ്പര 2–2ന് സമനിലയിലെത്തിക്കാനാണ് നവോദയ നായകന് കഴിഞ്ഞത്, തുടര്ച്ചയായ രണ്ടാം തവണയ്ക്കും ഇംഗ്ലീഷ് നിലത്തിപ്പോലും പരമ്പര തോല്വി ഒഴിവാക്കിയതാവുന്നതില് ഇന്ത്യയ്ക്ക് അപൂര്വ്വ നേട്ടമാണിത്.

സീനിയര് താരങ്ങളായ അവശേഷിച്ചവര്ക്കാരും വിരമിച്ചരോ ഉള്ള വീണ്ടും രവിചന്ദ്രന് അശ്വിന്, വിരാട് കോഹ്ലി, രോഹിത് ശര്മ്മ എന്നിവരുടെ അഭാവത്തില് യുവ ടീമിനെ ധീരമായി മുന്നോട്ട് നയിച്ച ഗില് ബാറ്റുമായി മുന്നണിയില് നിന്ന് കാഴ്ചയൊരുക്കി. പരമ്പരയില് നാല് സെഞ്ചുറികളടക്കം 754 റണ്സ് നേടിയതോടെ ശരാശരി 75.40 ആയിരുന്നു. എഡ്ബാസ്റ്റണ്, ഓവല് ടെസ്റ്റുകളിൽ ചരിത്രവിജയമാണ് ഇന്ത്യ നേടിയത്.
25 വയസ്സും 326 ദിവസവും മാത്രം പ്രായമുള്ള ഗില് ഇംഗ്ലണ്ടില് ഒരു പരമ്പരയില് പ്രവാസി ക്യാപ്റ്റനെന്ന നിലയില് രണ്ട് ടെസ്റ്റുകള് ജയിക്കുന്ന രണ്ടാമത്തെ ഏറ്റവും യുവനായ താരവും, ഏഷ്യയിൽ നിന്നുള്ള ആദ്യം വ്യക്തിയുമാണ്. ഇതിന് മുമ്പ് 22 വയസ്സിലാണ് ദക്ഷിണാഫ്രിക്കന് ഗ്രേം സ്മിത്ത് ഈ നേട്ടം നേടിയത് . പാകിസ്താന്റെ സല്മാന് ബട്ട് മാത്രമാണ് 26 വയസിന് മുമ്പ് ഇംഗ്ലണ്ടിലെത്തി ടെസ്റ്റ് ജയിച്ച മറ്റൊരു ഏഷ്യന് നായകന്, പക്ഷേ ഗില്ലിനോടുള്ളതുപോലെ രണ്ട് വിജയം ഒരു പരമ്പരയില് നേടിയത് അപൂര്വ്വമാണ്.

പരമ്പരയിലെ ഇന്ത്യയുടെ താരത്തിനുള്ള പ്ലെയര് ഓഫ് ദ് സീരീസ് പുരസ്കാരവും 25 കാരനായ ഗില്ലിനെയാണ് തേടിയെത്തിയത്. സന്ദര്ഭം ചരിത്രപ്രധാനമാക്കി മാറ്റിയത് – 26 വയസിനുള്ളില് ഇംഗ്ലീഷ് മണ്ണില് നിന്നും ഈ പുരസ്കാരം നേടുന്ന ആദ്യ ഏഷ്യന് നായകനാകുന്നതിനോടൊപ്പം, വിസിറ്റിംഗ് ക്യാപ്റ്റൻ ആയി ഇതുവരെ ഈ ബഹുമതിയേല്ക്കുന്ന പത്തൊമനാകുന്നതുമാണ്.

വിരാട് കോഹ്ലി (2018), മുഹമ്മദ് അസറുദ്ദിൻ (1990), ജസ്പ്രിത് ബുംറ (2021–22) എന്നിവരാണ് ഇതിനു മുമ്പ് ഇന്ത്യയെപ്രതിനിധീകരിച്ചു ഇംഗ്ലണ്ടില് നിന്നുള്ള പ്ലെയര് ഓഫ് ദ് സീരീസ് ആയി തിളക്കം നേടിയ മറ്റു പ്രമുഖർ. പക്ഷേ ഇന്ത്യന് ടെസ്റ്റിന്റെ പുതിയ കാലഘട്ടം മുദ്രയിട്ടതോടെ, ശുഭ്മാന് ഗില്ലിന്റെ നേട്ടം ഇന്ത്യന് ക്രിക്കറ്റിന് പുതിയ അഭിമാന നേട്ടം കൂടി തന്നിരിക്കുകയാണ്.



റെക്കോർഡ് സമ്മാനത്തുകയുമായി എത്തുന്നു യുഎസ് ഓപ്പൺ ടെന്നിസ്



ന്യൂയോർക്ക് • ഈ മാസം ആരംഭിക്കുന്ന യുഎസ് ഓപ്പൺ ഗ്രാൻഡ് സ്ലാം ടെന്നിസ് ടൂർണമെന്റ് ഇത്തവണ സമ്മാനത്തുകയിൽ വൻ വർധന പ്രഖ്യാപിച്ചു. ആകെ സമ്മാനത്തുക 9 കോടി യുഎസ് ഡോളർ, അതായത് ഏകദേശം 786 കോടി രൂപ. കഴിഞ്ഞ വർഷത്തേക്കാൾ 20 ശതമാനം കൂടുതലാണിത്. ഇതിനകം തന്നെ ലോകത്തിലെ ഏറ്റവും കൂടുതൽ സമ്മാനത്തുകയുള്ള ടെന്നിസ് ടൂർണമെന്റ് എന്ന റെക്കോർഡ് യുഎസ് ഓപ്പൺ സ്വന്തമാക്കിയിട്ടുണ്ട്.

പുരുഷ സിംഗിൾസും വനിതാ സിംഗിൾസും വിജയിക്കുന്നവർക്ക് 50 ലക്ഷം യുഎസ് ഡോളർ (ഏകദേശം 44 കോടി രൂപ) ലഭിക്കും. കഴിഞ്ഞവർഷം ഈ തുക 10 ലക്ഷം യുഎസ് ഡോളർ (ഏകദേശം 8.75 കോടി രൂപ) മാത്രമായിരുന്നു. റണ്ണറപ്പിന് 22 കോടി രൂപ, സെമിഫൈനലിൽ തോൽക്കുന്നവർക്ക് 11 കോടി രൂപ, ക്വാർട്ടർ ഫൈനലിൽ തോൽക്കുന്നവർക്ക് 5.8 കോടി രൂപ എന്നിങ്ങനെയാണ് സമ്മാനത്തുക.

ഡബിൾസ് മത്സരങ്ങളിലെ ജേതാക്കൾക്ക് 8.75 കോടി രൂപയും റണ്ണറപ്പിന് 4.4 കോടി രൂപയും ലഭിക്കും. പുരുഷ, വനിതാ ഡബിൾസിനൊപ്പം മിക്സഡ് ഡബിൾസും ഇത്തവണ ഉണ്ടാകും. ഓഗസ്റ്റ് 24നാണ് യുഎസ് ഓപ്പണിന് തുടക്കം.

വിരാട് കോലിയും രോഹിത് ശർമയും ഏകദിനത്തിൽ തുടരും; വിരമിക്കൽ അഭ്യൂഹങ്ങൾ തള്ളി ബിസിസിഐ



ന്യൂഡൽഹി • ഓസ്ട്രേലിയൻ പര്യടനത്തിനുശേഷം വിരാട് കോലിയും രോഹിത് ശർമയും ഏകദിന ക്രിക്കറ്റിൽ നിന്ന് വിരമിക്കുമെന്ന് പ്രചരിച്ചിരുന്ന വാർത്തകൾ ബിസിസിഐ തള്ളി. 2027 ഏകദിന ലോകകപ്പുവരെ ഇരുവരെയും ടീമിൽ പരിഗണിക്കില്ലെന്നോ, ഒക്ടോബർ 25ന് സിഡ്നിയിൽ നടക്കുന്ന മൂന്നാം ഏകദിനത്തിനുശേഷം അവർ വിടവാങ്ങുമെന്നോ യാതൊരു തീരുമാനവും ഇല്ലെന്ന് ബോർഡ് വ്യക്തമാക്കി.
കോലിയും രോഹിത്തും വിരമിക്കൽ സംബന്ധിച്ച് ഇപ്പോൾ ആലോചനകളൊന്നുമില്ലെന്ന് ബിസിസിഐ പ്രതിനിധികൾ അറിയിച്ചു. ഈ വർഷത്തെ ഏഷ്യാ കപ്പിനും അടുത്തവർഷത്തെ ട്വന്റി20 ലോകകപ്പിനുമായി മികച്ച ടീമിനെ ഒരുക്കുക തന്നെയാണ് പ്രധാന ലക്ഷ്യമെന്നും പിടിഐ റിപ്പോർട്ട് ചെയ്തു. ടെസ്റ്റ്, ട്വന്റി20 എന്നിവയിൽ നിന്ന് മുമ്പേ വിരമിച്ച ഇരുവരും ഈ വർഷത്തെ ഐപിഎലിനുശേഷം മത്സരങ്ങളിൽ നിന്നാണ് വിട്ടുനിന്നത്.
2027 ലോകകപ്പ് സമയത്ത് കോലിക്കു 39വും രോഹിത്തിനു 40വും വയസ്സാകും. പ്രായക്കൂടുതലും മത്സരങ്ങളുടെ കുറവും അവരുടെ പ്രകടനത്തെ ബാധിക്കുമെന്ന ആശങ്കകളാണ് വിരമിക്കൽ അഭ്യൂഹങ്ങൾക്ക് കാരണമായത്. എങ്കിലും, നിലവിലെ ഫോമിൽ ഇരുവരുടെയും ഏകദിന ടീമിലെ സ്ഥാനം ഭദ്രമാണെന്ന് ബോർഡ് ഉറപ്പിച്ചു. കഴിഞ്ഞ ചാംപ്യൻസ് ട്രോഫിയിൽ പാക്കിസ്ഥാനെതിരായ ഗ്രൂപ്പ് മത്സരത്തിൽ സെഞ്ചുറിയുമായി കോലി തിളങ്ങിയപ്പോൾ, ഫൈനൽ വിജയത്തിൽ അർധസെഞ്ചുറിയുമായി രോഹിത്തിന്റെ ഇന്നിങ്സും നിർണായകമായിരുന്നു.
ഒക്ടോബർ 19 മുതൽ 25 വരെ നടക്കുന്ന ഓസ്ട്രേലിയയ്ക്കെതിരായ ഏകദിന പരമ്പരയിലൂടെയാണ് ഇരുവരും ടീമിലേക്ക് മടങ്ങി എത്തുക. നവംബറിൽ നാട്ടിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെയും ഇന്ത്യ ഏകദിന പരമ്പര കളിക്കും. ഐപിഎലിന് ശേഷം ലണ്ടനിൽ ബാറ്റിങ് പരിശീലനം നടത്തുന്ന കോലി അടുത്തിടെ ഇൻസ്റ്റാഗ്രാമിൽ വീഡിയോ പങ്കുവെച്ചിരുന്നു. വിദേശ യാത്രകൾക്കുശേഷം മുംബൈയിലെത്തിയ രോഹിത്തും പരിശീലനം ഉടൻ പുനരാരംഭിക്കുമെന്നാണ് സൂചന.
വൈറ്റ് ബോൾ ക്രിക്കറ്റിൽ അസാധാരണ മികവുള്ള കളിക്കാരാണെന്നും, ഫോം നിലനിർത്തുന്നിടത്തോളം ഇരുവരും ടീമിൽ തുടരണമെന്നും മുൻ ക്യാപ്റ്റൻ സൗരവ് ഗാംഗുലി അഭിപ്രായപ്പെട്ടു. ഒക്ടോബറിലെ ഓസ്ട്രേലിയൻ പര്യടനം അവരുടെ അവസാന അന്താരാഷ്ട്ര മത്സരം ആകുമെന്ന അഭ്യൂഹങ്ങൾക്കായിരുന്നു ഗാംഗുലിയുടെ പ്രതികരണം. 2027 ലോകകപ്പ് വരെ ടീമിൽ തുടരുമെന്ന താൽപര്യം കോലിയും രോഹിത്തും നേരത്തെ പ്രകടിപ്പിച്ചിരുന്നു.

FOKANA CONVENTION 2025

















FOKANA CONVENTION 2025

SAJ EARTH RESORT & CONVENTION CENTER



SAJ JUNCTION, NEAR COCHIN INTERNATIONAL AIRPORT,
NEDUMBASSERY, COCHIN, KERALA, INDIA – 683572
0484-2611777 sales@sajhotels.com

National Life Group®
Experience Life®

Aflac



SHIRLEY JOHN, PT PhD
LICENSED INSURANCE AGENT FOR LIFE, HEALTH AND ANNUITIES – (NY, NJ, FL, GA, NC, MD, DE)

914-255-6155 (Call/Text)
SHIRLEYJOHNPFA@GMAIL.COM

Free Consultation

NLG - For all your Life, Annuity, and IRA needs.
- Tax Free Retirement
- Life Insurance with Full Living Benefits
- College Funds with No Penalties
- Mortgage Protection
- Income Replacement
- Interest Free Loans

Aflac – For your company's supplemental insurance



CENTURY 21 ROYAL

BUYING AND SELLING
LICENSED IN NY & CT
Commitment and Exceptional Service

JITHIN VARGHESE
Associate Real Estate Broker
914 406 3873
jithin@century21royal.com
www.century21.com
697 Central Park Avenue
Scarsdale, NY 10583

NOW TAKE OUT ONLY

Salkara
AUTHENTIC INDIAN RESTAURANT



നാടൻ കപ്പ ബിരിയാണി
KAPPA BIRIYANI

Explore the Rich Flavors of Tandoori Cuisine

TODAY SPECIAL MENU

Kappa Biriyani	
Chicken Dum Biriyani (Thalassery Special)	Chicken Roast
Thattukada Chicken Fry	Beef Fry
Chicken Curry	Beef Curry
Tandoori Chicken	Fish Tawa Fry
Chicken Malai Kebab	Fish Curry
Chicken Tikka	Kappa
Chicken Hariyali Kebab	Paratha
Tandoori Mix Kebab	Chapati
Chilli Chicken	Naan

Snacks also Available

OPENING HOURS: Every Day 11.30am to 9pm


We Accept Pre-Orders

551-346-5993 | 551 221-3753

209 W Route 59, Nanuet, New York 10954

The Finest in Indian Cuisine

SPICE VILLAGE



FREE DELIVERY
Take - Out Available

GIFT CERTIFICATES AVAILABLE

ALL-YOU-CAN-EAT LUNCH BUFFET $10.95 MONDAY-FRIDAY
$15.95 SAT. & SUN. 7 DAYS. 12PM-2.30PM ONLY

SPICE VILLAGE
8 Columbus Ave. Tuckahoe . (914) 779-5400
(914) 340-8415 . Spicevillageny.com
Open 7 Days (Closed daily 2:30pm-5pm) . Buffet: Mon-Sun. Noon: 2.30pm . Extended Buffet Sat & S
Lunch: Mon-Sun. Noon-2.30pm. Dinner: Sun-Thurs 5-10pm Fri & Sat 5-10.30pm
Indoor & Ourdoor Catering Services

SECURECASH

Cash Management Simplified

astest growing cash logistics provider in the New York metro regio

- Armored Cash-In-Transit
- ATM Servicing & Balancing
- Currency Processing
- Cash Buy & Sell Services
- Bank Inventory Services
- SmartSafe Sales and Service
- S&G and Cencon (Kaba) Lock sales



718-473-0959
www.securecashllc.com

FOKANA CONVENTION 2025



















FOKANA CONVENTION 2025

മുങ്ങിമരണം നിയന്ത്രിക്കാൻ മൈൽസ്റ്റോൺ സ്വിമ്മിങ്ങ് പ്രമോട്ടിങ് ചാരിറ്റബിൾ സൊസൈറ്റി, ഫൊക്കാന, വൈക്കം നഗരസഭ എന്നിവരുടെ നേതൃത്വത്തിൽ നീന്തൽ പരിശീലന ക്യാംപിന് സമാപനം

വൈക്കം : മുങ്ങി മരണങ്ങളെ നിയന്ത്രിക്കാൻ മൈൽസ്റ്റോൺ സ്വിമ്മിങ് പ്രമോട്ടിങ് ചാരിറ്റബിൾ : സൊസൈറ്റിയും ഫൊക്കാനയും സംയുക്തമായി വൈക്കം പെരുമ ശേരിയിൽ ജൂൺ 22 മുതൽ നട ത്തിവന്ന കുട്ടികൾക്കായുള്ള നീ ന്തൽ പരിശീലന ക്യാംപിന്റെ സമാപനവും സർട്ടിഫിക്കറ്റ് വിത രണവും പരിശീലനം ലഭിച്ചവരു ടെ നീന്തൽ പ്രകടനവും നടത്തി.

വൈക്കം നഗരസഭ, ഡൽഹി യിൽ താമസക്കാരായ വൈക്കം സ്വദേശികളുടെ സംഘടനയായ ഡൽഹി-വൈക്കം സംഗമത്തി ന്റെ പിന്തുണയോടെയാണ് പരി ശീലനം നടത്തിയത്.

കേരള സർക്കാരിന്റെ ഡൽഹി യിലെ പ്രതിനിധി പ്രഫ. കെ.വി. തോമസ് കുട്ടികളുടെ നീന്തൽ പ്രകടനം ഫ്ലാഗ് ഓഫ് ചെയ്തു. ഫൊക്കാന കേരള കൺവൻഷനോട് അനുബന്ധിച്ചു നടന്ന ചട ങ്ങിൽ ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി അധ്യക്ഷത വഹിച്ചു.





വൈക്കം നഗരസഭാധ്യ ക്ഷ പ്രീത രാജേഷ്, മുഖ്യ പരിശീ ലകനും സാഹസിക നീന്തൽ താ രവുമായ എസ്.പി.മുരളീധരൻ, സൊസൈറ്റി വൈസ് പ്രസിഡന്റ് മാമ്പുഴക്കരി വി.എസ്.ദിലീപ് കു മാർ, ഫൊക്കാന ജനറൽ സെക്ര ട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ഡൽ: ഹി വൈക്കം സംഗമം പ്രതിനിധി ഡോ. ടി.ഒ.തോമസ്, അർത്തു ങ്കൽ ഫെസ്റ്റ് ചെയർമാൻ ബാ ബു ആന്റണി, ഡോ. ആർ.പൊ ന്നപ്പൻ, സോമോൻ സക്കറിയ എന്നിവർ പ്രസംഗിച്ചു

സെലിബ്രിറ്റി നീന്തൽ പരിശീല കനും, ഹിന്ദി മറാത്തി ബോളിവു : ഡ് നടനുമായ ആനന്ദ് പർദേശി, തിരക്കഥാകൃത്ത് സുനീഷ് വാര നാട്, നടൻ ബാബു ജോസ് നർത്തകി സുഭദ്രാ നായർ, സാമൂ ഹിക പ്രവർത്തക സ്നേഹ കു മാർ ജൊനാരിൻ എം.ഡി ഏബ്ര ഹാം ജോസഫ് ഫൊക്കാന കേരള കോ ഓർഡിനേറ്റർ സു നിൽ പാറയ്ക്കൽ, ഭാരവാഹിക ളായ ജോജി തോമസ്,ജോർജി വർഗീസ്,പ്രവീൺ തോമസ്,വി പിൻ രാജ്,ഡോ .പി.സി ചന്ദ്ര ബോസ്, കെ.കെ ഗോപിക്കുട്ടൻ, ഷിഹാബ് കെ.സൈനു, പിആർഒ ആർ.രാഖി എന്നിവർ കുട്ടികൾ ക്ക് സർട്ടിഫിക്കറ്റും മെഡലുകളും നൽകി.



ഡോ.മാത്യൂസ് കെ. ലൂക്കോസ് മന്നിയോട്ട് കേരള ഗവൺമെന്റ് NRI കമ്മീഷൻ അംഗമായി ചുമതലയേറ്റു.



ഡാളസ് / തിരുവനന്തപുരം :ഡാളസ്സിൽ നിന്നുള്ള പ്രവാസിയും കേരള കോൺഗ്രസ്സ് (എം) സംസ്ഥാന കോ-ഓർഡിനേറ്ററും സ്റ്റിയറിംഗ് കമ്മിറ്റി അംഗവു മായ:ഡോ.മാത്യൂസ് കെ. ലൂക്കോസ് മന്നിയോട്ട് കേരള ഗവൺമെന്റ് NRI കമ്മീഷൻ അംഗമായി ചുമതലയേറ്റു

പുനസംഘടിപ്പിച്ച ആറംഗ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനിൽ ജസ്റ്റിസ് (റിട്ട) സോഫി തോമസ്സ് ചെയർപേഴ്സണായുള്ള കമ്മീഷനിൽ പി.എം ജാബിർ, ഡോ. മാത്യൂസ് കെ ലൂക്കോസ്, എം.എം നയീം, ജോസഫ് ദേവസ്സ്യ പൊൻമാങ്കൽ, എൻ. ആർ.ഐ (കെ) കമ്മീഷൻ സെക്രട്ടറി (ജയറാം കുമാർ ആർ) എന്നിവരാണ് അംഗങ്ങൾ.

ചെയർപേഴ്സൺ ജസ്റ്റിസ് (റിട്ട) സോഫി തോമസ്സ് 2021 മുതൽ 2025ഫെബ്രുവരി വരെ കേരള ഹൈക്കോടതി ജസ്റ്റിസായിരുന്നു. എറണാകുളം ജില്ലയിലെ മൂവാറ്റു പുഴ സ്വദേശിയാണ്.

ഡോ. മാത്യൂസ് കെ. ലൂക്കോസ് മന്നിയോട്ട് അന്താരാഷ്ട്ര മോട്ടി വേഷണൽ സ്പീക്കർ, സൈക്കോള ജിസ്റ്റ്, പ്രശസ്ത കോഫി വിത്ത് ലൂക്ക് ടോക് ഷോ പ്രൊഡ്യൂസർ, മാധ്യമ പ്രവർത്തകൻ, എഴുത്തുകാരൻ, പബ്ലിഷർ, കേരള ട്രിബ്യൂൺ ചെയർമാൻ, ലോക കേരള സഭാഗം എന്നീ നിലകളിൽ പ്രശസ്തനും സെർവ് ഇന്ത്യ, ഗാർഡൻ ഓഫ് ലൈഫ് എന്നീ പ്രസ്ഥാനങ്ങളുടെ സ്ഥാപകനുമാണ്. ലീഡർഷിപ്പ്, മെന്റൽ ഹെൽത്ത് എന്നീ മേഖലകളിൽ അഞ്ചോളം പുസ്തകങ്ങൾ പ്രസിദ്ധീ കരിച്ചിട്ടുണ്ട്. കൊല്ല ജില്ലയിലെ കൊട്ടാരക്കര വേങ്ങൂർ സ്വദേശിയാണ്.

പ്രവാസി ഭാരതീയരായ കേരളീയരുടെയും അവരുടെ കുടുംബത്തിന്റെയും അവകാശങ്ങള് സംരക്ഷിക്കുക, പ്രവാസി കേരളീയരുടെ കേരളത്തിലുള്ള സ്വത്തുക്കൾക്ക്, നിക്ഷേപങ്ങള്ക്ക് സംര ക്ഷണം ഉറപ്പാക്കുക, അനധികൃത വിദേശ തൊഴില് റിക്രൂട്ട്മെന്റുകളിന് മേല് നടപടി സ്വീകരിക്കുക തുടങ്ങിയ വയാണ് കമ്മീഷന്റെ പ്രധാന ചുമത ലകള്. പ്രവാസികളുടെ പരാതികളി ന്മേലും ചില സന്ദര്ഭങ്ങളില് സ്വമേധ യായും കമ്മീഷന് ഇടപെടുന്നു. പരാതി കള് പരിഗണിക്കുവാന് കമ്മീഷന് നിശ്ചിത ഇടവേളകളില് സംസ്ഥാന ത്തുടനീളം സിറ്റിംഗുകളും/അദാ ലത്തുകളും നടത്തി പരാതികളിൽ നടപടി സ്വീകരിക്കും.

യുഎസ് നിർമ്മിച്ച 6,500 കിലോ ഭാരമുള്ള ഉപഗ്രഹം വിക്ഷേപിക്കാൻ ഇന്ത്യ തയ്യാറെടുക്കുന്നു.

ഡൽഹി • വർഷങ്ങൾക്ക് മുൻപ് യുഎസ് നൽകിയ ചെറിയ റോക്കറ്റ് ഉപയോഗിച്ച് ബഹിരാകാശ യാത്ര ആരംഭിച്ച ഇന്ത്യ, അടുത്ത രണ്ട് മാസത്തിനുള്ളിൽ യുഎസ് നിർമിച്ച 6,500 കിലോഗ്രാം ഭാരമുള്ള ആശയവിനിമയ ഉപഗ്രഹം വിക്ഷേപിക്കാൻ ഒരുങ്ങുകയാണെന്ന് ഐഎസ്ആർഒ ചെയർമാൻ വി. നാരായണൻ അറിയിച്ചു.

ജൂലൈ 30ന് ജിഎസ്എൽവി-എഫ്16 റോക്കറ്റിൽ നാസ-ഐഎസ്ആർഒ സിന്തറ്റിക് അപ്പേർച്ചർ റഡാർ (നൈസർ) ദൗത്യം വിജയകരമായി വിക്ഷേപിച്ചതിനു പിന്നാലെ, യുഎസിനായി മറ്റൊരു ഉപഗ്രഹം കൂടി വിക്ഷേപിക്കുമെന്ന് അദ്ദേഹം പൊതുപരിപാടിയിൽ വ്യക്തമാക്കി. 1963ൽ ഐഎസ്ആർഒ സ്ഥാപിതമായപ്പോൾ ഇന്ത്യ വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ആറു മുതൽ ഏഴ് വർഷം പിന്നിലായിരുന്നുവെന്നും, അതേ വർഷം യുഎസ് ചെറിയൊരു റോക്കറ്റ് സംഭാവന ചെയ്തുവെന്നും അദ്ദേഹം ഓർത്തു.

1975ൽ യുഎസിൽ നിന്നുള്ള ഉപഗ്രഹ ഡാറ്റ ഉപയോഗിച്ച് ആറ് സംസ്ഥാനങ്ങളിലെ 2,400 ഗ്രാമങ്ങളിലായി 2,400 ടെലിവിഷൻ സെറ്റുകൾ സ്ഥാപിച്ചുകൊണ്ട് ഐഎസ്ആർഒ വലിയ മുന്നേറ്റം നേടിയതായി അദ്ദേഹം പറഞ്ഞു. ജൂലൈ 30 ഇന്ത്യൻ ബഹിരാകാശ ചരിത്രത്തിലെ ഒരു പ്രധാന ദിനമായിരുന്നുവെന്നും, നൈസർ ലോകത്ത് ഇതുവരെ നിർമിച്ച ഏറ്റവും ചെലവേറിയ ഉപഗ്രഹമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യുഎസിൽ നിന്നുള്ള എൽ-ബാൻഡ് എസ്എആർ പേലോഡും, ഐഎസ്ആർഒ നൽകിയ എസ്-ബാൻഡ് പേലോഡും ഉൾപ്പെടുന്ന നൈസർ ഉപഗ്രഹം ഇന്ത്യൻ ജിഎസ്എൽവി റോക്കറ്റ് കൃത്യമായി ഭ്രമണപഥത്തിൽ എത്തിച്ചു. ഇന്ന് ഇന്ത്യ വികസിത രാജ്യങ്ങളുമായി തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുന്നുവെന്നും നാരായണൻ അഭിപ്രായപ്പെട്ടു.കഴിഞ്ഞ 50 വർഷങ്ങൾക്കിടെ, സ്വന്തമായി ഉപഗ്രഹ സാങ്കേതികവിദ്യ ഇല്ലാതിരുന്ന അവസ്ഥയിൽ നിന്ന് ഇന്ത്യ 34 രാജ്യങ്ങളുടെ 433 ഉപഗ്രഹങ്ങൾ സ്വന്തം റോക്കറ്റുകൾ ഉപയോഗിച്ച് വിക്ഷേപിച്ചുവെന്നതാണ് ഐഎസ്ആർഒ ചെയർമാൻ എടുത്തുകാട്ടിയത്.





FOKANA CONVENTION 2025

പ്രസിദ്ധ കാൻസർ സർജൻ ഡോ.ജോജോ ജോസഫിന് ഫൊക്കാനയുടെ ആദരവ്



കോട്ടയം: പ്രസിദ്ധ കാൻസർ സർജൻ ഡോ.ജോജോ ജോസഫിന് ഫൊക്കാനയുടെ ആദരവ് .കോട്ടയം കുമരകം ഗോകുലം ഗ്രാന്റ് റിസോർട്ടിൽ സമാപന സമ്മേളനത്തോടനുബന്ധിച്ചു ലളിതമായ ചടങ്ങിൽ ഫൊക്കാനയ്ക്ക് വേണ്ടി മാധ്യമ പ്രവർത്തകൻ അനിൽ അടൂർ പൊന്നാടയണിയിച്ചു ആദരിച്ചു .ഫൊക്കാനയുടെ പുരസ്കാരം ഫൊക്കാനപ്രസിഡന്റ് ഡോ.സജിമോന് ആന്റണി സമ്മാനിച്ചു .ഫൊക്കാനയുടെ മെഡിക്കൽ കാർഡ് അംഗീകരിച്ച ഹോസ്പിറ്റല് ആണ് കോട്ടയം കാരിത്താസ് . ഹോസ്പിറ്റല് സർജിക്കൽ ഓങ്കോളജി കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട്കോട്ടയം & ഇന്ദിരാഗാന്ധി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കൊച്ചി കാൻസർ സീനിയർ കോൺസൾറ്റൻറ് ആയ ഡോ. ജോജോ. വി ജോസഫ് കോട്ടയം സ്വദേശിയാണ് .

ദക്ഷിണേന്ത്യയിലെ പ്രശസ്തനും മുതിർന്നതുമായ സർജിക്കൽ ഓങ്കോളജിസ്റ്റുകളിൽ ഒരാളാണ് അദ്ദേഹം . കാരിത്താസ് ഹോസ്പിറ്റലിൽ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിക്കുന്നതിന് പിന്നിലെ ശക്തമായ സ്തംഭങ്ങളില് ഒരാളായിരുന്നു അദ്ദേഹം.

ഇന്ത്യയിലും വിദേശത്തുമായി 14000-ത്തിലധികം വിജയകരമായ കാൻസർ ശസ്ത്രക്രിയകളുടെ ശ്രദ്ധേയമായ റെക്കോർഡ് അദ്ദേഹത്തിനുണ്ട്. ഇതുവരെ 20000-ത്തിലധികം കാൻസർ രോഗികളെ അദ്ദേഹം ചികിത്സിച്ചു. തല, കഴുത്ത് കാൻസർ ശസ്ത്രക്രിയകൾ – റിസക്ഷന് ആന്ഡ് റീകണ്സ്ട്രക്ഷന്, സ്തനാർബുദ ശസ്ത്രക്രിയകൾ, സ്തന സംരക്ഷണ, റാഡിക്കൽ സർജറികളും പുനർനിർമ്മാ ണങ്ങളും, ഗൈനക്കോളജിക്കല് കാൻസർ ശസ്ത്രക്രിയകൾ, അന്നനാളം, ആമാശയം, വൻകുടൽ, മലാശയം, ശ്വാസകോശ കാൻസർ ശസ്ത്രക്രിയകൾ എന്നിവയ്ക്കുള്ള ജിഐടി കാൻസർ ശസ്ത്രക്രിയകൾ എന്നിവയാണ് അദ്ദേഹത്തിന്റെ മേഖലകൾ.

1991-ല് കോട്ടയം മെഡിക്കൽ കോളേജിൽ നിന്ന് എംബിബിഎസ് ബിരുദം നേടിയ അദ്ദേഹം ജാംനഗറിലെ എംപി ഷാ മെഡിക്കൽ കോളേജിൽ നിന്ന് ജനറൽ സര്ജറിയില് എംഎസ് നേടി.1999-ല് ഗുജറാത്ത് കാൻസർ & റിസർച്ച് ഇന്സ്റ്റിറ്റ്യൂട്ട് ബിജെ മെഡിക്കൽ കോളേജിൽ നിന്ന് ഓങ്കോളജി സര്ജറിയില് (സർജിക്കൽ ഓങ്കോളജി) എംസിഎച്ച് നേടി.

കൂടാതെ,ജിസിആർഐ അഹമ്മദാബാദിൽ സർജിക്കൽ ഓങ്കോളജിയിൽ ഫെലോഷിപ്പ് നേടി. മിനിമല് ആക്സസ് സർജറിയിലും ഫെലോഷിപ്പ് പൂർത്തിയാക്കി. കേരളത്തിലെ ഏറ്റവും മുതിർന്നഎംസിഎച്ച് യോഗ്യതയുള്ള ഓങ്കോ സർജനുകളിൽ (സർജിക്കൽ ഓങ്കോളജിസ്റ്റ് ഒരാളാണ് അദ്ദേഹം.കാൻസർ പരിചരണത്തിൽ അദ്ദേഹത്തിന്റെ ലക്ഷ്യം രോഗികൾക്ക് കൂടുതൽകാലം ജീവിക്കാനും, മെച്ചപ്പെട്ട ജീവിതം നയിക്കാനും, ജീവിത നിലവാരം മെച്ചപ്പെടുത്താനും സഹായിക്കുക എന്നതാണ്. സർജിക്കൽ ഓങ്കോളജി ഗവേഷണത്തിലും ചികിത്സയിലും മികവിന്റെ ഒരു മാതൃകയാണ് അദ്ദേഹം .

മാതൃഭാഷയെ ഓർമ്മിപ്പിച്ച ദിനം: 'ഭാഷയ്ക്കൊരു ഡോളർ' ഫൊക്കാനയുടെ മലയാളം സ്നേഹപൂർണ സ്മരണം

കോട്ടയം : "മാതൃഭാഷക്ക് ആദരം, അഭിമാനത്തിൻറെ വഴിയൊരുക്കി" എന്ന ആശയവുമായി മുന്നേറുന്ന 'ഭാഷയ്ക്കൊരു ഡോളർ' പരിപാടി, ഇത്തവണത്തെ ഫൊക്കാന കേരള കണ്വന്ഷനിൽ ഓഗസ്റ്റ് 2-ന് നടത്തപ്പെടും. മദ്ധ്യാഹ്നം 1 മുതൽ 2 വരെ, കുമരകത്തെ ഗോകുലം ഗ്രാന്റ് ഫൈവ് സ്റ്റാർ റിസോർട്ടിലെ ശബരി ഹാളിലാണ് പരിപാടി.

മലയാളം ഭാഷയിലും സാഹിത്യത്തിലും ഗവേഷണം നടത്തിയവർക്കായി നൽകുന്ന ഈ അവാർഡ്, 2023 ഡിസംബർ 1 മുതല് 2024 നവംബർ 30 വരെയുള്ള കാലയളവിൽ കേരളത്തിലെ വിവിധ സർവകലാശാലകളിൽ നിന്നുള്ള ഏറ്റവും മികച്ച പി.എച്ച്.ഡി പ്രബന്ധം കണ്ടെത്തിയാണ് നൽകുന്നത്. 50,000 രൂപയാണ് സമ്മാനമായി ലഭിക്കുക. എല്ലാ തെരഞ്ഞെടുപ്പു നടപടികളും കേരള സർവകലാശാലയാണ് നേരിട്ട് നിയന്ത്രിക്കുന്നത്, ഫൊക്കാന മുഴുവൻ ചെലവും വഹിക്കുന്നു.

മാതൃഭാഷയ്ക്ക് നല്കുന്ന ആദരമായാണ് ഈ പദ്ധതിയെ ഫൊക്കാന അവതരിപ്പിക്കുന്നത്. ഇത് ഏറെക്കാലമായി നിശ്ചലതയില്ലാതെ തുടരുന്ന പ്രവാസി മലയാളികളുടെ മാതൃഭാഷാ സ്നേഹത്തിന്റെ ഉദാത്ത ഉദാഹരണവുമാണ്. 1991-ൽ വാഷിങ്ടൺ ഡി.സി-യിൽ നടന്ന ഫൊക്കാന കണ്വന്ഷനില് അന്നത്തെ പ്രസിഡന്റ് ആയ പാർത്ഥസാരഥി പിള്ളയുടെ നേതൃത്വത്തിലാണ് ഈ പദ്ധതി ആരംഭിച്ചത്.

ഫൊക്കാനയുടെ മുൻ പ്രസിഡന്റ് ജോർജി വർഗീസ് ഇപ്പോൾ പുരസ്കാര സമിതിയുടെ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു. ഓരോ രണ്ടു വർഷത്തേക്കും നടപ്പാക്കപ്പെടുന്ന ഈ മലയാളം പുരസ്കാരം, പുതിയ തലമുറയ്ക്ക് മാതൃഭാഷയോടുള്ള അഭിമാനം വളർത്താനും സംസ്കാരപരമായ ബന്ധം ശക്തിപ്പെടുത്താനും സഹായിക്കുന്നതായും പങ്കെടുത്തവർ പറയുന്നു.

മലയാളത്തോട് ഉള്ള സ്നേഹവും പഠനത്തോടുള്ള പ്രതിബദ്ധതയും ഇത്തരം പദ്ധതികളിലൂടെ നിലനിർത്തുകയാണ് ഫൊക്കാനയുടെ ലക്ഷ്യം.







FOKANA CONVENTION 2025

അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്ത ഫൊക്കാന സാഹിത്യഘോഷം മലയാള മനസ്സുകൾ കീഴടക്കി









കോട്ടയം: ഫൊക്കാനയുടെ കേരള കണ്‍വന്‍ഷന് മലയാള സാഹിത്യത്തിന് നല്കിയ സ്നേഹോപഹാരമായിരുന്നു സഹൃദയരുദ്ധമായ സാഹിത്യ സെമിനാര്. കുമരകം ഗോകുലം ഗ്രാന്‍ഡ് റിസോര്‍ട്ടിലെ ശബരി ഹാളില് നടന്ന സംഗമത്തില് 'മലയാള സാഹിത്യവും പുതിയ കാഴ്ചപ്പാടുകളും' എന്നതായിരുന്നു ചര്‍ച്ചാവിഷയം.

ഫൊക്കാനയും മലയാള സാഹിത്യവും പരസ്പരമായി വളര്‍ന്ന് വരുന്ന ബന്ധമാണെന്ന് ഫൊക്കാന പ്രസിഡന്റ് സജിമോന് ആന്റണി പറഞ്ഞു. സാഹിത്യം ഹൃദയത്തിന്റെ സഹായത്തോടെ മാത്രം നിര്‍വ്വഹിക്കാവുന്ന ദൗത്യമാണെന്നും ജീവിതം ഒരു സാഹിത്യാനുഭവമാണെന്നും പരിപാടി ഉദ്ഘാടനം ചെയ്ത പ്രശസ്ത സംവിധായകന് അടൂര് ഗോപാലകൃഷ്ണന് പറഞ്ഞു.

എഴുത്ത് വായനക്കാരുമായുള്ള ആത്മബന്ധമാണെന്നും അത് പുതുമയോടെയും ഒറിജിനാലിറ്റിയോടെയും മുന്നോട്ട് കൊണ്ടുപോകണം എന്നും അദ്ദേഹം പറഞ്ഞു. നല്ല മലയാളത്തിലെ എഴുത്തിന്റെ ഉത്തരവാദിത്വം എല്ലാവര്‍ക്കും ഉണ്ടെന്ന് മലയാള മനോരമ മുന് എഡിറ്റര് ജോസ് പനച്ചിപ്പുറം വ്യക്തമാക്കി.

അമേരിക്കയിലെ മലയാളികള്‍ക്കിടയില് ശക്തമായ സാഹിത്യാഘോഷമാണ് നടക്കുന്നതെന്നും അവരുടെ വായനക്കാഴ്ചപ്പാട് വളരെ സമഗ്രമാണെന്നും പ്രമുഖ കവയത്രി ഡോ. പ്രമീള ദേവി പറഞ്ഞു. സാഹിത്യം മരിക്കുന്നില്ല, മറിച്ച് തുടര്‍ന്നുള്ള പുനര്‍ജ്ജീവനത്തിലൂടെയാണ് അതിന്റെ ജനനമെന്നും അവര് ചൂണ്ടിക്കാട്ടി.

2025-ലെ ഫൊക്കാന സാഹിത്യപുരസ്കാരങ്ങള് അടൂര് ഗോപാലകൃഷ്ണന് വിതരണം ചെയ്തു. ജി.ആര് ഇന്ദുഗോപന്റെ 'ആനോ', വര്‍ഗീസ് അങ്കമാലിയുടെ 'പടക്കം', നാലപ്പാടം പത്മനാഭന്റെ 'കാവ്യപ്രകാശം', വിജയകൃഷ്ണന്റെ 'ശിവപുരത്തെ ശാന്തിക്കാരന്' എന്നിവയ്ക്ക് അവാര്‍ഡ് ലഭിച്ചു. പുതുയുവ എഴുത്തുകാരായ അഭിനാഷ് തുണ്ടുമണ്ണില്, എന്.എസ്. സുമേഷ്കൃഷ്ണന്, ഫെബിന, ജസീന റഹിം എന്നിവര്‍ക്കും പ്രത്യേക പുരസ്കാരങ്ങള് നല്കി.

സരോജവര്‍ഗീസിന്റെ 'കമലദളങ്ങള്', ഡോ.ജി. ശ്രീകുമാര് മേനോന്റെ 'ഡ്രഗ്സ് ആര് നോട്ട് കാന്‍ഡീസ് ആന്റ് ചോക്ലേറ്റ്സ്' തുടങ്ങിയ കൃതികളും ചടങ്ങില് പ്രകാശനം ചെയ്തു. മലയാള സാഹിത്യത്തിന്റെ പുതിയ താളമാണ് ഫൊക്കാനയുടെ ഈ സാഹിത്യ സൃഷ്ടികള് വീണ്ടും മുന്നോട്ടുവെയ്ക്കുന്നത് എന്നാണ് ചടങ്ങില് പങ്കെടുത്തവര് അഭിപ്രായപ്പെടുന്നത്.





FOKANA CONVENTION 2025

ജീവിതത്തിന് പുതിയ കാൽവഴികൾ: ഫൊക്കാന-ലൈഫ് ആൻഡ് ലിംബ് ചേർന്ന് നൽകിയ കൃത്രിമകാലുകൾ മഹത്തായ മനുഷ്യസ്നേഹത്തിന്റെ തെളിവായി




കോട്ടയം:മനുഷ്യസ്നേഹത്തിന്റെയും ജീവകാരുണ്യത്തിന്റെയും അതുല്യ ഉദാഹരണമായി ഫൊക്കാനയും 'ലൈഫ് ആന്ഡ് ലിംബ് ചാരിറ്റബിള് സൊസൈറ്റിയും' ചേര്ന്ന് നടത്തിയ കൃത്രിമകാല് വിതരണം വലിയ ഹൃദയസ്പര്ശിയായ അനുഭവമായി. കുമരകത്ത് നടന്ന കേരള കണ്വന്ഷനില് നടന്ന ഈ കാല് വിതരണ ചടങ്ങ് ആയിരങ്ങളുടെ മനസ്സില് അതുറച്ച് നീണ്ടുനില്ക്കുന്ന പ്രതീക്ഷയുടെ സന്ദേശമായി.
അമേരിക്കയിലെ മലയാളിയായ ജോണ്സണ് സാമുവലിന്റെ നേതൃത്വത്തിലുള്ള പദ്ധതിയിലൂടെ നിരവധി പേര്ക്കാണ് പുതിയ കാലുകള് ലഭിച്ചത്. മുന് വൈസ് ചാന്സലറും ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷന് അംഗവുമായ ഡോ. സിറിയക് തോമസ്, മാന്ത്രികന് ഗോപിനാഥ് മുതുകാട്, മുന് എം.എല്.എ രാജു എബ്രഹാം, അഡ്വ. വര്ഗീസ് മാമന്, ഫൊക്കാന മുന് പ്രസിഡന്റ് പോള് കറുകപ്പള്ളില്, മാമന് സി. ജേക്കബ് എന്നിവര് ചടങ്ങില് പങ്കെടുത്തു.

കാല് നഷ്ടപ്പെട്ടവരുടെ കണ്ണുകളില് സംശയം നിറഞ്ഞു നിന്നപ്പോള്, ഈ കൃത്രിമമായ കാലുകള് ഉറച്ച വിശ്വാസവുമായി അവരെ പുതിയ ജീവിതത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഇത് വെറും കൃത്രിമകാലുകളല്ല, സ്നേഹവും കരുതലും നിറഞ്ഞ മനുഷ്യമനസ്സിന്റെ കൈത്താങ്ങാണ് – എന്ന് ഡോ. സിറിയക് തോമസ് ഏറ്റുപറഞ്ഞു. "ഇദ്ദേഹം സാമുവല് അല്ല, സാമുവല് ദ ഗ്രേറ്റ് ആണു" എന്നും അദ്ദേഹം അനുഭവപൂര്വ്വം പറഞ്ഞു.
ഫൊക്കാന പ്രസിഡന്റ് സജിമോന് ആന്റണി ഇതൊക്കെയെല്ലാം ദൈവാനുഗ്രഹമായാണ് പരിഗണിക്കുന്നത് എന്ന് പറഞ്ഞു. ജീവന് വെറുതെയായെന്ന് തോന്നിയവരുടെ ജീവിതങ്ങള്ക്ക് വീണ്ടും ദിശയുള്ള വഴി നല്കിയതിന് ഫൊക്കാനയും അവകാശ ബോധത്തോടെ ഒപ്പം നിന്നു.

മാവേലിക്കരയിലെ വെട്ടിയാര് സ്വദേശിയായ ജോണ്സണ് സാമുവല്, നാല് പതിറ്റാണ്ടിലേറെയായി അമേരിക്കയിലെ ന്യൂയോര്ക്കില് താമസിക്കുന്നു. 2011ല് ഒരു സന്ദര്ശനത്തിനിടെ കാല് നഷ്ടപ്പെട്ട ഒരു യുവാവിനെ കണ്ടപ്പോള് അതു അദ്ദേഹത്തെ ഭയങ്കരമായി സ്വാധീനിച്ചു. അതോടെ ദാരിദ്ര്യത്തിലും ക്ഷാമത്തിലും കഴിയുന്നവരെ സഹായിക്കേണ്ടതിന്റെ പ്രേരണയോടെ അദ്ദേഹം മുന്നോട്ട് വന്നു.

ജര്മനിയിലെ കൃത്രിമ അവയവ നിര്മാണ കമ്പനിയായ ഓട്ടോബൂക്കുമായി സഹകരിച്ച്, തന്റെ പണവും സമയവും നല്കി 2014ല് 'ലൈഫ് ആന്ഡ് ലിംബ്' സൊസൈറ്റിക്ക് തുടക്കം കുറിച്ചു. തുടക്കം 20 പേരെ സഹായിച്ചുകൊണ്ടാണ്. ഇന്നുവരെ 344 പേര്ക്ക് അദ്ദേഹം കൃത്രിമകാലുകള് സൗജന്യമായി നല്കി.

ഇവര്ക്കെല്ലാം തന്നെ ഇപ്പോള് സ്വന്തം കാലിലാണ് നടന്നത് പോലുള്ള ജീവിതം. സന്തോഷവാന്മാരായി, ആത്മവിശ്വാസത്തോടെ, സ്വയം പടിയേറ്റുപോകുന്നവരായി ഇവര് മാറിയിട്ടുണ്ട്.
ഈ പദ്ധതി ഫൊക്കാന കേരള കണ്വന്ഷനില് പങ്കെടുത്തവര്ക്ക് അതിമനോഹരമായ അനുഭവമായി മാറി. ഒരാള് തുടങ്ങുമ്പോള് നൂറ് കൈകളാകുന്ന, അതിലൂടെ നൂറായിരങ്ങള്ക്ക് കാല്വഴികള് കിട്ടുന്നൊരു മഹത്തായ യാത്രയായിരുന്നു ഇത്.









FOKANA CONVENTION 2025















GLOBAL COLLISION
& BODY WORKS LLC

AUTO BODY SERVICES

- Painting & Auto Body Work
- Wet Sanding & Detailing
- ADAS Calibration
- Windshield & Glass Replacement
- Towing Services

Electric & Hybrid Vehicle Auto Body and Collision Experts

Sensor and Radar Systems Experts

Complete Restoration Services Offered





CONTACT US 845- 727-4022

333 Rte 9W, Congers, NY 10920

Mon - Fri 9:00 AM - 6 PM
Sat 9:00 AM - 1:00 PM
Sun Closed

KERALA TIMES
കേരള ടൈംസ്
AUGUST 2025 WWW.KERALATIMES.COM news@keralatimes.com

റോക്ക്‌ലാൻഡിൽ ഇന്ത്യാ ദിന പരേഡ്: ദേശസ്നേഹത്തിന്റെ വർണ്ണോത്സവം







ന്യൂയോർക്ക് : ഇന്ത്യൻ കൾച്ചറൽ സൊസൈറ്റി ഓഫ് റോക്ക്‌ലാൻഡിന്റെ (ഐ.സി.എസ്.ആർ) ആഭിമുഖ്യത്തിൽ ന്യൂ സിറ്റിയിൽ സംഘടിപ്പിച്ച ഇന്ത്യാ ദിന പരേഡ് ദേശസ്നേഹത്തിന്റെ നിറവിൽ നടന്നു. ന്യൂ സിറ്റി ലൈബ്രറിയിൽ നിന്നാരംഭിച്ച പരേഡ് കൗണ്ടി കോർട്ട് മുന്നിൽ സമാപിച്ചു.

ഇന്ത്യൻ വസ്ത്രങ്ങളിൽ അണിഞ്ഞ് എത്തിയ ജനക്കൂട്ടം “ഭാരത മാതാ കീ ജയ്”, “വന്ദേമാതരം” മുദ്രാവാക്യങ്ങളുയർത്തി മാർച്ച് ചെയ്തു. ചെണ്ടമേളത്തിന്റെ മുഴക്കം ആഘോഷത്തിന് കരുത്തേകി. അശ്വാരൂഢരായ പോലീസ് പരേഡിന് മുന്നൊരുക്കമായി.

ഫൊക്കാന, ഹഡ്സൺ വാലി മലയാളി അസോസിയേഷൻ തുടങ്ങി വിവിധ മലയാളി സംഘടനകളും പങ്കുചേർന്നപ്പോൾ, റോക്ക്‌ലാൻഡ് കൗണ്ടി ടൂറിസവും പരേഡിന് പിന്തുണ നൽകി.

കൗണ്ടി കോർട്ട് മുൻവേദിയിൽ ഐ.സി.എസ്.ആർ പ്രസിഡന്റ് അൽക ഷാ ഇന്ത്യൻ പതാക ഉയർത്തി.

ഇന്ത്യയിൽ നിന്ന് എത്തിയ രാജ്മോഹൻ ഉണ്ണിത്താൻ എം.പി. മുഖ്യാതിഥിയായി പങ്കെടുത്തു. സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം പ്രത്യേകം ചൂണ്ടിക്കാട്ടിയ അദ്ദേഹം പ്രവാസ ജീവിതത്തിലും ഇന്ത്യക്കാർ ദേശസ്നേഹം അചഞ്ചലമായി കാത്തുസൂക്ഷിക്കുന്നതിൽ അഭിമാനമുണ്ടെന്ന് പറഞ്ഞു. സ്വാതന്ത്ര്യസമര സേനാനികൾക്കും ജീവൻ ബലിയർപ്പിച്ചവർക്കും അദ്ദേഹം ആദരാഞ്ജലി അർപ്പിച്ചു.


കേരള ടൈംസ് മാനേജിംഗ് ഡയറക്ടറും മുൻ ഫൊക്കാന പ്രസിഡന്റുമായ ശ്രീ. പോൾ കറുകപ്പള്ളിലും മുഖ്യാതിഥിയായി എത്തിയ എം.പി. രാജ്മോഹൻ ഉണ്ണിത്താനും “യാത്ര”യിൽ പങ്കുചേർന്ന് പ്രവാസി സമൂഹത്തെ ഒന്നിപ്പിച്ച മഹത്തായ ആഘോഷത്തിന് സാന്നിധ്യത്താൽ നിറം പകർന്നു.

റോക്ക്‌ലാൻഡ് കൗണ്ടി എക്സിക്യൂട്ടീവ് എഡ് ഡേ, ക്ലാർക്സ്ടൗൺ ടൗൺ സൂപ്പർവൈസർ ജോർജ്ജ് ഹോമൻ, സ്റ്റേറ്റ് സെനറ്റർ ബിൽ വെബ്ബർ, കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോൾ എന്നിവരും സന്ദേശം നൽകി. ഓഗസ്റ്റ് 15-നെ റോക്ക്‌ലാൻഡ് കൗണ്ടിയിൽ ഇന്ത്യാ ദിനമായി പ്രഖ്യാപിക്കുന്ന പ്രോക്ലമേഷൻ ഡോ. ആനി പോൾ വായിച്ചു.

പരേഡ് സമാപനത്തോടെ വിവിധ കലാപരിപാടികളും ഭക്ഷണ വിതരണവും സ്റ്റാളുകളും അരങ്ങേറി. ഇന്ത്യൻ സംസ്കാരത്തിന്റെയും ദേശസ്നേഹത്തിന്റെയും നിറപ്പകിട്ട് പതിഞ്ഞു നിന്ന ആഘോഷം പ്രവാസി സമൂഹത്തെ ഒന്നിപ്പിക്കുന്ന സംഗമമായി മാറി.




Happy
Independence Day
2025


15th August
Happy
Independence Day
On this special day, let's cherish our freedom and strive for peace.
May our nation remain forever free and united.






HAPPY
Independence Day
15TH OF AUGUST





ന്യൂയോർക്കിൽ ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷം; കാസർഗോഡ് എം.പി. രാജ്മോഹൻ ഉണ്ണിത്താൻ മുഖ്യാതിഥി



ന്യൂയോർക്ക് : ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് – യു.എസ്.എ കേരള ചാപ്റ്റർ (ട്രൈ സ്റ്റേറ്റ് ഘടകം) സംഘടിപ്പിച്ച 79-മത് ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുത്ത കാസർഗോഡ് എം.പി. രാജ്മോഹൻ ഉണ്ണിത്താനെ പ്രവാസി സമൂഹം സ്വീകരിച്ചു.

പ്രധാനപ്രഭാഷണത്തിൽ രാജ്മോഹൻ ഉണ്ണിത്താൻ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രം ഓർമ്മിപ്പിച്ചു. ശിപായി ലഹള (sepoy mutiny) മുതൽ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി നടന്ന വിവിധ സമരങ്ങളും പണിമുടക്കുകളും അദ്ദേഹം വിശദീകരിച്ചു. സ്വാതന്ത്ര്യം നേടിയെടുക്കാൻ ത്യാഗം, ഐക്യം, ധൈര്യം എന്നിവ ചേർന്നാണെന്ന് അദ്ദേഹം പറഞ്ഞു. “ഇന്നും ആ മൂല്യങ്ങളാണ് നമ്മുടെ സമൂഹത്തെ മുന്നോട്ടു നയിക്കുന്ന ശക്തി,” എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സ്വാഗതസംസാരത്തിൽ ശ്രീ പോൾ കറുകപ്പിള്ളിൽ (ഫൊക്കാനയുടെ മുൻ പ്രസിഡന്റും , കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടർ) , സ്വാതന്ത്ര്യം നേടിയെടുക്കാൻ മുൻപന്തിയിൽ നിന്ന മഹാന്മാരുടെ ത്യാഗങ്ങളെ ഓർമ്മിക്കുകയും പ്രവാസി സമൂഹവും അതേ ആത്മീയബന്ധത്തോടെ മാതൃഭൂമിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കേണ്ടതുണ്ടെന്നും പറഞ്ഞു. , ലീല മാരിയറ്റ് എന്നിവർ നൽകിയ സന്ദേശങ്ങളിലും, പ്രവാസികൾ ഇന്ത്യയുടെ ജനാധിപത്യത്തിന്റെ ശക്തി വർധിപ്പിക്കുന്നതിനായി പങ്ക് വഹിക്കേണ്ട ഉത്തരവാദിത്വത്തെക്കുറിച്ച് ചൂണ്ടിക്കാട്ടി.

കേരള രാഷ്ട്രീയത്തിൽ ദീർഘകാലമായി സജീവമായ ഉണ്ണിത്താൻ 2019 മുതൽ കാസർഗോഡ് ലോക്സഭാ മണ്ഡലത്തിലെ എംപിയാണ്.

കെപിസിസി സെക്രട്ടറിയായും വക്താവായും പ്രവർത്തിച്ച അദ്ദേഹം, 2019-ൽ സി.പി.എം. നേതാവായ കെ.പി. സതീശ് ചന്ദ്രനെ 40,438 വോട്ടിന് പരാജയപ്പെടുത്തി ലോക്സഭയിൽ പ്രവേശിച്ചു. 2024-ൽ വീണ്ടും മത്സരിച്ചപ്പോൾ സി.പി.എം. ജില്ലാ സെക്രട്ടറി എം.വി. ബാലകൃഷ്ണൻ മാസ്റ്ററെ 1,01,523 വോട്ടിന്റെ ഭൂരിപക്ഷത്തിൽ പരാജയപ്പെടുത്തി വിജയിച്ചു. പൊതുസംവാദങ്ങളിലും ടെലിവിഷൻ ചർച്ചകളിലും മൂർച്ചയുള്ള പ്രതികരണങ്ങളിലൂടെ ശ്രദ്ധേയനായ നേതാവാണ് അദ്ദേഹം.

മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ, സുഭാഷ് ചന്ദ്രബോസ്, മൗലാനാ ആസാദ്, ബി.ആർ. അംബേദ്കർ എന്നിവർ അടക്കമുള്ള മഹാന്മാരുടെ ത്യാഗത്തെ ഓർമ്മിച്ചുകൊണ്ടാണ് സ്വാതന്ത്ര്യദിനാഘോഷം സമാപിച്ചത്.















SAJ EARTH RESORT
& CONVENTION CENTER

SAJ JUNCTION, NEAR COCHIN INTERNATIONAL AIRPORT,
NEDUMBASSERY, COCHIN, KERALA, INDIA – 683572
0484-2611777 sales@sajhotels.com

nihara
resort & spa

















Contact Information
Nihara Resort & Spa
Near Aster Medicity Hospital
Kadamakudy, Kothad South, Kothad
Cochin 682027
Phone Number: +91 484 2434000
Email: info@nihararesort.com

ന്യൂയോർക്കിൽ വടംവലി മാമാങ്കം; ഗ്ലാഡിയേറ്റേഴ്സ് കാനഡ ചാംപ്യന്മാർ

ന്യൂയോർക്ക്: റോക്ക്ലാൻഡ് കൗണ്ടിയിൽ ന്യൂയോർക്ക് സോഷ്യൽ ക്ലബ് സംഘടിപ്പിച്ച അന്താരാഷ്ട്ര വടംവലി മാമാങ്കം കാഴ്ചവിരുന്നാക്കി. ആവേശഭരിതമായ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് ഗ്ലാഡിയേറ്റേഴ്സ് കാനഡയാണ്.



റോബർട്ട് അരീച്ചിറ സ്പോൺസർ ചെയ്ത 5001 ഡോളറും ഉലഹന്നാൻ അരീച്ചിറ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും അവർ സ്വന്തമാക്കി. രണ്ടാം സ്ഥാനത്ത് എത്തിയ കോട്ടയം ബ്രദേഴ്സ് കാനഡയ്ക്ക് റോയ് മറ്റപ്പിള്ളിൽ സ്പോൺസർ ചെയ്ത 3001 ഡോളറും ട്രോഫിയും ലഭിച്ചു.മൂന്നാം സ്ഥാനം നേടിയ കെ.ബി.സി. ബ്ലാക്ക് കാനഡക്ക് മുപ്രാപ്പള്ളിൽ ബ്രദേഴ്സ് സ്പോൺസർ ചെയ്ത 2001 ഡോളറും ട്രോഫിയും ലഭിച്ചു.

അമേരിക്കയ്ക്ക് ആശ്വാസമായ വിജയം ഹ്യൂസ്റ്റൺ ബ്രദേഴ്സിന്റെ നാലാം സ്ഥാനമാണ്. തോമസ് നൈനാൻ സ്പോൺസർ ചെയ്ത 1001 ഡോളറും ട്രോഫിയും അവർക്ക് ലഭിച്ചു.

കാലിന്റെയും കയ്യുടെയും അപാരശക്തി പ്രകടമാക്കുന്ന മത്സരത്തിനെത്തിയ ആബാലവൃദ്ധം ജനങ്ങളുടെ ആവേശവും പങ്കാളിത്തവും ക്നാനായ സെന്റർ ഉത്സവപ്പറമ്പാക്കി. ഉച്ചക്ക് ആരംഭിച്ച മത്സരം രാത്രി പത്ത് മണിവരെ ആവേശപൂർവം തുടരുകയായിരുന്നു.

ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, ജോ. ട്രഷറർ അനുപമ കൃഷ്ണൻ, അടുത്ത പ്രസിഡന്റ് സ്ഥാനാർഥികളായ ബിജു തോണിക്കടവിൽ, മാത്യു വർഗീസ്, സെക്രട്ടറി സ്ഥാനാർഥി അനു സ്കറിയ, വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ പ്രസിഡന്റ് തോമസ് കോശി എന്നിവരുടെ സാന്നിധ്യം ഏറെ ശ്രദ്ധിക്കപ്പെട്ടു.

കാനഡക്കൊപ്പം യുകെ, കുവൈറ്റ്, അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽ നിന്നുള്ള ടീമുകളും മത്സരത്തിൽ പങ്കെടുത്തു.കേരള ടൈംസ് മാനേജിംഗ് ഡയറക്ടറും മുന് ഫൊക്കാന പ്രസിഡന്റുമായ ശ്രീ. പോള് കറുകപ്പിള്ളില്, കടുത്തുരുത്തി എം.എൽ.എ അഡ്വ. മോൻസ് ജോസഫ്, പാലാ എം.എൽ.എ മാണി സി. കാപ്പൻ, ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ ബിൽ വെബർ, റോക്ക്ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോൾ തുടങ്ങിയ പ്രമുഖരും പരിപാടിയിൽ പങ്കാളികളായി.

വടംവലിയോടനുബന്ധിച്ച ഫുഡ് ഫെസ്റ്റിവൽ പുതുമയായി മാറി. വയലിൻ വിദ്വാൻ യെദു കൃഷ്ണന്റെ വയലിൻ ഫ്യൂഷൻ ഷോ, ട്രൈ-സ്റ്റേറ്റ് അക്കാദമിയുടെ ഡാൻസ്, ന്യൂയോർക്ക് സോഷ്യൽ ക്ലബ് അംഗങ്ങളുടെ ഡാൻസ്, ലോങ്ങ് ഐലൻഡ് താളലയം അവതരിപ്പിച്ച ചെണ്ട-ശിങ്കാരിമേളം എന്നിവയും കായികോത്സവത്തിനു നിറം പകർന്നു.

മത്സരത്തിന്റെ മെഗാ സ്പോൺസർ ജിതിൻ വർഗീസ് (സെഞ്ച്വറി 21 റോയൽ) ആയിരുന്നു. കെ.വി.ടിവിയും കേരള വോയിസും മത്സരം തത്സമയം സംപ്രേക്ഷണം ചെയ്തതിനാൽ ലോകമെങ്ങുമുള്ള മലയാളികൾക്ക് പരിപാടി കാണാൻ സാധിച്ചു

ന്യൂയോർക്ക് സോഷ്യൽ ക്ലബ് പ്രസിഡന്റ് റോയ് മറ്റപ്പിള്ളിൽ, വൈസ് പ്രസിഡന്റ് സാജൻ കുഴിപറമ്പിൽ, സെക്രട്ടറി ജിമ്മി പൂഴിക്കുന്നേൽ, ജോയിന്റ് സെക്രട്ടറി ഷിബു എബ്രഹാം, ട്രഷറർ ജോസ്കുട്ടി പൊട്ടംകുഴി, പി.ആർ.ഒ. സിജു ചെരുവൻകാല എന്നിവരടക്കം ബോർഡ് മെംബേഴ്സായ നിബു ജേക്കബ്, ബിജു മുപ്രാപ്പള്ളിൽ, ജോയൽ വിശകന്തര, മനു അരയൻതാനത്തു എന്നിവർ നേതൃത്വത്തിൽ പരിപാടി നടന്നു.

അഞ്ചാം സമ്മാനം ബെർണീ മുല്ലപ്പള്ളി സ്പോൺസർ ചെയ്ത 501 ഡോളറും ട്രോഫിയും, ആറാം സമ്മാനം ഫ്രണ്ട്സ് മ്യൂസിക് കമ്പനി നൽകിയ 501 ഡോളറും ട്രോഫിയും, ഏഴാം സമ്മാനം ലക്സ് ഡിസൈൻസ് ആൻഡ് ഡെക്കർ സ്പോൺസർ ചെയ്ത 501 ഡോളറും ട്രോഫിയും, എട്ടാം സമ്മാനം ഗ്ലോബൽ കോല്ലിഷൻ ന്യൂയോർക്ക് സ്പോൺസർ ചെയ്ത 501 ഡോളറും ട്രോഫിയും ആയി വിതരണം ചെയ്തു.











NEW YORK
SOCIAL CLUB




KOTTAYAM BROTHERS
CANADA


NEW YORK SOCIAL CLUB
TUG OF WAR
2nd Prize




TUG
-OF-
WAR


NEW YORK
SOCIAL CLUB
HOME OF THE RED RAIDERS

2025

NEW YORK SOCIAL CLUB

INTERNATIONAL INTERNATIONAL INTERNATIONAL INTERNATIONAL

TUG OF WAR

SEASON 2

MALABAR GOLD & DIAMONDS

11 AM

VENUE :
ROCKLAND KNANAYA COMMUNITY CENTER
400 WILLOW GROVE ROAD,
STONY POINT NY 10980

23 AUGUST 2025







1ST $5001 Ulahannan Areechirayil Memorial — Robert Areechira	2ND $3001 Annakutty Matttappillil Memorial — Roy Mattappillil	3RD $2001 Chinnamma Muprappallil Memorial — Muprappallil Brothers	4TH $1001 Thomas Ninan sr Memorial — Thomas Ninan
5TH $501 Residential & Commercial Mortgages — Benny Mullappally	6TH $501 Friendz Music Company,NY/NJ — Jerry, Ajith, Sujith	7TH $501 Lux Designs & Decor — 914-648-9573	8TH $501 Global Collision Congers NY — (845)-727-4022

Mega sponsor



Gold sponsor

